VOL NO: 07 | ISSUE 51
www.nerpatham.com
mail@nerpatham.com
2023 DECEMBER 23 | ₹10

# നേർപഥം
വാരിക

# മലയാളി നാസ്തികതയുടെ പെണ്ണവകാശ സംരക്ഷണവും ലിബറൽ ചതിക്കുഴികളും

പെണ്ണവകാശങ്ങളുടെ മൊത്തക്കുത്തക അവകാശപ്പെടുന്നവരാണ് നിരീശ്വരവാദികൾ. കേരളത്തിലാവട്ടെ, തങ്ങളല്ലാത്തവരെല്ലാം പെൺവിരുദ്ധരാണെന്ന മട്ടിലാണിവർ പുലമ്പി നടക്കാറ്. എന്നാൽ കേരള നിരീശ്വരവാദികളുടെ രചനകൾ പരിശോധിച്ചാൽ ഈ രംഗത്തെ അവരുടെ ഇരട്ടത്താപ്പും കാപട്യവും പകൽവെളിച്ചം പോലെ ബോധ്യമാവും



## വിദ്യാഭ്യാസം, രാഷ്ട്രീയം, കലാലയ കലാപം

|| ലഹരി പദാർഥങ്ങൾ; ഇസ്‌ലാം എന്തു പറയുന്നു?

|| വ്യക്തിത്വ വികസനം; ഇസ്‌ലാമിക മാർഗദർശനങ്ങൾ

|| ഇസ്‌ലാമിക സമൂഹങ്ങളിൽ നിന്നും യഹൂദർക്കു ലഭിച്ച സഹിഷ്ണുത

## ഹുസൈൻ സലഫിയുടെ **പ്രകാശം പരത്തിയ പ്രവാചകന്മാർ** എന്ന പുസ്തക പരമ്പരയിലെ **830 രൂപ** വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും **622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

**SCAN & PAY**

BHIM SBI Pay
BHIM UPI

### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

0361

നേർപഥം
വാരിക

2023 ഡിസംബർ 23
1445 ജു.ഉഖ്റാ 10
പുസ്തകം 07 / ലക്കം 51






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






മുഖമൊഴി
05
വിദ്യാഭ്യാസം, രാഷ്ട്രീയം
കലാലയകലാപം

ലേഖനം
06
ലഹരി പദാർഥങ്ങൾ; ഇസ്‌ലാം എന്തു പറയുന്നു?
അബ്ദുൽ ജബ്ബാർ മദീനി

നിയമപഥം
09
ജയിലുകൾ
അബു ആദം അയ്മൻ

കാഴ്ച
16
ബന്ധുവിന്റെ ചതി
ഇബ്നു അലി

ലേഖനം
18
വ്യക്തിത്വ വികസനം; ഇസ്‌ലാമിക മാർഗദർശനങ്ങൾ
ഡോ. ടി. കെ യൂസുഫ്

ലേഖനം
21
മാർഗനിർദേശം നൽകപ്പെടേണ്ട യുവത
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

ലേഖനം
24
ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും
അബൂഫർഹാൻ ബിൻയൂസുഫ്, കോട്ടക്കൽ

ലേഖനം
26
ഇസ്‌ലാമിക സമൂഹങ്ങളിൽ നിന്നും യഹൂദർക്കു ലഭിച്ച സഹിഷ്ണുത
ഇ.യൂസുഫ് സാഹിബ് നദ്‌വി

ലേഖനം
30
പകുതി വെന്ത വ്യാഖ്യാനം!
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

ക്വുർആൻ ദർശനം
32
സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ബാലപഥം
34
പ്രജകളെ സ്നേഹിച്ച ഭരണാധികാരി
അർഷദ് അൽഹികമി, താനൂർ



# 'അൽബലാഗ് -23' ദഅ്‌വ സമ്മേളനത്തിന് ഉജ്ജ്വല പരിസമാപ്തി

മിനിഊട്ടി: വിസ്ഡം സ്റ്റുഡന്റ്സ് ജാമിഅ അൽഹിന്ദ് യൂണിറ്റ് സംഘടിപ്പിച്ച 'അൽബലാഗ്-23' ദഅ്‌വാസമ്മേളനം മിനിഊട്ടിയിൽ സമാപിച്ചു.

ഒരു മാസക്കാലമായി നടന്നുവന്ന വ്യത്യസ്ത പ്രബോധന പ്രവർത്തനങ്ങളുടെ താത്കാലിക സമാപനമായിരുന്നു ദഅ്‌വ സമ്മേളനം. ആയിരക്കണക്കിന് വീടുകളിലും നൂറുകണക്കിന് കവലകളിലുമായി തൗഹീദിന്റെ സന്ദേശം അനേകായിരങ്ങൾക്ക് എത്തിക്കാൻ ഇതിനകം വിദ്യാർഥികൾക്ക് സാധിച്ചു. സമ്മേളനത്തിന്റെ ഭാഗമായി നടന്ന അയൽക്കൂട്ട സംഗമങ്ങളിലൂടെയും വിജ്ഞാനവേദികളിലൂടെയും പൊതുപ്രഭാഷണങ്ങളിലൂടെയും ജനമനസ്സുകളിലേക്ക് സഞ്ചരിച്ച 'അർറുഅ്‌യ' വൈജ്ഞാനിക എക്സ്പോയും ദഅ്‌വ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടി.

കുരുന്നു തലമുറയുടെ മസ്തിഷ്കത്തിലേക്ക് അധാർമികതയുടെ വിത്തുകൾ പാകാൻ ഒരുങ്ങിയിരിക്കുന്ന ദുശ്ശക്തികളുടെ അജണ്ടകൾക്ക് വിലങ്ങൊരുക്കിയ, സമ്മേളന നഗരിയിലെ 'കളിച്ചങ്ങാടം' ബാലസംഗമം വേറിട്ട കാഴ്ചയായി.

കർണാടക സനാബിൽ ജനറൽ സെക്രട്ടറി ശൈഖ് ഖലീലുറഹ്മാൻ മുഹമ്മദ് അസീസുദ്ദീൻ അൽമദനി ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, പി.എൻ അബ്ദുല്ലത്വീഫ് മദനി, ഫൈസൽ മൗലവി, അബ്ദുൽ മാലിക് സലഫി, ത്വൽഹത്ത് സ്വലാഹി, അർഷദ് അൽഹികമി, ശുറൈഹ് സലഫി, ടി.കെ അശ്‌റഫ്, റഷീദ് കുട്ടമ്പൂർ, താജുദ്ദീൻ സ്വലാഹി, അബ്ഹജ് സുറൂർ, ശിബിൽ എംപി എന്നിവർ സംസാരിച്ചു. സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി സമാപന പ്രസംഗം നടത്തി.

# കാഴ്ച പരിമിതർക്ക് ഉൾക്കാഴ്ച പകർന്ന് 'എൻവിഷൻ' ഫാമിലി കോൺഫറൻസ്

കോഴിക്കോട്: വിസ്ഡം യൂത്ത് കോഴിക്കോട് സൗത്ത് ജില്ലാസമിതി സംഘടിപ്പിച്ച 'എൻവിഷൻ' കാഴ്ച പരിമിതരുടെ കുടുംബ സംഗമം കോഴിക്കോട് സ്പാൻ ഹോട്ടലിൽവച്ച് നടന്നു. കാഴ്ച പരിമിതികൊണ്ട് ബുദ്ധിമുട്ടുന്നവർക്ക് ഉൾക്കാഴ്ച പകർന്നുനൽകാൻ സംഗമം കൊണ്ട് സാധിച്ചു. വിസ്ഡം യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു.

വിസ്ഡം കോഴിക്കോട് ജില്ലാ പ്രസിഡന്റ് അമീർ അത്തോളി അധ്യക്ഷത വഹിച്ചു. റഷീദ് കുട്ടമ്പൂർ, ഡോ. ജൗഹർ മുനവ്വർ, സ്വാദിഖ് മദീനി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിസ്ഡം ജില്ലാ പ്രസിഡന്റ് ബഷീർ വി.ടി ആശംസകൾ നേർന്നു.

പാനൽ ഡിസ്കഷനിൽ മുസ്തഫ മദനി മമ്പാട്, അസ്ഹർ ഫറൂഖ്, ജംഷീർ എ.എം, മുഫീദ് നന്മണ്ട എന്നിവർ പങ്കെടുത്തു. എൻവിഷൻ സംസ്ഥാന കൺവീനർ ഷംഷാദ്.എ.എസ്, അബ്ദുൽ ഗഫൂർ മാസ്റ്റർ, ജൈസൽ പരപ്പനങ്ങാടി, നവാസ് ഒളവണ്ണ എന്നിവർ സംസാരിച്ചു.

# വിദ്യാഭ്യാസം, രാഷ്ട്രീയം കലാലയകലാപം

വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ്. വ്യക്തിക്ക് ആവശ്യമായ പ്രാധാന്യം നൽകിക്കൊണ്ടുതന്നെ, സമൂഹത്തിന്റെകൂടി വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുകയാണ് അതിന്റെ പ്രധാനലക്ഷ്യമെന്ന് വിദ്യാഭ്യാസ വിചക്ഷണർ പറയുന്നു. വിദ്യാഭ്യാസരംഗത്തെ ഏതൊരു പ്രശ്നവും കാണുകയും പരിഹാരം തേടുകയും ചെയ്യേണ്ടത് ഈ കാഴ്ചപ്പാടോടുകൂടിയായിരിക്കണം. വ്യക്തി സ്വയം സമൂഹത്തിനു ബാധ്യതയായിത്തീരാതെ, അയാളുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയാക്കി മാറ്റുന്നതിൽ വിദ്യാഭ്യാസത്തിന് എന്തു ചെയ്യാനാകുമെന്നതായിത്തീരുന്നു ഇവിടത്തെ പ്രസക്തമായ ചോദ്യം. അസ്വസ്ഥത മാത്രം വിതച്ചുകൊണ്ടിരിക്കുന്ന കലാലയാന്തരീക്ഷത്തിലെ പ്രശ്നങ്ങളുടെ പരിഹാരമായിത്തീരും ഈ ചോദ്യത്തിനുള്ള ഉത്തരം.

സ്കൂൾ, കോളേജ് അന്തരീക്ഷത്തിലേക്ക് രാഷ്ട്രീയം കടന്നുകയറുന്നതും കക്ഷിതിരിഞ്ഞ് അവിടെ തെരഞ്ഞെടുപ്പു നടക്കുന്നതുമാണ് കലാലയങ്ങളെ കലാപഭൂമിയാക്കി മാറ്റുന്നതിന്റെ കാരണമെന്ന പൊതുജന സംസാരത്തെ അങ്ങനെയങ്ങു തള്ളിക്കളയാനോ സ്വീകരിക്കാനോ കഴിയില്ല. കാരണം വിശദീകരിക്കേണ്ടതില്ലാത്തവിധം വ്യക്തമാണ്. ഓരോ വർഷവും കലാലയങ്ങളിലെ തെരഞ്ഞെടുപ്പിനുശേഷമുണ്ടാകുന്ന അക്രമ സംഭവങ്ങൾ ജനങ്ങളെ അങ്ങനെ ചിന്തിപ്പിക്കുകയാണ്. എന്നാൽ, കുഴപ്പമുണ്ടാക്കുന്നത് രാഷ്ട്രീയമല്ലെന്നും രാഷ്ട്രീയത്തിന്റെ മറപറ്റിയെത്തുന്ന മറ്റു താൽപര്യങ്ങളാണെന്നും സൂക്ഷ്മ പരിശോധനയിൽ വ്യക്തമാവും.

കക്ഷിരാഷ്ട്രീയത്തിന്റെ തണലിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധാർമികതകൾ തഴച്ചു വളരുകയാണ്. രാഷ്ട്രീയമെന്ത്, ഗുണ്ടായിസമെന്ത് എന്ന് തിരിച്ചറിയാത്ത അപക്വമനസ്സുകളെ സ്വാധീനിക്കാനും വഴിതെറ്റിക്കാനും മറ്റു താൽപര്യങ്ങൾക്കുള്ള ആയുധമാക്കാനും അത് അവസരം നൽകുന്നു. ഇതിന് പ്രതിവിധി രാഷ്ട്രീയത്തെ വിദ്യാർഥികളിൽനിന്നു മാറ്റിനിർത്തുകയല്ല, രാഷ്ട്രീയമെന്ത് എന്നു മനസ്സിലാക്കാൻ അവർക്ക് അവസരം നൽകുകയാണ്. ആരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനം അപകടമല്ല. അത് ജനാധിപത്യപ്രക്രിയയെ പരിപോഷിപ്പിക്കുന്നതാണ്. പ്രതിപക്ഷ ബഹുമാനവും സഹിഷ്ണുതയും പ്രധാനമാണ്. പ്രവർത്തിക്കാൻ തങ്ങളുടെ സംഘടനയ്ക്ക് സ്വാതന്ത്ര്യമുള്ളതുപോലെ മറ്റു പാർട്ടികൾക്കുമുണ്ടെന്നും വിജയത്തെ പോലെത്തന്നെ പരാജയത്തെയും അംഗീകരിക്കേണ്ടതുണ്ടെന്നും വിദ്യാർഥികൾ തിരിച്ചറിയണം.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർഥികൾ, അധ്യാപകർ, രക്ഷാകർത്താക്കൾതുടങ്ങിയ ഘടകങ്ങളുടെ ഒറ്റയ്ക്കും കൂട്ടായതുമായ പരിശ്രമം ആവശ്യമാണ്. മനസ്സിലാക്കാൻ വിഷമമുള്ള പാഠങ്ങൾ മനസ്സിലാക്കുന്നതിന്, പഠനസാമഗ്രികളുടെ അഭാവം പരിഹരിക്കുന്നതിന്, അധ്യയനനിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാം ഇത് ആവശ്യമാണ്. ഇവയുടെയെല്ലാം മെച്ചപ്പെട്ട പരസ്പരബന്ധം നിലനിർത്തിക്കൊണ്ടേ വിദ്യാഭ്യാസരംഗത്തെ ഏതൊരു പ്രശ്നവും പരിഹരിക്കാനാവൂ.

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്ന കൂട്ടായ ആലോചനയാണ് ഇന്നാവശ്യം. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെയും അവയുടെ പരിഹാരമാർഗങ്ങളെയും കുറിച്ച് വിദ്യാർഥി സമൂഹത്തെ ബോധവത്കരിക്കുകയും എന്താണ് രാഷ്ട്രീയ പ്രവർത്തനമെന്നു മനസ്സിലാക്കാനുതകുന്ന രാഷ്ട്രീയബോധം പകർന്നു നൽകുകയുമാണ് വേണ്ടത്. ■

ലേഖനം




# ലഹരി പദാർഥങ്ങൾ; ഇസ്‌ലാം എന്തു പറയുന്നു?

**അബ്ദുൽ ജബ്ബാർ മദീനി**

ഇസ്‌ലാം മനുഷ്യനെ അങ്ങേയറ്റം ആദരിച്ചു. മനുഷ്യജീവിത സൗഖ്യത്തിന് ഇസ്‌ലാം കൽപിച്ച പ്രാധാന്യം വിവരണാതീതമാണ്. മനുഷ്യന്റെ മതം, ശരീരം, അഭിമാനം, ബുദ്ധി, ധനം എന്നീ അഞ്ച് കാര്യങ്ങൾ സംരക്ഷിക്കൽ ഇസ്‌ലാം അതിന്റെ ഉദ്ദിഷ്ട ലക്ഷ്യമായി സ്വീകരിച്ചു. ഈ അഞ്ച് കാര്യങ്ങളിൽ ഒന്നിനെയെങ്കിലും ഹനിക്കുന്ന വല്ല കാരണവുമുണ്ടായാൽ പ്രസ്തുത കാരണം ഇസ്‌ലാമിൽ നിഷിദ്ധമാണ്. 'ഞാൻ ഒരു ഉപദ്രവത്തിനും തീരെയില്ല, എന്നോട് ഒരു ഉപദ്രവവും പാടുമില്ല' എന്ന തത്ത്വം ഇസ്‌ലാമിൽ സർവാംഗീകൃതമായി സ്വീകരിക്കപ്പെട്ടത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

പിശാചും പൈശാചികരും മുസ്‌ലിംകളെ ദീനിൽനിന്ന് തെറ്റിക്കാൻ ഇന്നലെയും ഇന്നുമായി പല മാർഗങ്ങളും സ്വീകരിച്ചു. അതവർ തുടർന്നുകൊണ്ടിരിക്കുന്നു. അല്ലാഹു പറഞ്ഞു:

"അവർക്ക് സാധിക്കുകയാണെങ്കിൽ നിങ്ങളുടെ മതത്തിൽനിന്ന് നിങ്ങളെ പിന്തിരിപ്പിക്കുന്നതുവരെ അവർ നിങ്ങളോട് യുദ്ധം ചെയ്തുകൊണ്ടിരിക്കും" (ക്വുർആൻ 2:217).

മതചിട്ടയിൽ നടന്നുനീങ്ങുന്ന സമൂഹത്തെ മതത്തിൽനിന്ന് തെറ്റിക്കലാണ് എറ്റവും നല്ല മുറയെന്ന് പഠിച്ചറിഞ്ഞ ശത്രുക്കൾ പല മാർഗങ്ങൾ പയറ്റി നോക്കി. പലതും വിജയം കണ്ടു. ശത്രു നമുക്കെതിരിലെ റിഞ്ഞ ഏറ്റവും കടുത്ത വലയായിരുന്നു ലഹരിപദാർഥങ്ങളും മയക്കുമരുന്നും. അത് രാസപദാർഥങ്ങൾ കൊണ്ടുള്ളതാകട്ടെ, പ്രകൃതിയിൽ വളരുന്ന സസ്യലതാതികളാകട്ടെ അവയുടെ ഉപയോഗം തീർത്തും തെറ്റാണ്. ഉപദ്രവം ദൂരവ്യാപകവുമാണ്. ബുദ്ധിയുള്ള മനുഷ്യർ ഈ വിഷയത്തിൽ രണ്ടഭിപ്രായക്കാരാകുമെന്ന് തോന്നുന്നില്ല.

> **മയക്കമരുന്ന് മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുന്നു. മനുഷ്യജീവിത സൗഖ്യം കെടുത്തുന്നു. മനുഷ്യജീവിതത്തെ ജയിലറയുടെ ഇരുട്ടിലേക്ക് തള്ളുന്നു. ദാരുണമായ അന്ത്യം മനുഷ്യന് സമ്മാനിക്കുന്നു. മനുഷ്യന്റെ സമനില തെറ്റിക്കുന്നു. പേശിബലം കുറക്കുന്നു. ക്രമേണയായി ഹൃദയപേശികളുടെ നാഡിമിടിപ്പ് തകരാറിലാക്കുന്നു. ഹൃദയസ്തംഭന സാധ്യത ഏറ്റുന്നു. ഭീമമായ മാറാരോഗങ്ങളുടേയും അളവറ്റ വ്യാധികളുടേയും അടിമയാക്കി മനുഷ്യനെ മാറ്റുന്നു. മനുഷ്യ ശരീരത്തിന്റെ തേജസ്സും സൗന്ദര്യവും കെടുത്തി വിരൂപം സമ്മാനിക്കുന്നു.**

മയക്കുമരുന്ന് മനുഷ്യനെ അധർമകാരിയാക്കി മാറ്റുന്നു. തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന തമ്പുരാനും മയക്കുമരുന്നിന്റെ പിടിയിലമർന്ന മർത്യനുമിടയിൽ പിശാച് കനത്ത മറ സൃഷ്ടിക്കുന്നു. ദൈവസ്മരണയിലൂടെ മനഃശാന്തി നേടേണ്ട മനുഷ്യന് സമാധാനം മരുപ്പറമ്പിലെ മരീചികക്ക് സമാനമാക്കുന്നു.

മയക്കമരുന്ന് മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുന്നു. മനുഷ്യജീവിത സൗഖ്യം കെടുത്തുന്നു. മനുഷ്യജീവിതത്തെ ജയിലറയുടെ ഇരുട്ടിലേക്ക് തള്ളുന്നു. ദാരുണമായ അന്ത്യം മനുഷ്യന് സമ്മാനിക്കുന്നു. മനുഷ്യന്റെ സമനില തെറ്റിക്കുന്നു. പേശിബലം കുറക്കുന്നു. ക്രമേണയായി ഹൃദയപേശികളുടെ നാഡിമിടിപ്പ് തകരാറിലാക്കുന്നു. ഹൃദയസ്തംഭന സാധ്യത ഏറ്റുന്നു. ഭീമമായ മാറാരോഗങ്ങളുടെയും അളവറ്റ വ്യാധികളുടെയും അടിമയാക്കി മനുഷ്യനെ മാറ്റുന്നു. മനുഷ്യ ശരീരത്തിന്റെ തേജസ്സും സൗന്ദര്യവും കെടുത്തി വൈരൂപ്യം സമ്മാനിക്കുന്നു.

മയക്കുമരുന്ന് സ്ഥിരമായി ഉപയോഗിച്ചുവരുന്ന ഒരാൾ, അതിന്റെ അളവിൽ കുറവ് വരികയോ ലഭിക്കാതെ വരികയോ ചെയ്താൽ അയാൾ അക്ഷരാർഥത്തിൽ ഭ്രാന്തനായി മാറുകയും ഏത് മാർഗത്തിലൂടെയും അത് നേടിയെടുക്കാൻ വ്യഗ്രതയും വേണ്ടാത്തരങ്ങളും കാട്ടുകയും ചെയ്യുന്നു. മനുഷ്യന്റെ ഈ ദൗർബല്യം നന്നായി മനസ്സിലാക്കിയ മയക്കുമരുന്ന് മാഫിയ അവരുടെ കച്ചവടം വിപുലമാക്കുന്നതിനുവേണ്ടി കലാലയങ്ങളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ച് യുവതീയുവാക്കളിലേക്കും മുതിർന്നവരിലേക്കും അവരുടെ സർവ്വകുതന്ത്രങ്ങളും പ്രയോഗിക്കുകയും പലരും അതിന് അടിമകളാകുന്നതുവരെ അതിലേക്ക് പ്രേരിപ്പിക്കുകയും അതിന് ശേഷം അവരെ കയ്യൊഴിയുകയും ചെയ്യുകയാണ്.

മയക്കുമരുന്ന് സമ്പത്തുകൾ അന്യായമായി നശിപ്പിക്കുന്നു. മയക്കത്തിലും ആലസ്യത്തിലും തപ്പിത്തടയുന്ന മരുന്നുവാഹകൻ താൻ അദ്ധ്വാനിച്ചെടുത്ത ധനം ഏതുവഴിക്കെന്നുപോലുമറിയാതെ ധൂർത്തടിക്കുന്നു. ഉറ്റവരും ഉടയവരും ഉപയോഗിച്ചാസ്വദിക്കേണ്ട തന്റെ സമ്പത്ത് മയക്കുമരുന്ന് മാഫിയയുടെ കൈകളിലൂടെ ക്രയവിക്രയം ചെയ്യപ്പെടുന്നു. ദുർവിനിയോഗത്തിലൂടെ തന്റെ ധനം തനിക്കേകുന്ന താകട്ടെ തീരാവേദനയും ദുഃഖവും മാത്രം?!

മയക്കുമരുന്ന് കുടുംബ ജീവിതം തകർക്കുന്നു. വൈവാഹിക ജീവിതം ശാപ ജീവിതമാക്കുന്നു. മക്കളെ അനാഥരാക്കുന്നു, കുടുംബത്തിന്റെ പേരും പെരുമയും കളഞ്ഞുകുളിക്കുന്നു.

മയക്കുമരുന്നിന്റെ അടിമ ഇന്നലെകളിലെ സുഖജീവിതം നാളെയുടെ അഴുക്ക് ചാലിലേക്ക് തള്ളിയിടുന്നു. മയക്കുമരുന്നിന് അടിമയായവരാണ് വാഹനാപകടകാരികളിൽ ഭൂരിഭാഗവും. സമൂഹത്തിന്റെ മുഴുവൻ ശാപവും പേറി ഒരു നല്ലമടക്കം പോലും പ്രതീക്ഷിക്കാനാവാതെ അയാൾ ജീവച്ഛവമായി കഴിയുന്നു. കുടുംബത്തിനും, സമൂഹത്തിനും, രാഷ്ട്രത്തിനും, ഒരു ഭാരമായി അയാൾ തെരുവുതെണ്ടി, അഴികളെണ്ണി, ദുനിയാവ് തള്ളിനീക്കുന്നു.

ഒരു ആമുഖം ഇവിടെ കുറിച്ചിട്ടത് മയക്കുമരുന്നിന്റെ നാനോന്മുഖമായ അപകടങ്ങളിലേക്ക് മാന്യവായനക്കാരുടെ ശ്രദ്ധ കൊണ്ടുവരാനാണ്. ഈ വിഷയത്തിലെ സ്ഥിതിവിവരക്കണക്കുകൾ ഞെട്ടിക്കുന്ന യാഥാർഥ്യങ്ങളാണ് പുറത്തുവിട്ടുകൊണ്ടിരിക്കുന്നത്. ലോകജനതയുടെ മൂന്നു ശതമാനം മയക്കുമരുന്നിന്റെ അടിമകളാണെന്നാണ് ലോകാരോഗ്യ സംഘടന വെളിപ്പെടുത്തിയിട്ടുള്ളത്.

അമേരിക്കൻ ചിൽഡ്രൻസ് മെഡിക്കൽ മാഗസിൻ വർഷങ്ങൾക്ക് മുമ്പ് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു:

1. 13 മില്യനിലധികം വരുന്ന യുവാക്കൾ അമേരിക്കയിൽ മയക്കുമരുന്നിന്റെ ദൈനംദിന അടിമകളാണ്.
2. 8 മില്യൻ യുവാക്കൾ എം-വിറ്റാമിൻ മയക്കുമരുന്നാണ് ഉപയോഗിക്കുന്നത്.

3. 37വരെ മില്യൻ യുവാക്കൾ കൊക്കയിൻ ഉപയോഗിക്കുന്നു.

പ്രസ്തുത കണക്കുകൾ അമേരിക്കയുടെത് മാത്രമാണെങ്കിൽ ലോകം മൊത്തത്തിലെടുത്താലുള്ള സ്ഥിതിയെന്തായിരിക്കും!

കനേഡിയൻ മിനിസ്ട്രി ഓഫ് ഹെൽത്ത് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

1. 8-16 വരെ പ്രായമുള്ളവരിൽ 13%വും പെട്രോളിൽനിന്ന് കൃത്രിമമായി നിർമിക്കുന്ന മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണ്.
2. സെക്കന്ററി സ്‌കൂൾ വിദ്യാർഥികൾ 36.4 ശതമാനവും മയക്കുമരുന്നിന്റെ നിത്യോപയോഗത്തിലാണ്. അമേരിക്കയിൽ ഇത്തരം വിദ്യാർഥികൾ 65 ശതമാനമാണ്. ഈജിപ്തിൽ 17 ശതമാനം കോളേജ് വിദ്യാർഥികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണെന്ന് ചില കണക്കുകൾ വെളിപ്പെടുത്തുന്നു. ഈജിപ്തിലെ ഗ്രാന്റ് മുഫ്തി മയക്കുമരുന്ന് വിൽക്കുന്നവരെ പരസ്യമായി പൊതുനിരത്തിൽ വധിക്കണമെന്ന് വർഷങ്ങൾക്ക് മുമ്പ് ഫത്‌വ പുറപ്പെടുവിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഭയാനകമായ അപകടമായിരിക്കെ പ്രസ്തുത ലഹരിയുമായി ഏതുനിലക്ക് ബന്ധപ്പെട്ടാലും ഇസ്‌ലാമിൽ അത് നിഷിദ്ധമാണ്.

**ചില തെളിവുകൾ**

1. അല്ലാഹു പറയുന്നു:

“നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം (നബി) അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു” (7:157).

മയക്കുമരുന്ന് നികൃഷ്ടമാണെന്ന വിഷയത്തിൽ ബുദ്ധിയുള്ളവർക്കാർക്കും എതിരഭിപ്രായമില്ല. പ്രസ്തുത വചനം അവ നിഷിദ്ധമാണെന്നതിന്റെ വ്യക്തമായ തെളിവാകുന്നു.



**മയക്കുമരുന്ന് കുടുംബ ജീവിതം തകർക്കുന്നു. വൈവാഹിക ജീവിതം ശാപ ജീവിതമാക്കുന്നു. മക്കളെ അനാഥരാക്കുന്നു, കുടുംബത്തിന്റെ പേരും പെരുമയും കളഞ്ഞുകുളിക്കുന്നു. മയക്കുമരുന്നിന്റെ അടിമ ഇന്നലെകളിലെ സുഖജീവിതം നാളെയുടെ അഴുക്ക് ചാലിലേക്ക് തള്ളിയിടുന്നു. മയക്കുമരുന്നിന് അടിമയായവരാണ് വാഹനാപകടകാരികളിൽ ഭൂരിഭാഗവും. സമൂഹത്തിന്റെ മുഴുവൻ ശാപവും പേറി ഒരു നല്ലമടക്കം പോലും പ്രതീക്ഷിക്കാനാവാതെ അയാൾ ജീവച്ഛവമായി കഴിയുന്നു.**

2. അല്ലാഹു പറയുന്നു: “നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു” (4:29).

മയക്കുമരുന്നിന്റെ അടിമകൾ പെട്ടെന്നുള്ള മരണത്തിന്റെ ഇരകളാണ്. അഥവാ ഹൃദയപേശികളുടെ പ്രവർത്തനംതളർന്ന് നിലക്കുകയും സ്തംഭനം സംഭവിക്കുകയും ചെയ്യുന്നു. മയക്കുമരുന്നിന്റെ അടിമ സ്വന്തത്തെതന്നെ കൊല്ലുന്ന മഹാപാപിയാണ്.

3. ഉമ്മുസലമ(റ)യിൽനിന്ന് നിവേദനം. അവർ പറഞ്ഞു:

“എല്ലാ ലഹരിയുണ്ടാക്കുന്നതിനെയും തളർച്ചയും ബുദ്ധിമാന്ദ്യവും ഉണ്ടാക്കുന്നതിനെയും നബി (സ്വ) നിരോധിച്ചിരിക്കുന്നു” (അഹ്മദ്, അബൂദാവൂദ്).

4. നബി(സ്വ) പറഞ്ഞു:

“കൂടുതൽ ഉപയോഗിച്ചാൽ ലഹരിയുണ്ടാക്കുന്നതെല്ലാം കുറച്ച് ഉപയോഗിക്കുന്നതും നിഷിദ്ധമാണ്” (അബൂദാവൂദ്).

ചില പണ്ഡിത വചനങ്ങൾ കാണുക:

1. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ പറഞ്ഞു: “തീർച്ചയായും ഹശീശ് ഹറാമാണ്; അത് ലഹരിയുണ്ടാക്കിയാലും ഇല്ലെങ്കിലും. അത് കള്ളിനെക്കാൾ ഹറാമാക്കാൻ അർഹമാണ്. ഉപദ്രവം കള്ള് കുടിച്ചാലുള്ളതിനെക്കാളാണ്.”
2. ഇബ്‌നു ഹജറുൽ ഹൈതമി പറഞ്ഞു: “മയക്കുമരുന്ന് നാല് മദ്ഹബിന്റെ ഇമാമുകളും ഹറാമാക്കി പ്രഖ്യാപിച്ചിരിക്കുന്നു.”
3. ശൈഖ് ജാദുൽഹഖ് (ഗ്രാന്റ് മുഫ്തി, ഈജിപ്ത്) പറഞ്ഞു: “ഇസ്‌ലാമിലെ കർമശാസ്ത്ര പണ്ഡിതർ എല്ലാവരും മയക്കുമരുന്ന് ഉൽപാദിപ്പിക്കുക, കൃഷി ചെയ്യുക, കച്ചവടം നടത്തുക, ഉപയോഗിക്കുക എന്നീ വിഷയങ്ങൾ നിഷിദ്ധമാണെന്നതിൽ ഏകോപിച്ചിരിക്കുന്നു.”



# ജയിലുകൾ

അബൂ ആദം അയ്മൻ

### ഡിസ്ട്രിക്ട് ജയിൽ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ (വിയ്യൂർ), കോഴിക്കോട്, വയനാട് (മാനന്തവാടി), കാസർകോട് (ഹോസ്ദുർഗ്) എന്നിവിടങ്ങളിലാണ് ഡിസ്ട്രിക്ട് ജയിലുകൾ, ഒരു മാസത്തിനുമേൽ ആറുമാസം വരെയുള്ള തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെ ഇവിടെ പാർപ്പിക്കുന്നു.

### സ്പെഷ്യൽ സബ് ജയിൽ

തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊട്ടാരക്കര, മാവേലിക്കര, പൊൻകുന്നം, ദേവികുളം, മൂവാറ്റുപു ഴ, ഇരിഞ്ഞാലക്കുട, പാലക്കാട്, ചിറ്റൂർ, മഞ്ചേരി, കോഴിക്കോട്, വൈത്തിരി, കണ്ണൂർ, തലശ്ശേരി, കാസർകോട് എന്നിവിടങ്ങളിലാണ് സ്പെഷ്യൽ സബ് ജയിലുകൾ. ഒരുമാസം വരെയുള്ള തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്ന പതിവു തടവുകാരെയും മൂന്നുമാസം വരെയുള്ള തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെയുമാണ് ഇവിടെ പാർപ്പിക്കുന്നത്. വിചാരണത്തടവുകാരെയും കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്യുന്നവരെയും ഇവിടെ താൽക്കാലികമായി പാർപ്പിക്കുന്നുണ്ട്.

### സബ് ജയിൽ

ആറ്റിങ്ങൽ, മീനച്ചിൽ, പീരുമേട്, മട്ടാഞ്ചേരി, എറണാകുളം, ആലുവ, ചാവക്കാട്, വിയ്യൂർ. ആലത്തൂർ, ഒറ്റപ്പാലം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കൊയിലാണ്ടി. വടകര, കണ്ണൂർ എന്നിവിടങ്ങളിലാണ് സബ് ജയിലുകൾ. ഒരുമാസം വരെയുള്ള തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവരെ ഇവിടെ പാർപ്പിക്കുന്നു. വിചാരണത്തടവുകാരെയും ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്യുന്നവരെയും ഇവിടെ പാർപ്പിക്കു ന്നുണ്ട്.

### വനിതാ ജയിൽ

തിരുവനന്തപുരം, നെയ്യാറ്റിൻകര, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലാണ് വനിതകൾക്കു മാത്രമായുള്ള വനിതാ ജയിലുകളുള്ളത്. തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുന്ന വനിതാ കുറ്റവാളികളെയും റിമാൻഡ് തടവുകാരായോ വിചാരണത്തടവുകാരായോ കഴിയേണ്ടിവരുന്ന വനിതകളെയും ഈ ജയിലുകളിലാണ് പാർപ്പിക്കുന്നത്. ഈ ജയിലുകളിൽ ഉദ്യോഗം വഹിക്കുന്നവരെല്ലാം വനിതകളായിരിക്കും.

### ദുർഗുണ പരിഹാര പാഠശാല

യുവകുറ്റവാളികളെ (18നും 21നും ഇടയ്ക്ക് പ്രായമുള്ളവർ) പാർപ്പിച്ച് അവർക്ക് നല്ല ശിക്ഷണവും ബോധവൽക്കരണവും നൽകി, അവരുടെ സ്വഭാവം നന്നാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള പാഠശാലയാണിത്. ഇത്തരമൊരു പാഠശാല എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുണ്ട്.

### സിവിൽ ജയിൽ

സിവിൽ കോടതിയുടെ ഉത്തരവുകൾ ലംഘിക്കുന്നവർക്കോ, കോടതിവിധിപ്രകാരമുള്ള തുക (ജാമ്യത്തുകയോ വിധിക്കടതുകയോ) കോടതിയിൽ കെട്ടിവയ്ക്കാത്തവർക്കോ തടവുശിക്ഷ നൽകപ്പെടുമ്പോൾ അവരെ താമസിപ്പിക്കുന്ന ജയിലാണിത്.

ജയിൽ സൂപ്രണ്ടിനാണ് തന്റെ കീഴിലുള്ള ജയിലിന്റെ ചുമതലയും നിയന്ത്രണവും. ജയിൽ സൂപ്രണ്ടിനു തൊട്ടുതാഴെയുള്ള ഓഫീസർ ജയിലർ ആണ്. ജയിലിൽ നിർദിഷ്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ജയിൽ ഓഫീസിനെയും തടവുകാരെയും സംബന്ധിക്കുന്ന രേഖകളുടെയും തടവുകാരുടെയും സൂക്ഷിപ്പിന്റെ ചുമതല വഹിക്കുവാനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനാണ് ജയിലർ. ജയിൽ വാർഡർ തടവുകാരെ സദാ നിരീക്ഷിക്കുന്നതിനും ജയിൽ ചട്ടങ്ങളും ജയിലിലെ അച്ചടക്കവും അവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, ജയിലിന്റെയും തടവുകാരുടെയും കാവലിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്.

*(അവലംബം)*

# മലയാളി നാസ്തികതയുടെ പെണ്ണവകാശ സംരക്ഷണവും ലിബറൽ ചതിക്കുഴികളും

**അലി ചെമ്മാട്**
: 9495183332

**പെണ്ണവകാശങ്ങളുടെ മൊത്തക്കുത്തക അവകാശപ്പെടുന്നവരാണ് നിരീശ്വരവാദികൾ. കേരളത്തിലാവട്ടെ, തങ്ങളല്ലാത്തവരെല്ലാം പെൺവിരുദ്ധരാണെന്ന മട്ടിലാണിവർ പുലമ്പി നടക്കാറ്. എന്നാൽ കേരള നിരീശ്വരവാദികളുടെ രചനകൾ പരിശോധിച്ചാൽ ഈ രംഗത്തെ അവരുടെ ഇരട്ടത്താപ്പും കാപട്യവും പകൽവെളിച്ചം പോലെ ബോധ്യമാവും.**

പെൺപക്ഷ വാദികളും സ്ത്രീയുടെ അവകാശങ്ങൾക്കും ലിംഗസമത്വത്തിനും വേണ്ടി പോരാടുന്നവരും എന്ന് അവകാശപ്പെടുന്ന നാസ്തികർ; സ്വന്തം സമൂഹത്തിൽ സ്ത്രീകൾക്ക് ഉന്നതസ്ഥാനവും സ്ത്രീപുരുഷ സമത്വവും നൽകുന്നവരും നടപ്പാക്കുന്നവരുമാണ് തങ്ങൾ എന്നാണ് അവകാശപ്പെടാറുള്ളത്. വസ്തുതയെന്തെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. നാസ്തിക സമൂഹത്തിൽ പെണ്ണിന്റെ സ്ഥാനവും നിലയും വിലയും എന്താണെന്ന് പരിശോധിക്കുവാനാണ് മലയാള നാസ്തിക രചനകളെ അടിസ്ഥാനമാക്കി ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്. അനുബന്ധമായി കേരള സമൂഹത്തിന്റെ ധാർമികാധഃപതന ലക്ഷ്യത്തോടെയുള്ള സാംസ്കാരിക വിപണനവും പരിഗണനീയം തന്നെ.

'യുക്തിരേഖ' മാസിക 2012 മെയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച പി.എസ്. ഹരിഹരക്കുറുപ്പിന്റെ 'സ്ത്രീ വിമോചനവും ചില യാഥാർഥ്യങ്ങളും' എന്ന ലേഖനം മനസ്സിരുത്തി വായിക്കേണ്ടതാണ്. അദ്ദേഹം ഈ ലേഖനമെഴുതാനുണ്ടായ സാഹചര്യം ലേഖനത്തിന്റെ തുടക്കത്തിൽ വ്യക്തമാക്കുന്നു: "കേരള യുക്തിവാദിസംഘം ഇരുപത്തിയേഴാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ വനിതാ സമ്മേളനം ഗംഭീരമായി എന്ന് സമ്മേളനത്തിൽ പങ്കെടുത്ത ആർക്കും ബോധ്യപ്പെടും. 'മതങ്ങളും സ്ത്രീ സ്വാതന്ത്ര്യവും' എന്ന വിഷയമവതരിപ്പിച്ച ഡോ. പർവീണും മിനി കെ. ഫിലിപ്പും തങ്ങളെ എൽപിച്ച വിഷയങ്ങൾ ഭംഗിയായി കൈകാര്യം ചെയ്തു എന്നതിൽ അഭിനന്ദനം അർഹിക്കുന്നു. എന്നാൽ സ്ത്രീ വിമോചന പ്രശ്നത്തിൽ ചില യാഥാർഥ്യങ്ങളും പരിഗ



ണിക്കേണ്ടതുണ്ട് എന്ന് സൂചിപ്പിക്കാനാണ് ഈ കുറിപ്പിലൂടെ ഉദ്ദേശിക്കുന്നത്" (യുക്തിരേഖ മാസിക, 2012 മെയ്, പേജ് 22).

മുഖവുര തന്നെ കാര്യങ്ങൾ വ്യക്തമാക്കുന്നു. വനിതാ സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിച്ച സ്ത്രീകളുടെ ആശയങ്ങൾ ഹരിഹരക്കുറുപ്പിലെ പുരുഷന് ദഹിച്ചില്ല എന്നതിൽനിന്നും ഉണ്ടായ പ്രതികരണമാണ് കുറുപ്പിന്റെ ഈ കുറിപ്പ്. 'മതങ്ങളും സ്ത്രീ സ്വാതന്ത്ര്യവും' എന്ന വിഷയം മാത്രമെ കുറുപ്പ് എടുത്ത് പറയുന്നുള്ളൂ. പരിപാടിയിൽ പ്രസംഗിച്ച മറ്റുള്ളവർ എന്തു പറഞ്ഞു എന്ന് കുറുപ്പിന്റെ കുറിപ്പിൽ വ്യക്തമല്ല. അവർ നടത്തിയ പ്രസംഗത്തിൽ ഹരിഹരക്കുറുപ്പിനെ, കുറുപ്പിലെ പുരുഷമേധാവിയെ ചൊടിപ്പിച്ച സന്ദേശമെന്താണെന്ന് മനസ്സിലാക്കാൻ മാർഗമില്ലെങ്കിലും ഹരിഹരക്കുറുപ്പിനെ പോലെയുള്ള നാസ്തികർക്ക് അത് അംഗീകരിക്കാൻ കഴിയുന്നില്ല എന്നത് വ്യക്തം. എടുത്തുപറഞ്ഞ 'മതങ്ങളും സ്ത്രീ സ്വാതന്ത്ര്യവും' എന്ന വിഷയം അദ്ദേഹത്തെ കോൾമയിർ കൊള്ളിച്ചു കാണും. കാരണം അത് മത വിമർശനമാണല്ലോ!

അദ്ദേഹം എഴുതുന്നു: "പ്രകൃതിയിൽ സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ്. സ്ത്രീ-പുരുഷ സംയോഗത്തിലൂടെയാണ് ജീവജാലങ്ങളുടെ നിലനിൽപ് പ്രകൃതി ഉദ്ദേശിക്കുന്നത്. ഒരു ശിശുവിനെ ഗർഭം ധരിക്കുന്നതിനും പ്രസവിക്കുന്നതിനും ആ ശിശുവിന്റെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായതെല്ലാം പ്രകൃതി, സ്ത്രീശരീരത്തിലൂടെ വിദഗ്ധമായി കൈകാര്യം ചെയ്തിരിക്കുന്നു" (യുക്തിരേഖ മാസിക, 2012 മെയ്, പേജ് 22).

**നാസ്തിക വീക്ഷണപ്രകാരം മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളും അന്ധമായ പരിണാമ പ്രക്രിയയിലൂടെ രൂപംകൊണ്ട രാസസംയുക്തങ്ങൾ മാത്രമാണ്. മനുഷ്യന് ആത്മാവില്ല എന്ന് നാസ്തികത ശഠിക്കുന്നു. പദാർഥേതരമായ എന്തെങ്കിലും അസ്തിത്വ സവിശേഷതകളോ ജീവിതലക്ഷ്യമോ ഇല്ലാത്ത ഒരു ജൈവയന്ത്രം മാത്രമാണ് നാസ്തികർക്ക് മനുഷ്യൻ. മനുഷ്യശരീരത്തിലെ സാധ്യതകൾ അവരുടെ കാഴ്ചപ്പാടിൽ ഒരു യന്ത്രത്തിന്റെ സാധ്യതകൾ മാത്രമാണ്. അപ്പോൾ ആരാണ് യുക്തിരേഖ ലേഖകന്റെ വീക്ഷണത്തിലെ പെണ്ണ്? അവൾ ഭോഗയന്ത്രവും പ്രസവയന്ത്രവും ശിശുപരിപാലനയന്ത്രവും മാത്രമാണ്.**

നിർജീവമായ പ്രകൃതി കാര്യങ്ങൾ 'ഉദ്ദേശിക്കുന്നത്,' 'വിദഗ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്' പതിവു 'യുക്തിവാദി തമാശ'യാണ്. അതിനെ നാം വെറുതെ വിടുക. സ്ത്രീപുരുഷന്മാരുടെ ജൈവിക ധർമങ്ങൾ എന്തൊക്കെയാണെന്ന ചർച്ചയും നമുക്ക് തൽക്കാലം മറക്കുക. (ധർമാധർമ ചർച്ചകൾ നാസ്തികത്തെ ബാധിക്കുന്നതല്ലല്ലോ!).

യുക്തിരേഖ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വീക്ഷണപ്രകാരം നാസ്തികതയുടെ ദാർശനിക ഭൂമികയിൽ പെണ്ണ് ആരാണ് എന്നതാണ് പ്രസക്ത വിഷയം. നാസ്തിക പുരുഷൻമാർ പെണ്ണിനെ വിലയിരുത്തുന്നതെങ്ങനെയാണെന്ന് മനസ്സിലാക്കാൻ അതാണല്ലോ ഏറ്റവും ആവശ്യമായിട്ടുള്ളത്. നാസ്തിക വീക്ഷണപ്രകാരം മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളും അന്ധമായ പരിണാമ പ്രക്രിയയിലൂടെ രൂപംകൊണ്ട രാസസംയുക്തങ്ങൾ മാത്രമാണ്. മനുഷ്യന് ആത്മാവില്ല എന്ന് നാസ്തികത ശഠിക്കുന്നു. പദാർഥേതരമായ എന്തെങ്കിലും അസ്തിത്വ സവിശേഷതകളോ ജീവിതലക്ഷ്യമോ ഇല്ലാത്ത ഒരു ജൈവയന്ത്രം മാത്രമാണ് നാസ്തികർക്ക് മനുഷ്യൻ.

മനുഷ്യശരീരത്തിലെ സാധ്യതകൾ അവരുടെ കാഴ്ചപ്പാടിൽ ഒരു യന്ത്രത്തിന്റെ സാധ്യതകൾ മാത്രമാണ്. അപ്പോൾ ആരാണ് യുക്തിരേഖ ലേഖകന്റെ വീക്ഷണത്തിലെ പെണ്ണ്? അവൾ ഭോഗയന്ത്രവും പ്രസവയന്ത്രവും ശിശുപരിപാലനയന്ത്രവും മാത്രമാണ്. നാസ്തികൻ (പുരുഷൻ) തന്റെ ലൈംഗിക ആവശ്യങ്ങൾ നിറവേറ്റാനും സന്താന നിർമാണത്തിനും സ്ഥാപിക്കേണ്ട ഒരു യന്ത്രം മാത്രമാണ് പെണ്ണ് എന്നുതന്നെ! (സന്താന നിർമാണം വേണ്ട എന്നും സന്താനം ഉണ്ടെങ്കിൽ തന്നെ അതിനെ വളർത്തേണ്ട ബാധ്യത തങ്ങൾക്കില്ല എന്നുമുള്ള നാസ്തിക'മദം' പിന്നെ പരിഗണിക്കാം).

'പെൺയന്ത്ര'ത്തിന്റെ 'പരിമിതികൾ' എന്തൊക്കെയാണെന്നും 'യന്ത്രപരിപാലകനായ' പുരുഷൻ 'ശ്രദ്ധിക്കേണ്ട' കാര്യങ്ങൾ എന്തെല്ലാമെന്നും ലേഖകൻ തുടർന്ന് വിവരിക്കുന്നുണ്ട്:

“മനുഷ്യർ മാത്രമല്ല എല്ലാ ജീവവിഭാഗങ്ങളിലും ശത്രുക്കളെ നേരിടുന്ന സാഹചര്യത്തിൽ സ്ത്രീശരീരം നിസ്സഹായമാണ്. ആ സാഹചര്യങ്ങളിലെല്ലാം അവളുടെ സംരക്ഷണച്ചുമതല പുരുഷവിഭാഗത്തിൽ പ്രകൃതി നിക്ഷിപ്തമാക്കിയിരിക്കുന്നു എന്നാണ് അനുമാനിക്കേണ്ടത്” (പേജ് 22). സ്ത്രീയുടെ സംരക്ഷണച്ചുമതല ഇസ്‌ലാം പുരുഷനിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു എന്നു പറഞ്ഞാൽ അത് പുരുഷ മേധാവിത്വമാണെന്ന് ഇക്കൂട്ടർ പറയുകയും ചെയ്യും!

'യന്ത്ര'ത്തിന്റെ സംരക്ഷണം യന്ത്രത്തിന്റെ ഉടമസ്ഥനായ പുരുഷനാണെന്നാണ് നാസ്തികമതം. പക്ഷേ, അതിന് ജീവിവർഗങ്ങളെ ഒന്നാകെ പഴിചാരേണ്ട കാര്യമുണ്ടായിരുന്നില്ല. തേനീച്ചകളെയും ഉറുമ്പുകളെയും സംബന്ധിച്ച പ്രാഥമികമായ അറിവെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഇത്തരമൊരബദ്ധം അദ്ദേഹം പറയുമായിരുന്നില്ല. അത്തരം ജീവികളുടെ കോളനികളിൽ പുരുഷൻ കേവലം ലൈംഗിക തൊഴിലാളിയായി തിന്നും കുടിച്ചും രമിച്ചും ജീവിക്കുമ്പോൾ പെൺവർഗം തങ്ങളുടെ കോളനിയുടെ സംരക്ഷണവും അന്നം തേടലുമടക്കം എല്ലാ ജോലിയും ചെയ്യുന്നു. ഇതൊക്കെ എഴുതി പ്രസിദ്ധീകരിക്കുന്നത് ശാസ്ത്രം, യുക്തി, സ്വതന്ത്രചിന്ത എന്നിങ്ങനെ വാചോടാപം നടത്തുന്ന നാസ്തികരാണെന്നത് ഏറെ കൗതുകമാണ്.

ലേഖകൻ തുടരുന്നു: “എല്ലാ വിഭാഗങ്ങളിലും ശരീരഘടനതന്നെ സ്ത്രീക്കും പുരുഷനും വ്യത്യസ്തമാണ്. ആകൃതിയിൽ മാത്രമല്ല വ്യത്യാസം. ശരീരത്തിലെ കോശഘടനയിലും രക്തത്തിലെ വിവിധ ഘടകങ്ങളുടെ അളവിലും വ്യത്യസ്തത കാണിക്കുന്നു. സാധാരണഗതിയിൽ രക്തത്തിൽ ഉണ്ടാകേണ്ട അളവിലും സ്ത്രീയിലും പുരുഷനിലും പ്രത്യേകം പ്രത്യേകമാണ്. സ്ത്രീശരീരം പുതിയ ഒരു ശിശുവിനെ സൃഷ്ടിക്കേണ്ട സാഹചര്യം കണക്കിലെടുത്താണ് ഈ വ്യത്യാസം പ്രകൃതി ഒരുക്കിയിരിക്കുന്നത് എന്നല്ലേ അനുമാനിക്കേണ്ടത്?” (പേജ് 22).

ഇതൊക്കെത്തന്നെയാണ് മതവിശ്വാസികളും പറയുന്നത്. പെണ്ണ് എല്ലാ നിലയ്ക്കും (ശാരീരികമായും മാനസികമായും) പെണ്ണു തന്നെയാണ്, ആണ് ആണുമാണ്. അതുകൊണ്ടുതന്നെ സ്ത്രീപുരുഷ സമത്വം എന്നത് തലതിരിഞ്ഞ ആശയമാണ്. പെണ്ണിനെ ആണിന്റെ വേഷം ധരിപ്പിച്ചതുകൊണ്ടോ

**“എല്ലാ വിഭാഗങ്ങളിലും ശരീരഘടനതന്നെ സ്ത്രീക്കും പുരുഷനും വ്യത്യസ്തമാണ്. ആകൃതിയിൽ മാത്രമല്ല വ്യത്യാസം. ശരീരത്തിലെ കോശഘടനയിലും രക്തത്തിലെ വിവിധ ഘടകങ്ങളുടെ അളവിലും വ്യത്യസ്തത കാണിക്കുന്നു. സാധാരണഗതിയിൽ രക്തത്തിൽ ഉണ്ടാകേണ്ട അളവിലും സ്ത്രീയിലും പുരുഷനിലും പ്രത്യേകം പ്രത്യേകമാണ്. സ്ത്രീശരീരം പുതിയ ഒരു ശിശുവിനെ സൃഷ്ടിക്കേണ്ട സാഹചര്യം കണക്കിലെടുത്താണ് ഈ വ്യത്യാസം പ്രകൃതി ഒരുക്കിയിരിക്കുന്നത് എന്നല്ലേ അനുമാനിക്കേണ്ടത്?'' (പേജ് 22). ഇതൊക്കെത്തന്നെയാണ് മതവിശ്വാസികളും പറയുന്നത്. പെണ്ണ് എല്ലാ നിലയ്ക്കും (ശാരീരികമായും മാനസികമായും) പെണ്ണു തന്നെയാണ്, ആണ് ആണുമാണ്. അതുകൊണ്ടുതന്നെ സ്ത്രീപുരുഷ സമത്വം എന്നത് തലതിരിഞ്ഞ ആശയമാണ്. പെണ്ണിനെ ആണിന്റെ വേഷം ധരിപ്പിച്ചതുകൊണ്ടോ ബസ് സ്‌റ്റോപ്പിലും മറ്റും ആണിന്റെ മടിയിലിരുത്തിയതുകൊണ്ടോ ആ സമത്വം പുലരില്ല.**

ബസ് സ്റ്റോപ്പിലും മറ്റും ആണിന്റെ മടിയിലിരുത്തിയതുകൊണ്ടോ ആ സമത്വം പുലരില്ല.

ലേഖകൻ പറയുന്നു, പെണ്ണിന്റെ സഹജപ്രകൃതിയും ജൈവികധർമവുമാണ് പ്രസവം എന്ന്. എങ്കിൽ സ്വാഭാവികമായും അവളെ പ്രസവിക്കാൻ അനുവദിക്കുക എന്നത് ഭർത്താവായ പുരുഷന്റെ ഉത്തരവാദിത്തമാണെന്ന് വരുന്നു. എന്നാൽ ആ ഉത്തരവാദിത്തം നിർവഹിക്കാൻ നാസ്തിക ഭർത്താക്കന്മാരെ കിട്ടില്ലെന്ന് മാത്രം!

കേരളത്തിൽ ഏറ്റവും കൂടുതൽ കാലം നിലനിന്ന നാസ്തിക മാസികയായ യുക്തിവിചാരത്തിന്റെ ഈ വിഷയത്തിലെ കാഴ്ചപ്പാട് നോക്കൂ:

“വിവാഹം ഫലപ്രദമാകണമെങ്കിൽ താൻ പ്രസവിച്ചേ മതിയാകൂ എന്ന തീരുമാനത്തോടെയെത്തുന്ന ഭാര്യക്ക്, കുഞ്ഞ് ഒരു അധികപ്പറ്റാണെന്ന യുക്തിവാദിയായ ഭർത്താവിന്റെ തീരുമാനത്തോട് യോജിക്കാനും കഴിയില്ല” (യുക്തിവിചാരം മാസിക, 2010 ഡിസംബർ പേജ് 16,17).

എന്താണിപ്പറഞ്ഞതിനർഥം? പ്രസവിക്കാനുള്ള തീവ്രമായ അഭിലാഷവുമായി തന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന ഭാര്യയുടെ നൈസർഗിക സ്ത്രൈണചോദന പൂർത്തീകരിക്കാൻ നാസ്തിക ഭർത്താവ് തയ്യാറാവില്ല എന്ന്. കാരണം, കുഞ്ഞ് ഒരു അധികപ്പറ്റാണെന്ന് ‘മനസ്സിലാക്കുന്നവനാണ്’ നാസ്തികൻ. സ്വാർഥതയും സ്വസുഖവുമാണ് നാസ്തികതയുടെ ‘ആദർശം,’ കുഞ്ഞിനെ വളർത്തുന്നത് പോലുള്ള ത്യാഗവും ചെലവും ആവശ്യമുള്ള ‘വിഡ്ഢിത്തങ്ങൾ’ക്ക് നാസ്തികരെ കിട്ടില്ല. അതുകൊണ്ട് പ്രിയപ്പെട്ട പെണ്ണേ, നിന്റെ പ്രകൃതിപരമായ ചോദനകളെ അടക്കിപ്പിടിച്ച് ആത്മവഞ്ചന ചെയ്തും നീ ഭർത്താവിന്റെ നാസ്തികതയോട് ചേർന്നുനിൽക്കണം!

പെണ്ണിന്റെ ജീവശാസ്ത്രപരമായ സവിശേഷതകൾ രണ്ടുരീതിയിൽ ചർച്ച ചെയ്യപ്പെടാറുണ്ട്. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ, ശിശുപരിപാലനം തുടങ്ങിയ അവസരങ്ങളിൽ സ്ത്രീക്കുണ്ടാകുന്ന ജൈവിക പ്രയാസങ്ങളിൽ പുരുഷൻ അവൾക്ക് താങ്ങായി നിൽക്കണം എന്നു പറയാൻ വേണ്ടിയാണ് മുസ്‌ലിം പണ്ഡിതന്മാർ അത്തരം വിശദാംശങ്ങളിലേക്ക് പ്രധാനമായും പോകാറുള്ളത്. പ്രസവവും അനുബന്ധ ശാരീരിക പ്രവർത്തനങ്ങളുമെല്ലാം ‘നിലവാരമില്ലാത്ത’ ഏർപ്പാടുകളാണ് എന്നും അവ നിർവഹിക്കാൻ പ്രകൃതിപരമായി ബാധ്യസ്ഥരായ സ്ത്രീശരീരങ്ങൾ പുരുഷനെ അപേക്ഷിച്ച് ഒരുപടി താഴെയാണെന്നും വാദിക്കുന്ന പുരുഷാധിപത്യ ‘ബുദ്ധി’ജീവികളാണ് വേറൊരു രീതിയിൽ അവയെക്കുറിച്ച് സംസാരിക്കാറുള്ളത്. രണ്ടു വ്യത്യസ്ത ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് പെൺശരീരത്തിന്റെ സവിശേഷതകൾ ചർച്ചക്കെടുക്കപ്പെടാറുള്ളത് എന്ന് ചുരുക്കം.

ഇതിൽ, ആണിനുമേൽ ഉത്തരവാദിത്തങ്ങൾ ചുമത്തുക തങ്ങളുടെ ലക്ഷ്യമല്ലെന്ന് നാസ്തികർ വ്യക്തമാക്കിയത് നാം കണ്ടു. ലക്ഷ്യം ആൺകോയ്മയെ സിദ്ധാന്തവത്കരിക്കലാവുക മാത്രമാണ്. പ്രസവിക്കണമെന്നാണ് പെണ്ണിന്റെ ആഗ്രഹം. പെണ്ണ് പ്രസവിക്കേണ്ടതില്ലെന്നാണ് നാസ്തികന്റെ തീരുമാനം. പെൺതാൽപര്യങ്ങൾക്ക് മുകളിൽ ആൺ തിട്ടൂരക്കോടാലി വെക്കുന്നതിന്റെ പേരാകുന്നു നാസ്തികത! കുഞ്ഞ് അതികപ്പറ്റാണ് എന്ന ആണിന്റെ താൽപര്യം നാസ്തികം ഏറ്റെടുക്കുന്നു. പെണ്ണിന്റെ ശബ്ദവും ആഗ്രഹവും ആവശ്യങ്ങളും അവകാശങ്ങളും വികാരങ്ങളും അടിച്ചമർത്തപ്പെടുന്നു. അപ്പോൾ നാസ്തികത്തിന്റെ ലിംഗം ഏതെന്നു തീർച്ചപ്പെടുന്നു. ഇത് തിരിച്ചറിയാത്ത, തിരിച്ചറിയാൻ നിർവാഹമില്ലാത്ത പാവം നാസ്തിക സ്ത്രീജന്മങ്ങൾ! എടുത്തു പറയേണ്ട മറ്റൊരു കാര്യം, സന്താനങ്ങൾ വേണ്ട എന്ന നാസ്തിക തീരുമാനം മനുഷ്യ നിലനിൽപിനെത്തന്നെ ചോദ്യം ചെയ്യുന്നുണ്ട് എന്നതാണ്.

**വിവാഹത്തോടുള്ള വിരോധംമൂലം ‘ആവശ്യപൂർത്തീകരണ’ത്തോട് പുറംതിരിഞ്ഞു നിൽക്കേണ്ടതില്ല നാസ്തിക പുരുഷൻ എന്നാണ് ഗ്രന്ഥകർത്താവ് പറഞ്ഞുവരുന്നത്. മതവിശ്വാസികളെപ്പോലെ വ്യഭിചാരം ‘പാടില്ല’ എന്നൊന്നും നാസ്തികൻ ‘തെറ്റുധരിക്കരുത്’എന്നാണ് ഉപദേശം. അഥവാ ഏതെങ്കിലും നാസ്തികൻ വ്യഭിചാരത്തിൽനിന്നും മറ്റും മാറിനിൽക്കുന്നുവെങ്കിൽ അവനിൽ മതത്തിന്റെ സ്വാധീനം ബാക്കിനിൽക്കുന്നുവെന്നു ഗ്രന്ഥകാരൻ ഉറപ്പിച്ചു പറയുന്നു.**

നാസ്തിക സാമൂഹ്യവ്യവസ്ഥിതിയിൽ ആണിന്റെയും പെണ്ണിന്റെയും കുട്ടികളുടെയും സ്ഥാനം വ്യക്തമാക്കുന്ന ചില ഉദ്ധരണികളിലൂടെ അൽപം മുന്നോട്ട് പോകാം. നാസ്തികൻ സമൂഹത്തിൽ എങ്ങനെ ജീവിക്കണം, അവന്റെ സാമൂഹ്യ പ്രതിബദ്ധത എന്താണ് തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുന്ന ഒരു പുസ്തകമാണ് ഏറ്റുമാനൂർ ഗോപാലനെഴുതി ‘യുക്തിവാദ പ്രചാരണവേദി, തൃശൂർ’ പ്രസിദ്ധീകരിച്ച ‘യുക്തിവാദിയുടെ സാമൂഹ്യവീക്ഷണം.’ കുഞ്ഞ് മാത്രമല്ല, വിവാഹവും ‘അധികപ്പറ്റാണ്’ എന്നാണ് ഗ്രന്ഥകാരന്റെ വീക്ഷണം. ബാധ്യതകൾ ഒന്നുമില്ലാത്ത വ്യഭിചാരത്തിലൂടെയാണ് ലൈംഗികത നാസ്തികൻ ചെയ്യേണ്ടതെന്നും അദ്ദേഹം ഉപദേശിക്കുന്നുണ്ട്! അദ്ദേഹം സംസാരിക്കട്ടെ:

“യുക്തിവാദികളെ സംബന്ധിച്ചിടത്തോളം, വ്യക്തിപരമായ നിസ്സഹായത ഉണ്ടാകുന്നത് സാമൂഹ്യ ജീവിതത്തിലെ ദൈനംദിന അനുഭവങ്ങളിൽനിന്നാണ്. ജീവിത യാഥാർഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോൾ പലരും പരിക്ഷീണിത

രായിത്തീരുന്നു. വിവാഹമെന്ന പ്രശ്നത്തോടടുക്കുമ്പോൾ യുവാക്കളായ യുക്തിവാദികൾക്കനുഭവപ്പെടുന്ന നിസ്സഹായത ഇതിനുദാഹരണമാണ്" (പേജ് 8).

'യുവാക്കളായ യുക്തിവാദികൾ' എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കുക. യുവതികളായ, സ്ത്രീകളായ യുക്തിവാദികൾ ഗ്രന്ഥകാരന്റെ വിഷയമല്ല. നാസ്തികർ പുരുഷന്റെ കാര്യമെ പരിഗണിക്കേണ്ടതുള്ളൂ! തുടർന്ന് അദ്ദേഹം ഇതിനുള്ള പരിഹാരവും നിർദേശിക്കുന്നുണ്ട്:

"അത്തരമൊരു പ്രതിസന്ധിയിൽ എന്ത് ചെയ്യാൻ കഴിയും? അതിജീവനം തന്നെയാണ് പ്രധാനം. നാശത്തെക്കാൾ എന്തുകൊണ്ടും നല്ലത് അതാണ്" (പേജ് 8).

എങ്ങനെ അതിജീവിക്കും എന്നുകൂടി വിശദീകരിക്കുന്നുണ്ട് തുടർ പേജുകളിൽ: "ചില വ്യക്തികൾ ചിലത് വർജിച്ചതുകൊണ്ടും പ്രശ്നങ്ങളിൽനിന്നൊഴിഞ്ഞു മാറിയത് കൊണ്ടും സമൂഹം രക്ഷപ്പെടുകയില്ല. ഒഴിഞ്ഞുമാറൽ അഥവാ നിഷേധം (denial or evasion) ത്യാഗമായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. മൂല്യശോഷണം തടയാനും സദ്വൃത്തിയും സദാചാരവും വളർത്താനും അതാവശ്യമാണെന്ന് വാദിക്കുന്നവരുണ്ട്. ഈ വാദമുന്നയിക്കുന്നവർ യുക്തിവാദികളാണെങ്കിൽ പോലും മതപരമാണ് അവരുടെ വീക്ഷണം" (പേജ് 13,14).

വിവാഹത്തോടുള്ള വിരോധംമൂലം 'ആവശ്യപൂർത്തീകരണ'ത്തോട് പുറംതിരിഞ്ഞു നിൽക്കേണ്ടതില്ല നാസ്തിക പുരുഷൻ എന്നാണ് ഗ്രന്ഥകർത്താവ് പറഞ്ഞുവരുന്നത്. മതവിശ്വാസികളെപ്പോലെ വ്യഭിചാരം 'പാടില്ല' എന്നൊന്നും നാസ്തികൻ 'തെറ്റുധരിക്കരുത്' എന്നാണ് ഉപദേശം. അഥവാ ഏതെങ്കിലും നാസ്തികൻ വ്യഭിചാരത്തിൽനിന്നും മറ്റും മാറിനിൽക്കുന്നുവെങ്കിൽ അവനിൽ മതത്തിന്റെ സ്വാധീനം ബാക്കി നിൽക്കുന്നുവെന്നു ഗ്രന്ഥകാരൻ



**യൂറോപ്പ് മൂന്നു പതിറ്റാണ്ടു മുമ്പ് തള്ളിക്കളഞ്ഞ മാലിന്യങ്ങളെയാണ് പുരോഗതിയുടെ പേരിൽ നാസ്തികതയും കമ്യൂണിസവും മുതലാളിത്തവും ലിബറൽ സംസ്കാരശൂന്യതയും കൂട്ടുചേർന്ന് കേരളത്തിലേക്ക്, ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത് എന്നത് പ്രബുദ്ധ കേരളം തിരിച്ചറിയുക. 'നാടോടുമ്പോൾ നടുവേ ഓടണം,' 'ചേരയെ തിന്നുന്ന നാട്ടിൽ പോയാൽ ചേരയുടെ നടുക്കഷ്ണം തന്നെ തിന്നണം' തുടങ്ങിയ ചൊല്ലുകൾ പ്രാവർത്തികമാക്കുന്ന, ഈ ലിബറൽ മാലിന്യങ്ങളെ വിഴുങ്ങുവാൻ താൽപര്യം കാണിക്കുന്ന മുസ്‌ലിം നാമധാരികൾക്ക് എപ്പോഴാണ് ബോധം വരിക?**

ഉറപ്പിച്ചു പറയുന്നു. അദ്ദേഹം തന്നെ കൂടുതൽ വ്യക്തമാക്കട്ടെ:

"വിലക്കുകൾ ഏതു തരത്തിലുള്ളതായാലും മനുഷ്യനെ അപകർഷപ്പെടുത്തുകയോ നിർവീര്യമാക്കപ്പെടുകയോ (Demoralise) ചെയ്യും. മതങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വിലക്കുകൾ പലരും അനുസരിക്കാറില്ല. അതുപോലെ യുക്തിവാദികളും വിലക്കുകൾ ഏർപ്പെടുത്തുകയും ജനം അനുസരിക്കാതിരിക്കുന്ന ഒരു പരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യേണ്ട ആവശ്യമില്ല. വിലക്കുകൾ അടിച്ചേൽപിക്കുന്ന അപകർഷത അവയുടെ ലംഘനത്തിലൂടെ മാത്രമെ ഇല്ലാതാകുകയുള്ളൂ" (പേജ് 15). തുടർന്ന് വിലക്കുകൾക്കെതിരെ വേവലാതിപ്പെടുന്നു: "വിലക്കുകൾ വേണമെന്ന് യുക്തിവാദികൾ നിർബന്ധം പിടിച്ചാൽ ഭാവിയിൽ അതിനെതിരെ യുക്തിവാദികൾ തന്നെ വിപ്ലവം നടത്തേണ്ടിവരും. അങ്ങനെ സംഭവിക്കുന്നുവെങ്കിൽ യുക്തിവാദവും യുക്തിവാദികളും മറ്റെന്തെങ്കിലുമായിത്തീരും" (പേജ് 16).

യുക്തിവാദികൾക്ക് നിഷിദ്ധമായി യാതൊന്നുമില്ലത്രെ! "വിലക്കുകൾ ഏർപ്പെടുത്താനുള്ള പ്രവണത കാണിക്കുന്നത്, യുക്തിവാദികൾ മതസ്വാധീനത്തിൽനിന്ന് പൂർണമായും മുക്തരായിട്ടില്ലെന്ന് മാത്രമാണ്. യുക്തിവാദികൾക്ക് നിഷിദ്ധമായിട്ടൊന്നും തന്നെയില്ല" (പേജ് 18,19).

വ്യഭിചാരമുൾപ്പെടെയുള്ള ഏതുതരം തെറ്റുകൾക്കും നാസ്തികർക്ക് വിലക്കുകളില്ല, സ്വാതന്ത്ര്യമുണ്ട് എന്ന് കണിശമായി വിശദീകരിക്കുന്നുണ്ട് ഗ്രന്ഥകാരൻ!

"സങ്കീർണമായ സാമൂഹ്യപ്രശ്നങ്ങളോട് ഫലപ്രദമായി പ്രതികരിക്കാൻ കഴിയാത്ത യുക്തിവാദികൾ, വിലകുറഞ്ഞ വിലക്കുകൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നത് വിചിത്രമാണ്. മദ്യപിക്കരുത്, മോഷ്ടിക്കരുത്, വ്യഭിചരിക്കരുത് തുടങ്ങിയ 'അരുതു'കൾ മതപരമായ വിലക്കുകളാണ്. മതപരമായ അത്തരം വിലക്കുകൾ മതാനുയായികളെ ഉദ്ദേശിച്ചുണ്ടാക്കിയിട്ടുള്ളവയാണ്. അരുതുകളുടെ അതിരു ലംഘിക്കുന്നവർക്ക് സ്വർഗരാജ്യം നഷ്ടപ്പെടുമെന്ന് മാത്രമല്ല, നല്ല ശിക്ഷയും ലഭിക്കും. മരണാനന്തര ജീവിതം സുഖകരമാക്കാൻ

അത്തരം ചില 'വ്രതങ്ങൾ' അനുഷ്ഠിക്കണമെന്നാണ് മതങ്ങൾ പഠിപ്പിക്കുന്നത്. ഭൗതികജീവിതം മാത്രമേയുള്ളുവെന്ന് കരുതുന്ന യുക്തിവാദികളും അതൊക്കെ അനുസരിക്കണമെന്ന് പറഞ്ഞാൽ അങ്ങനെ ചെയ്യാൻ പലർക്കും കഴിഞ്ഞെന്നു വരില്ല" (പേജ് 14,15).

ചിത്രം വ്യക്തമായിക്കാണും എന്ന് കരുതട്ടെ. വ്യഭിചാരം, മോഷണം, കൊള്ള, ചൂഷണം തുടങ്ങിയ എന്ത് തട്ടിപ്പുകളും പ്രയോഗവൽകരിക്കുന്നതിന് നാസ്തികർക്ക് തടസ്സങ്ങളും ബുദ്ധിമുട്ടുകളുമൊന്നുമില്ല. ഇതാണ് നാസ്തികരുടെ സാമൂഹ്യവീക്ഷണം. സ്വന്തം സുഖാസ്വാദനവും നേട്ടങ്ങളും മാത്രമായിരിക്കും അവരുടെ ലക്ഷ്യം. ഭാര്യയെയും മക്കളെയും പോറ്റുക എന്ന ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാറി അവർ സുഖഭോഗപ്രിയരായി മാറുന്നതിൽ എന്തുണ്ടത്ഭുതം! അങ്ങനെ മാറുകയാണ് നാസ്തികത്തിന്റെ 'പൂർണത' എന്നാണ് ഗ്രന്ഥകാരൻ സമർഥിക്കുന്നത്.

വിവാഹത്തിനെതിരിലുള്ള വാദങ്ങൾ അദ്ദേഹം തുടരുന്നത് ഇപ്രകാരമാണ്: "മതത്തിന്റെ പ്രകടനപരതയെ എതിർക്കുന്നതുകൊണ്ട് മതപരമായ ആചാരങ്ങളോട് നിഷേധാത്മകത കാണിക്കണമെന്ന് പൊതുവെ അംഗീകരിച്ചിരിക്കുന്നു. വിവാഹം ഉദാഹരണമായെടുക്കാവുന്നതാണ്. 'വിവാഹം' എതുവിധത്തിലുള്ളതായാലും മതപരമാണ്. മതപരമായ സാമൂഹ്യസദാചാരം വളർന്നുവന്നപ്പോഴാണ് സ്ത്രീ-പുരുഷ ബന്ധത്തിന് ഒരു ഉപാധി എന്ന നിലയിൽ വിവാഹ സമ്പ്രദായം ആവിഷ്‌കരിക്കപ്പെട്ടത്. ആദികാല സമൂഹങ്ങളിൽ 'വിവാഹ'മില്ലായിരുന്നു" (പേജ് 30).

മതത്തിന്റെ 'നുകങ്ങളിൽ' നിന്ന് മാനവരാശിയെ സംരക്ഷിക്കാൻ മതപരമായ ചൂഷണോപാധിയായ വിവാഹമെന്ന സംവിധാനത്തെ നാസ്തികൻ (പുരുഷൻ) ഉപേക്ഷിച്ചേ മതിയാകൂ എന്ന സന്ദേശം ഉൾകൊള്ളുക, പ്രയോഗവൽക്കരിക്കുക; ഇതാകുന്നു നാസ്തിക ജീവിതം! നാസ്തിക ജീവിതം വ്യക്തിനിഷ്ഠമാണ്. കുടുംബ, സാമൂഹ്യ നിഷ്ഠമല്ല എന്നുകൂടെ ഇതിൽ നിന്ന് വ്യക്തമാകുന്നു.

വർത്തമാനകാല നാസ്തികതയും അതിന്റെ രാഷ്ട്രീയ വകഭേദവും-പ്രത്യേകിച്ച് അതിന്റെ വിദ്യാർഥി രാഷ്ട്രീയം-അതിനുവേണ്ടി കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. കോളേജുകളിൽ കുട്ടികളെ സ്വാധീനിക്കാൻ പച്ചയായി ലൈംഗിക ചേഷ്ടകൾ വരച്ചുവച്ച വിദ്യാർഥി ഫെഡറേഷൻ നൽകുന്ന സന്ദേശം അതു തന്നെയാണ് വ്യക്തമാക്കുന്നത്. അത് ഒരു പരിധിവരെ വിജയിച്ചിട്ടുമുണ്ട്. തുറന്ന ലൈംഗികത (sexual libaration)) ആഘോഷമാക്കുന്ന യുവതലമുറ വളർന്നു വരുന്നുണ്ട് കേരളത്തിൽ പോലും. അതിലേക്കാണ് കലാസാഹിത്യങ്ങളും എല്ലാവിധ മാധ്യമങ്ങളും നയിക്കുന്നത്. എതിർലിംഗ ലൈംഗികതയിൽ നിന്നുള്ള മോചനമാണ് കേരളത്തിന്റെ വിദ്യാഭ്യാസ ലക്ഷ്യമെന്നു പ്രഖ്യാപിച്ച വിദ്യാഭ്യാസ മന്ത്രി നൽകിയ സന്ദേശവും അതുതന്നെ. ഏതാനും വർഷം മുമ്പ് മലയാളികൾ ആർത്തവത്തെ ആഘോഷമാക്കിയത് നാം മറന്നിട്ടില്ല. ആ ആർത്തവോത്സവം സർക്കാർ ഒത്താശയോടെയാണ് നടന്നത്. ആ ആഭാസാഘോഷ പരിപാടിയുടെ പോസ്റ്ററിൽ കേരള മുഖ്യമന്ത്രിയുടെ ഫോട്ടോ വന്നത് യാദൃച്ഛികമല്ല. അതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നടത്തും എന്നുറപ്പായിരുന്നു. പക്ഷേ, വോട്ടുബാങ്ക് രാഷ്ട്രീയത്തെ അത് നെഗറ്റീവായി ബാധിക്കും എന്ന ബോധ്യം മാത്രമാണ് അതിൽനിന്ന് അദ്ദേഹത്തെ മാറ്റിനിർത്തിയത്.

> **വ്യഭിചാരം, മോഷണം, കൊള്ള, ചൂഷണം തുടങ്ങിയ എന്ത് തട്ടിപ്പുകളും പ്രയോഗവൽകരിക്കുന്നതിന് നാസ്തികർക്ക് തടസ്സങ്ങളും ബുദ്ധിമുട്ടുകളുമൊന്നുമില്ല. ഇതാണ് നാസ്തികരുടെ സാമൂഹ്യവീക്ഷണം. സ്വന്തം സുഖാസ്വാദനവും നേട്ടങ്ങളും മാത്രമായിരിക്കും അവരുടെ ലക്ഷ്യം. ഭാര്യയെയും മക്കളെയും പോറ്റുക എന്ന ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാറി അവർ സുഖഭോഗപ്രിയരായി മാറുന്നതിൽ എന്തുണ്ടത്ഭുതം! അങ്ങനെ മാറുകയാണ് നാസ്തികത്തിന്റെ 'പൂർണത' എന്നാണ് ഗ്രന്ഥകാരൻ സമർഥിക്കുന്നത്.**

യൂറോപ്പ് മൂന്നു പതിറ്റാണ്ടു മുമ്പ് തള്ളിക്കളഞ്ഞ ഇത്തരം മാലിന്യങ്ങളെയാണ് പുരോഗതിയുടെ പേരിൽ നാസ്തികതയും കമ്യൂണിസവും മുതലാളിത്തവും ലിബറൽ സംസ്‌കാരശൂന്യതയും കൂട്ടുചേർന്ന് കേരളത്തിലേക്ക്, ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത് എന്നത് പ്രബുദ്ധ കേരളം തിരിച്ചറിയുക.

'നാടോടുമ്പോൾ നടുവേ ഓടണം,' 'ചേരയെ തിന്നുന്ന നാട്ടിൽ പോയാൽ ചേരയുടെ നടുക്കഷ്ണം തന്നെ തിന്നണം' തുടങ്ങിയ ചൊല്ലുകൾ പ്രാവർത്തികമാക്കുന്ന, ഈ ലിബറൽ മാലിന്യങ്ങളെ വിഴുങ്ങുവാൻ താൽപര്യം കാണിക്കുന്ന മുസ്‌ലിം നാമധാരികൾക്ക് എപ്പോഴാണ് ബോധം വരിക? ഈ വൃത്തികേടുകളുടെ ദുഃസ്വാധീനം നമ്മുടെ വീടുകളിലും വിദ്യാഭ്യാസ മേഖലകളിലും മാത്രമല്ല, എല്ലായിടങ്ങളിലും പ്രകടമായിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിം സമുദായത്തെയും സമൂഹത്തെ മൊത്തവും ഇതിനെതിരിൽ ബോധവത്ക്കരിക്കൽ അനിവാര്യമാണ്. ഈ പോക്കുതന്നെ പോകുകയാണെങ്കിൽ വിദൂരമല്ലാത്ത ഭാവിയിൽ പിതൃശൂന്യരായ സന്തതികളും മാതൃമാത്ര കുടുംബങ്ങളും കേരളത്തിലും വ്യാപകമാകും. അന്ന് നമുക്കും എഴുതാം 'ഫാദർലെസ്സ് കേരള' എന്ന പുസ്തകം! ■

# ബന്ധുവിന്റെ ചതി

ഇബ്നു അലി



‘ഏറ്റവും അടുപ്പമുള്ളവർ ചതിക്കുമ്പോൾ അതിന് ഇരട്ടി മൂർച്ചയാണ്. നിർണായകമായ ഘട്ടത്തിലാണെങ്കിൽ വേദനയും കൂടും.’ വലിയ പരിക്കുപറ്റാതെ രക്ഷപ്പെട്ടതിൽ ചാരുകസേരയിലിരുന്ന് സുഹൃത്ത് പടച്ചവനെ സ്തുതിച്ചു.

ഒരു അക്കൗണ്ടിംഗ് സ്ഥാപനം നടത്തുന്നയാളാണ് കൂട്ടുകാരൻ. ദശക്കണക്കിന് കക്ഷികളുണ്ട്. അവരുടെ ക്രയവിക്രയക്കണക്കുകൾ മാസം തോറും രണ്ടുമൂന്ന് തവണകളായി സർക്കാരിന് ഓൺലൈനായി സമർപ്പിക്കണം. ആനുപാതികമായി നികുതിയടക്കുകയും വേണം. ഡസനിലധികം ജീവനക്കാരുണ്ട് സുഹൃത്തിന്റെ ഓഫീസിൽ. അവസാന ഘട്ടത്തിൽ നികുതി റിട്ടേൺ ഓൺലൈൻ ആയി ഒടുക്കുകയും ഫയൽ ചെയ്യുകയും ചെയ്യുന്നത് ഓഫീസിലെ, സുഹൃത്തിന്റെ ബന്ധുവായ സ്റ്റാഫ് ആയിരുന്നു. വർഷങ്ങളായി കൂടെ യുള്ള അവൻ സാങ്കേതിക വിദ്യയിലും നിപുണനാണ്.

പുതിയ കാര്യങ്ങൾ പഠിക്കാൻ ഉത്സാഹം കാണിക്കുന്ന അവന്, ഇതര സ്വകാര്യസ്ഥാപനങ്ങളിൽ അതേജോലി ചെയ്യുന്നവർക്ക് നൽകുന്നതിനെക്കാൾ അഞ്ചിരട്ടി ശമ്പളം നൽകിയിരുന്നു. കൂടെ സഹായിയായി അവന്റെ അനിയനുമുണ്ട് ഓഫീസിൽ. പുതിയതല്ലെങ്കിലും നല്ല ഒരു കാറ് സുഹൃത്ത് അവർക്ക് വാങ്ങിക്കൊടുത്തിരുന്നു. പഴയ വീട് പുതുക്കിപ്പണിയാനും സഹായിച്ചിരുന്നു. തനിക്ക് സ്ഥാപനം നടത്താൻ സാധിക്കാത്ത പ്രായം വരുമ്പോൾ സ്ഥാപനം നടത്തിക്കൊണ്ടു പോകേണ്ടത് അവനാണെന്നും സുഹൃത്ത് അറിയിച്ചിരുന്നു.

എന്നാൽ കുറച്ച് ആഴ്ചകളായി ചില രേഖകൾ യഥാസമയം ഓൺലൈനായി സമർപ്പിക്കാതിരിക്കുക, അനാവശ്യമായി കാര്യ

ങ്ങൾ നീട്ടിവെക്കുക, കക്ഷികളോട് നിരുത്തരവാദപരമായ രീതിയിൽ ഇടപെടുക, ചെയ്യാത്ത കാര്യം ചെയ്തു എന്ന് തെറ്റുധരിപ്പിക്കുക തുടങ്ങിയവ ദൃഷ്ടിയിൽപെട്ടിരുന്നു. സുഹൃത്ത് അവനെ വിളിച്ച് ഇക്കാര്യത്തിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

അങ്ങനെയിരിക്കെ രേഖകളും മറ്റും സമർപ്പിക്കേണ്ട അവസാന തീയതിക്ക് രണ്ടുദിവസം മുമ്പ് അവൻ ഓഫീസിൽ വന്നില്ല. അനിയനും വന്നില്ല. അവസാന ദിവസവും വന്നില്ല. ഒന്നും അറിയിച്ചതുമില്ല. ആ ദിവസം രേഖകൾ സമർപ്പിച്ചില്ലെങ്കിൽ പിഴയും, നികുതി വൈകിയാൽ പലിശയും അടക്കേണ്ടി വരും. കക്ഷികൾ അടയ്ക്കേണ്ട നികുതിയും ഫീസും രേഖകളും നേരത്തെ സുഹൃത്തിന്റെ ഓഫീസിൽ ഏൽപിച്ചതാണ്. അതുകൊണ്ട് തന്നെ പിഴയുടെ കാര്യവും മറ്റും അവരോട് പറയാനേ വയ്യ. അവന്റെ അസാന്നിധ്യം തനിക്കൊരു പണിതരാനാണ് എന്ന് സുഹൃത്തിന് മനസ്സിലായത് അപ്പോഴാണ്.

സമയം വൈകിയിരുന്നു. താൻ നാൽപതു കൊല്ലം കഠിനാധ്വാനം ചെയ്തുണ്ടാക്കിയ കക്ഷികൾക്കും ഓഫീസർമാർക്കുമിടയിലുമുള്ള നല്ല പ്രാക്ടീഷണർ എന്ന പേര് നഷ്ടപ്പെടും. ആയിരക്കണക്കിന് രൂപ പിഴയും പലിശയുമായി അടച്ച് നഷ്ടപ്പെടും. എന്തു ചെയ്യണം എന്നറിയാതെ സുഹൃത്ത് പരവശനായി. ഒരു വഴി കാണിക്കണേയെന്ന് ഉള്ളുരുകി പ്രാർഥിച്ചു.

സമാന സ്ഥാപനം നടത്തുന്ന സുഹൃത്തുമായി സങ്കടം സ്വകാര്യമായി പങ്കുവെച്ചു. സഹായം ആവശ്യപ്പെട്ടു. നല്ലവനായ ആ സുഹൃത്ത് മറ്റൊന്നും നോക്കാതെ തന്റെ ഓഫീസിലെ മിടുക്കനായ ഒരു സ്റ്റാഫിനെ വിട്ടുകൊടുത്തു. സുഹൃത്ത് ഓഫീസർമാരെ കണ്ട് സാവകാശം ആവശ്യപ്പെട്ടു. പിഴസഹിതം എല്ലാം ഉടനെ ഫയൽ ചെയ്യാം എന്ന് വാക്കുകൊടുത്തു.

പുതിയ ആൾ എല്ലാ കാര്യങ്ങളും ചെയ്തുതുടങ്ങി. അതിനപ്പുറം ഓഫീസിലെ മറ്റു സ്റ്റാഫിനും അവസാനഘട്ടം ഫയൽ ചെയ്യേണ്ട രീതി കൂടി പഠിപ്പിച്ചുകൊടുത്തു. യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാവരും ഒരുമിച്ച് ജോലി ചെയ്ത് ജോലി തീർത്തു. സുഹൃത്ത് ആശ്വസിച്ചു. സ്റ്റാഫിന് ഉച്ചക്ക് നല്ല പാർട്ടി കൊടുത്തു. പുതിയ ആൾക്ക് പഴയ ഓഫീസിലേതിനെക്കാൾ ശമ്പളം കൂട്ടി നൽകി സ്ഥിരമായി നിയമിച്ചു.

സുഹൃത്ത് പടച്ചവനെ സൂക്ഷിച്ച് ജീവിക്കുന്ന, ആരാധനകളിൽ നിഷ്ഠയുള്ള കൃത്യമായി സകാത്ത് നൽകുന്ന, ജീവകാരുണ്യ പ്രവർത്തന രംഗത്ത് സജീവമായി ഇടപെടുന്ന ആളുമാണ്.

ഇപ്പോൾ സ്ഥാപനം ഭംഗിയായി നടക്കുന്നു. ഒരിക്കൽ പോലും ചതി കാണിച്ച ബന്ധുവിനെ നേരിട്ട് വിളിച്ചില്ല. അവൻ വിചാരിച്ച പോലെ സുഹൃത്തിന്റെ പേര് ചീത്തയാക്കാൻ പറ്റിയില്ല. മാത്രമല്ല അവന്റെ ജോലി നഷ്ടപ്പെട്ടു, അനിയന്റെയും. അതിലുപരി ഭാവിയിൽ അവന് സ്വന്തമായി കിട്ടാനിരുന്ന സ്ഥാപനം കൈവിട്ടുപോയി.

സന്തോഷവേളകളിൽ സ്രഷ്ടാവിനോടു നന്ദി കാണിക്കുക. സന്താപകാലത്ത് അവനോട് അപേക്ഷിക്കുക. അവൻ കൈവിടില്ല എന്നുറച്ച് വിശ്വസിക്കുക. തകർക്കാനുള്ള കുതന്ത്രങ്ങളൊന്നും വിജയിച്ചേക്കില്ല. ഏറ്റവും വലിയ തന്ത്രശാലി സ്രഷ്ടാവ് മാത്രമാണല്ലോ.

“നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്കുവേണ്ടി” (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു” (ക്വുർആൻ 3:133,134).

**സന്തോഷവേളകളിൽ സ്രഷ്ടാവിനോടു നന്ദി കാണിക്കുക. സന്താപകാലത്ത് അവനോട് അപേക്ഷിക്കുക. അവൻ കൈവിടില്ല എന്നുറച്ച് വിശ്വസിക്കുക. തകർക്കാനുള്ള കുതന്ത്രങ്ങളൊന്നും വിജയിച്ചേക്കില്ല. ഏറ്റവും വലിയ തന്ത്രശാലി സ്രഷ്ടാവ് മാത്രമാണല്ലോ. “നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്കുവേണ്ടി'' (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു'' (ക്വുർആൻ 3:133,134).**



# വ്യക്തിത്വ വികസനം; ഇസ്‌ലാമിക മാർഗദർശനങ്ങൾ

**ഡോ. ടി. കെ യൂസുഫ്**
: 9349798262

ആകർഷകമായ വ്യക്തിത്വത്തിലൂടെ ആളുകളുടെ മനം കവരാൻ ആഗ്രഹക്കാത്തവർ വിരളമാണ്. എങ്ങനെ നല്ല വ്യക്തിത്വം ആർജിച്ചെടുക്കാം എന്ന് പഠിപ്പിക്കുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. വ്യക്തിത്വ വികാസത്തെക്കാൾ സാമ്പത്തിക വികസനം ലക്ഷ്യംവെച്ച്, കച്ചവട താൽപര്യത്തോടെ വ്യക്തിത്വ വികസന കോഴ്സുകൾ നടത്തുന്നവരുമുണ്ട്. കപട വ്യക്തിത്വത്തിന്റെ മുഖം മൂടിയണിഞ്ഞ് ആളുകളെ പാട്ടിലാക്കാനുള്ള കൗശലങ്ങളാണ് ഇവരിൽ മിക്കവരും അഭ്യസിപ്പിക്കാറുള്ളത്. എന്നാൽ ജാടകളും അഭിനയവും കൂടാതെ ജനഹൃദയങ്ങളിൽ സ്ഥാനം നേടാനുള്ള മാർഗങ്ങളാണ് വ്യക്തിത്വവികസന രംഗത്ത് ഇസ്‌ലാം നൽകുന്നത്.

സന്തോഷകരമായ ജീവിതമാണ് നാമെല്ലാവരും ലക്ഷ്യം വെക്കുന്നത്. പണവും പ്രതാപവും നേടിയതു കൊണ്ട് മാത്രം അത് കൈവരികയില്ല. മറ്റുള്ളവർ നമ്മെ സ്നേഹിക്കുന്നുണ്ട് എന്നറിയുമ്പോഴാണ് യഥാർഥത്തിൽ നമുക്ക് സന്തോഷം അനുഭവപ്പെടുക. ആളുകൾ നമ്മെ സ്നേഹിക്കണമെങ്കിൽ നാം എന്താണു ചെയ്യേണ്ടത്? പണമുണ്ടായതുകൊണ്ട് മാത്രം കാര്യമില്ല, കാരണം പണക്കാരോട് പൊതുവെ ജനങ്ങൾക്ക് അസൂയയാണുണ്ടാകാറുള്ളത്. അതുപോലെ അധികാരത്തിലൂടെയും സ്ഥാനമാനങ്ങളിലൂടെയും അത് നേടാൻ സാധ്യമല്ല. കാരണം അധികാരിവർഗത്തോട് അരിശവും അമർഷവുമാണ് പലരും വെച്ചുപുലർത്താറുള്ളത്. പിന്നെ ജനപ്രീതി നേടാനുള്ള മാർഗമെന്താണ്? ഇവിടെയാണ് വ്യക്തിത്വ വികസനത്തിന്റെ പ്രസക്തി ഉയർന്നുവരുന്നത്.

മുഖപ്രസന്നത ആകർഷക വ്യക്തിത്വത്തിന്റെ മുഖമുദ്രയാണ്. പുഞ്ചിരിയോടുകൂടി മറ്റുള്ളവരെ അഭിമുഖീകരിക്കുന്നവർ മറ്റുള്ളവർക്ക് തങ്ങളുടെ സന്തോഷത്തിന്റെ ഒരു ഭാഗം നൽകുകയും അതിലൂടെ അവരുടെ ദുഃഖം ദൂരികരിക്കാൻ ഒരളവോളം അവരെ സഹായിക്കുകയുമാണ് ചെയ്യുന്നത്. മറ്റുള്ളവരുടെ ദുഃഖവും ദുരിതവും അകറ്റി അവർക്ക് സന്തോഷം പ്രദാനം ചെയ്യുക എന്നത് ഇസ്‌ലാമിൽ ഒരു വലിയ പുണ്യകർമമാണ്. അതുകൊണ്ടാണ് നബി(സ്വ) ഒരാൾ തന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നത് ധർമമാണ് എന്നു പഠിപ്പിച്ചത്.

നബി(സ്വ) പറഞ്ഞു: "നന്മയിൽനിന്ന് യാതൊന്നിനെയും നീ നിസ്സാരമായി ഗണിക്കരുത്; നിന്റെ സഹോദരനെ പുഞ്ചിരിയോടുകൂടി കണ്ടുമുട്ടുന്നതു പോലും" (മുസ്‌ലിം).

എന്നാൽ വിഷാദഭാവത്തോടുകൂടി മറ്റുള്ളവരെ കണ്ടുമുട്ടുന്നവൻ തന്റെ ദുഃഖത്തിന്റെ ഒരു പങ്ക് മറ്റുള്ളവർക്ക് സമ്മാനിക്കുകയാണ് ചെയ്യുന്നത്. പുഞ്ചിരിയും പ്രസന്നഭാവവും വ്യക്തിത്വത്തിന് മാറ്റുകൂട്ടുന്ന പുണ്യകർമമാണെങ്കിലും പൊട്ടിച്ചിരി പലർക്കും അലോസരമുണ്ടാക്കുന്നതും വ്യക്തിത്വത്തിന് പോറലേൽപിക്കുന്നതുമാണ്. പ്രവാചകൻ (സ്വ) പൊട്ടിച്ചിരിക്കുകയോ അട്ടഹസിക്കുകയോ ചെയ്തിരുന്നില്ല എന്ന


ത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. തിരുമേനിയുടെ ചിരിയിൽ അധികവും മന്ദസ്മിതത്തിൽ ഒതുങ്ങുന്നതായിരുന്നുവെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.

ഒരാളുടെ മനസ്സും ശരീരവും വസ്ത്രവും വെടിപ്പുള്ളതായിരിക്കുക എന്നതാണ് ആകർഷക വ്യക്തിത്വത്തിന്റെ മറ്റൊരു ഘടകം. ഇസ്‌ലാമിന്റെ അന്തസ്സത്ത തന്നെ മനസ്സിന്റെ വിശുദ്ധിയാണ്. അല്ലാഹു പറയുന്നു:

“തീർച്ചയായും മനസ്സിനെ പരിശുദ്ധമാക്കിയവൻ വിജയം വരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു” (ഖുർആൻ 91: 9,10).

സമ്പത്തും സന്താനങ്ങളും പ്രയോജനം ചെയ്യാത്ത അന്ത്യദിനത്തിൽ ശുദ്ധമായ മനസ്സുമായി വരുന്നവനു മാത്രമെ രക്ഷയുള്ളൂ എന്നും ഖുർആൻ പ്രഖ്യാപിക്കുന്നുണ്ട്: “അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം, കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ” (ഖുർആൻ 26: 88,89).

മാനസിക വിശുദ്ധിക്ക് മാത്രമല്ല, ശാരീരിക ശുദ്ധിക്കും ഇസ്‌ലാം വളരെ പ്രാധാന്യം നൽകുന്നുണ്ട്. പല ആരാധനാകർമങ്ങൾക്കും അത് ഒഴിച്ചുകൂടാനാവാത്തതാണ്. വസ്ത്രധാരണമാണ് വ്യക്തിത്വം വ്യക്തമാക്കുന്ന മറ്റൊരു ഘടകം. വസ്ത്രം മനുഷ്യന്റെ മാന്യത വെളിപ്പെടുത്തുന്നതുകൊണ്ടു തന്നെ മുന്തിയതും ഭംഗിയുള്ളതുമായ വസ്ത്രങ്ങൾ ധരിക്കുന്നതിന് ഇസ്‌ലാമിൽ വിലക്കുകളില്ല. മുന്തിയ ചെരിപ്പും കുപ്പായവും ധരിക്കുന്നത് അഹങ്കാരമാണോ എന്ന അനുചരന്മാരുടെ ചോദ്യത്തിന് അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗി ഇഷ്ടപ്പെടുന്നു' (മുസ്‌ലിം) എന്നാണ് പ്രവാചകൻ(സ്വ) പ്രതിവചിച്ചത്. അതേസമയം അമിതവ്യയം പാടില്ല എന്നും ഇസ്‌ലാം അനുശാസിക്കുന്നു.



**മാനസിക വിശുദ്ധിക്ക് മാത്രമല്ല, ശാരീരിക ശുദ്ധിക്കും ഇസ്‌ലാം വളരെ പ്രാധാന്യം നൽകുന്നുണ്ട്. പല ആരാധനാകർമങ്ങൾക്കും അത് ഒഴിച്ചുകൂടാനാവാത്തതാണ്. വസ്ത്രധാരണമാണ് വ്യക്തിത്വം വ്യക്തമാക്കുന്ന മറ്റൊരു ഘടകം. വസ്ത്രം മനുഷ്യന്റെ മാന്യത വെളിപ്പെടുത്തുന്നതുകൊണ്ടു തന്നെ മുന്തിയതും ഭംഗിയുള്ളതുമായ വസ്ത്രങ്ങൾ ധരിക്കുന്നതിന് ഇസ്‌ലാമിൽ വിലക്കുകളില്ല. മുന്തിയ ചെരിപ്പും കുപ്പായവും ധരിക്കുന്നത് അഹങ്കാരമാണോ എന്ന അനുചരന്മാരുടെ ചോദ്യത്തിന് അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗി ഇഷ്ടപ്പെടുന്നു' (മുസ്‌ലിം) എന്നാണ് പ്രവാചകൻ (സ്വ) പ്രതിവചിച്ചത്. അതേസമയം അമിതവ്യയം പാടില്ല എന്നും ഇസ്‌ലാം അനുശാസിക്കുന്നു.**

നമ്മുടെ ശരീരത്തിൽനിന്നും മറ്റുള്ളവർക്ക് അനിഷ്ടകരമായ വല്ല ദുർഗന്ധവും വമിക്കുന്നത് നമ്മുടെ വ്യക്തിത്വത്തിന് കോട്ടം വരുത്തുന്നതാണ്. പള്ളിയിൽ പോകുമ്പോൾ സുഗന്ധം പൂശുന്നത് സുന്നത്താണ് എന്നു പഠിപ്പിച്ച പ്രവാചകൻ വെളുത്തുള്ളി തിന്ന് പള്ളിയിൽ പോകുന്നത് വിലക്കിയിട്ടുമുണ്ട്. വേവിക്കാത്ത വെളുത്തുള്ളിയുടെ രൂക്ഷഗന്ധം ശ്വാസകോശം ആഗിരണം ചെയ്യുന്നതുമൂലം കൈയും വായും കഴുകിയാലും അതിന്റെ ഗന്ധത്തിൽനിന്നും മോചനം നേടാനാവില്ല. ഉച്ഛ്വാസത്തിലൂടെ അത് പുറത്തു വരാനിടയുണ്ട്. അതുകൊണ്ടാണ് നബി (സ്വ) അത് തിന്നവർ ‘നമ്മുടെ നമസ്കാര സ്ഥലത്തേക്ക് അടുക്കുക പോലും ചെയ്യരുത്’ എന്നു വിലക്കിയത്. നബി(സ്വ) സുഗന്ധം വളരെ ഇഷ്ടപ്പെടുകയും അത് ധാരാളമായി ഉപയോഗിക്കുകയും ചെയ്തിരുന്നു. തന്നിൽനിന്ന് ആളുകൾക്ക് അനിഷ്ടകരമായ ഒന്നും ഉണ്ടാകരുതെന്ന്

**ഒരാൾ സ്വയം പുകഴ്ത്തുന്നത് അവന്റെ വ്യക്തിത്വത്തിന് വിഘ്നം വരുത്തുന്നുമെന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾ അത് ഇഷ്ടപ്പെടില്ല എന്നതിലുപരി അല്ലാഹു വിലക്കിയ ഒരു ദുർഗുണവുമാണത്. 'സ്വയം പരിശുദ്ധരെന്ന് അവകാശപ്പെടുന്നവരെ നീ കണ്ടില്ലേ? എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധരാക്കുന്നു' എന്ന ഖുർആൻ വചനം (4:49) അതാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവർ തന്നെ പുകഴ്ത്തണം എന്ന് ആഗ്രഹിക്കുന്നതുപോലും ഇസ്‌ലാമിക വീക്ഷണത്തിൽ അഭിലഷണീയമല്ല.**



നബി(സ്വ)ക്ക് നിർബന്ധവുമുണ്ടായിരുന്നു. തിരുമേനിയുടെ ജീവിതത്തിലെ ഒരു സംഭവം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

നബി(സ്വ) തന്റെ പത്നി സൈനബ(റ)യുടെ വീട്ടിൽനിന്ന് തേൻ കഴിക്കാറുണ്ടായിരുന്നു. ഇതിൽ പ്രതിഷേധിച്ച് മറ്റു ഭാര്യമാരായ ഹഫ്സ(റ)യും ആഇശ(റ)യും ഒരു സൂത്രം പ്രയോഗിച്ചു. നബി(സ്വ) അവരുടെ അടുക്കൽ വരുന്ന സമയത്ത് താങ്കളെ മഗാഫീർ മണക്കുന്നു എന്ന് പറയാൻ അവർ തീരുമാനിച്ചു. അങ്ങനെ നബി(സ്വ) വന്നപ്പോൾ അവർ അപ്രകാരം പറഞ്ഞു. ഇതു കേട്ട നബി(സ്വ) തേൻ കുടിക്കുന്നത് പോലും വേണ്ടെന്ന് തീരുമാനിക്കാൻ തയ്യാറായി. അത്ര രൂക്ഷമല്ലാത്ത മഗാഫീർ എന്ന ഒരു മരക്കറയുടെ ഗന്ധം പോലും തന്നിൽനിന്നും വമിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമുണ്ടായിരുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. 'എന്റെ സമുദായത്തിന് പ്രയാസകരമാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരത്തിനു വേണ്ടി വുദൂഅ് ചെയ്യുമ്പോഴും ഞാൻ അവരോട് ദന്തശുദ്ധി വരുത്താൻ കൽപിക്കുമായിരുന്നു എന്ന തിരുവചനം ഇവിടെ ശ്രദ്ധേയമാണ്. നബി(സ്വ) പട്ടിണിയിലും പരിവട്ടത്തിലുമാണ് ജീവിച്ചിരുന്നതെങ്കിലും വൃത്തിയുള്ള വസ്ത്രം ധരിക്കുകയും സുഗന്ധം പൂശുകയും അതിന് പ്രേരണ നൽകുകയും ചെയ്തിരുന്നു. നബി(സ്വ)യുടെ കാലത്ത് കസ്തൂരിപോലുള്ള പ്രകൃതിദത്തമായ പരിമളങ്ങളാണ് പ്രചാരത്തിലുണ്ടായി രുന്നത്. എന്നാൽ ഇന്ന് പ്രചാരത്തിലുള്ളത് കൃത്രിമ സുഗന്ധ ദ്രവ്യങ്ങളാണ്. അവ ഉപയോഗിക്കുന്നവർ ആളുകൾക്ക് തലവേദനയുണ്ടാക്കുന്ന രൂക്ഷഗന്ധങ്ങൾ വർജിക്കേണ്ടതാണ്.

ലാളിത്യമാണ് വ്യക്തിത്വത്തിന് മാറ്റുകൂട്ടുന്ന മറ്റൊരു സ്വഭാവഗുണം. പൊങ്ങച്ചവും താൻപോരിമയും കാണിക്കുന്നവരെ ആരും ഇഷ്ടപ്പെടാറില്ല. നബി(സ്വ)യോട് ഒരിക്കൽ ഒരു അനുചരൻ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവും ആളുകളും എന്നെ ഇഷ്ടപ്പെടാൻ ഞാൻ എന്താണ് ചെയ്യേണ്ടത്?' നബി(സ്വ) പറഞ്ഞു: 'നീ ഇഹലോകത്തിൽ വിരക്തി കാണിക്കുക, എങ്കിൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടും. ജനങ്ങളുടെ അടുക്കലുള്ളത് കൊതിക്കാതിരിക്കുക, എങ്കിൽ ജനങ്ങളും നിന്നെ ഇഷ്ടപ്പെടും' (ഇബ്നു മാജ).

സമ്പത്തും സ്ഥാനമാനങ്ങളും നേടിക്കഴിഞ്ഞാൽ ആളുകൾ തന്റെ ചൊൽപടിയിൽ വരും, തന്നെ ഇഷ്ടപ്പെടും എന്ന അബദ്ധധാരണയാണ് പലർക്കുമുള്ളത്. എന്നാൽ ലാളിത്യത്തിലൂടെയും വിനയത്തിലൂടെയും മാത്രമെ അല്ലാഹുവും മനുഷ്യരും നമ്മെ സ്നേഹിക്കുകയുള്ളൂ എന്നാണ് പ്രവാചകൻ (സ്വ) പഠിപ്പിച്ചത്.

ഒരാൾ സ്വയം പുകഴ്ത്തുന്നത് അവന്റെ വ്യക്തിത്വത്തിന് വിഘ്നം വരുത്തുന്നുമെന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾ അത് ഇഷ്ടപ്പെടില്ല എന്നതിലുപരി അല്ലാഹു വിലക്കിയ ഒരു ദുർഗുണവുമാണത്. 'സ്വയം പരിശുദ്ധരെന്ന് അവകാശപ്പെടുന്നവരെ നീ കണ്ടില്ലേ? എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധരാക്കുന്നു' എന്ന ഖുർആൻ വചനം (4:49) അതാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവർ തന്നെ പുകഴ്ത്തണം എന്ന് ആഗ്രഹിക്കുന്നതുപോലും ഇസ്‌ലാമിക വീക്ഷണത്തിൽ അഭിലഷണീയമല്ല. മറ്റുള്ളവരുടെ പ്രശംസക്കു വേണ്ടി ചെയ്യുന്ന സൽകർമങ്ങൾ-അത് ധർമസമരമോ, ദാനധർമമോ, മതപ്രബോധനമോ എന്തുതന്നെയാണെങ്കിലും-നിഷ്ഫലമാണെന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

വിനയം, ലാളിത്യം, പരോപകാരം തുടങ്ങിയ സൽഗുണങ്ങളാണ് ഒരാളുടെ വ്യക്തിത്വത്തെ ആകർഷമാക്കുന്ന മറ്റു ഘടകങ്ങൾ. പ്രവാചകന്റെ ജീവിതം പരിശോധിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള മുഴുവൻ സ്വഭാവഗുണങ്ങളുടെ ഭൂമികയായിരുന്നു അതെന്നു കാണാം. ആ സ്വഭാവഗുണങ്ങൾകൊണ്ടു മാത്രം തിരുമേനിയിലേക്ക് ആകർഷിക്കപ്പെടുകയും ഇസ്‌ലാം ആശ്ലേഷിക്കുകയും ചെയ്തവർ അനവധിയാണ്. 'താങ്കൾ ഉത്തമ സ്വഭാവത്തിന്റെ ഉടമയാണ്' എന്ന് ഖുർആൻ വിശേഷിപ്പിച്ച (68:4) മുഹമ്മദ് നബി(സ്വ)യുടെ ജീവിതത്തിൽ വ്യക്തിത്വവികസനം ആഗ്രഹിക്കുന്നവർക്ക് അതുല്യമായ മാതൃകകൾ കാണാനാവും. ■



# മാർഗനിർദേശം നൽകപ്പെടേണ്ട യുവത

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

നിസ്സാരമായ ഒരു ബീജകണവും അണ്ഡവും കൂടിച്ചേർന്ന് ഭ്രൂണമായി ഗർഭപാത്രത്തിൽ അള്ളിപ്പിടിച്ച് വളർന്നു. പിന്നീട് പൂർണ വളർച്ചയെത്തിയ ഒരു ജീവനായി വാവിട്ടു കരഞ്ഞുകൊണ്ട് ഈ ഭൂമിയിലേക്ക് പിറന്നുവീണു. പിന്നീടങ്ങോട്ട് ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം... ഒടുവിൽ ജീവിത യാത്ര അവസാനിക്കുന്നു.

ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ ഏറ്റവും കരുത്തുറ്റതും ഊർജസ്വലമായതും യുവത്വ ഘട്ടമാണ്. അത് ഒരു നാടിന്റെ പ്രതീക്ഷയാണ്. ഒരു കുടുംബത്തിന്റെ അത്താണിയാണ്. വരും തലമുറയുടെ വഴികാട്ടികയാണ്.

നല്ല ആരോഗ്യവും മെച്ചപ്പെട്ട വരുമാനമാർഗവും ശാന്തമായ കുടുംബാന്തരീക്ഷവും ഉണ്ടെങ്കിൽ യുവത്വം ഏറെ ആസ്വാദ്യകരമാണ്. എന്നാൽ സമകാലീന ലോകത്ത് ആസ്വാദനത്തിന്റെ അർഥതലങ്ങൾ പലപ്പോഴും വഴിമാറിപ്പോകുന്നു. യുവതലമുറയെ വഴിതെറ്റിക്കുന്ന ധാരാളം മേഖലകൾ തുറന്നുവയ്ക്കപ്പെട്ടിരിക്കുന്ന കാലഘട്ടമാണിത്.

ജീവിത തിരക്കുകൾക്കിടയിൽ പലപ്പോഴും സ്വന്തം കുടുംബത്തെപോലും പരിഗണിക്കാൻ കഴിയാതെ പോകുന്നവരാണ് പലരും. ജീവിതയാത്രയിൽ കൂട്ടും കരുത്തുമായി കൂടെയുണ്ടാവും എന്ന പ്രതീക്ഷയിൽ കൂടെ ജീവിക്കുന്ന ഇണയെ പലപ്പോഴും പരിഗണിക്കാൻ സമയം കിട്ടാതെ വരുന്നവർ, തന്നെ കണ്ട സന്തോഷത്തിൽ വേഗത്തിൽ ഓടിയടുക്കുന്ന കുരുന്നു മക്കളെ വേണ്ടവിധം ചേർത്തുപിടിക്കാനും താലോലിക്കാനും സമയം

കാണാതെ പോകുന്ന മാതാപിതാക്കൾ...പ്രോഗ്രസ് കാർഡിൽ ഒപ്പിടാനുള്ള ഒരു രക്ഷിതാവായി മാത്രം പല മാതാപിതാക്കളും ഒതുങ്ങിപ്പോകുന്നു...!

താനാകുന്ന വ്യക്തിയെ വാർത്തെടുക്കാൻ പ്രാർഥനയാലും പ്രവർത്തനങ്ങളാലും കൂടെ നിന്നവരാണ് മാതാപിതാക്കൾ. എന്നാൽ അവരുടെ വാർധക്യകാലത്ത് അടുത്തിരുന്ന് സാന്ത്വന വാക്കുകൾ പറയാനോ പരിചരിക്കാനോ ഉള്ള മനസ്സ് പലർക്കുമില്ല. സമയമില്ല എന്ന് സ്വയം ആശ്വസിക്കുകയാണവർ. എന്നാൽ എന്താണ് അവരുടെ തിരക്ക്? ജോലി, കച്ചവടം...! എന്തിന്? കുടുംബത്തിന്റെ സുസ്ഥിരമായ ഭാവിക്കുവേണ്ടി, സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി. എന്നാൽ ഭാര്യയും മക്കളും മാതാപിതാക്കളുമൊക്കെ അതിയായി ആഗ്രഹിക്കുന്നത് തങ്ങളുടെ സ്നേഹവും സാമീപ്യവും കൂടിയാണെന്ന കാര്യം ഇവർ അറിയാതെ പോകുന്നു.

**പ്രതിസന്ധികളിൽ പതറരുത്**

മനുഷ്യായുസ്സിലെ ഏറ്റവും അനുഗൃഹീത കാലഘട്ടമായ യുവത്വത്തിൽ നേരിടേണ്ടിവരുന്ന പലവിധ പ്രതിസന്ധികൾക്ക് മുന്നിൽ പലരും പകച്ചുനിൽക്കുന്നതാണ് മറ്റൊരു വിഷയം. നൈമിഷികമായ ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങൾക്കു മുമ്പിൽ അടിപതറി ഒരു കുപ്പി വിഷത്തിലോ ഒരു തുണ്ട് കയറിലോ തന്റെ ജീവിതം അവസാനിപ്പിക്കാൻ മാത്രം പല യുവതിയുവാക്കളുടെയും മനസ്സ് ദുർബലമാണ്. ആത്മഹത്യ തങ്ങളുടെ ജീവിത പ്രതിസന്ധി അവസാനിപ്പിക്കുന്നു എന്നാണോ അവർ വിചാരിക്കുന്നത്? നശ്വരമായ ഒരു പരലോക ജീവിതം വരാനിരിക്കുന്നു, അവിടെ തങ്ങളുടെ നന്മതിന്മകൾക്കനുസരിച്ചുള്ള രക്ഷാശിക്ഷകൾ ലഭിക്കുമെന്ന കാര്യത്തിൽ അവർക്ക് വിശ്വാസമില്ലേ? ആത്മഹത്യ ചെയ്യുന്നവർ, തങ്ങൾ ഈ ലോകത്ത് ബാക്കിവച്ചു പോകുന്ന ജീവിതമാറാപ്പുകൾ കൊണ്ട് തങ്ങളുടെ ഇണകളും കുഞ്ഞുങ്ങളും



**താനാകുന്ന വ്യക്തിയെ വാർത്തെടുക്കാൻ പ്രാർഥനയാലും പ്രവർത്തനങ്ങളാലും കൂടെ നിന്നവരാണ് മാതാപിതാക്കൾ. എന്നാൽ അവരുടെ വാർധക്യകാലത്ത് അടുത്തിരുന്ന് സാന്ത്വന വാക്കുകൾ പറയാനോ പരിചരിക്കാനോ ഉള്ള മനസ്സ് പലർക്കുമില്ല. സമയമില്ല എന്ന് സ്വയം ആശ്വസിക്കുകയാണവർ. എന്നാൽ എന്താണ് അവരുടെ തിരക്ക്? ജോലി, കച്ചവടം...! എന്തിന്? കുടുംബത്തിന്റെ സുസ്ഥിരമായ ഭാവിക്കുവേണ്ടി, സാമ്പത്തിക സുരക്ഷിതത്വത്തിനു വേണ്ടി. എന്നാൽ ഭാര്യയും മക്കളും മാതാപിതാക്കളുമൊക്കെ അതിയായി ആഗ്രഹിക്കുന്നത് തങ്ങളുടെ സ്നേഹവും സാമീപ്യവും കൂടിയാണെന്ന കാര്യം ഇവർ അറിയാതെ പോകുന്നു.**

മറ്റും എത്രമേൽ പ്രയാസപ്പെടുമെന്ന കാര്യം അവർ ഓർക്കുന്നില്ലേ?

**ലഹരി എന്ന ഭീകര വിപത്ത്**

യുവതലമുറയെ വഴിതെറ്റിക്കാൻ പതിയിരിക്കുന്ന വല്ലാത്തൊരു വില്ലനാണ് ലഹരി. ഒരിക്കൽ മാത്രം രുചിച്ചു നോക്കാമെന്ന് കരുതി രുചിക്കുകയും പിന്നീട് ലഹരി എന്ന ഭീകരഗർത്തത്തിലേക്ക് കൂപ്പുകുത്തി വീഴുകയും ചെയ്യുന്നവർ ധാരാളമാണ്. കർമനിരതരായി കുടുംബത്തെ സംരക്ഷിക്കേണ്ട, സമൂഹത്തെ വഴിനടത്തേണ്ട, നാടിന്റെ നട്ടെല്ലായി മാറേണ്ട യുവത്വം സ്വയം നശിക്കുന്നു എന്നത് എന്തുമാത്രം ഖേദകരമാണ്!

**സ്വതന്ത്രവാദം എന്ന ചതിക്കുഴി**

യുവതലമുറയുടെ മുന്നിലുള്ള മറ്റൊരു അപകടമാണ് സ്വതന്ത്രവാദം. 'എന്റെ ശരീരം, എന്റെ ഇഷ്ടം' പോലുള്ള മുദ്രാവാക്യങ്ങളിൽ പലരും വീണുപോകുന്നു. തന്റെയീ ശരീരവും ജീവിതവും സ്വന്തം അഭിപ്രായപ്രകാരമോ ഇഷ്ടപ്രകാരമോ ലഭിച്ചതല്ലെന്ന യാഥാർഥ്യം അവർ മറന്നുപോകുന്നു. ബന്ധങ്ങളുടെ കെട്ടുകളിൽനിന്ന് മോചനം നേടുവാനും സുഖഭോഗങ്ങളിൽ ആറാടി ജീവിക്കുവാനുമാണ് സ്വതന്ത്രവാദികൾ ക്ഷണിക്കുന്നത്. ലൈംഗിക അരാചകത്വത്തിലേക്ക് അവർ കൂപ്പുകുത്തുന്നു.

എന്താണ് സ്വതന്ത്രവാദത്തിന്റെ പേരിൽ ഇവിടെ നടമാടിക്കൊണ്ടിരിക്കുന്നത്? ധാർമികതയുടെ സകല സീമകളും ലംഘിച്ചുള്ള മൃഗസമാന ജീവിതമാണ് സ്വതന്ത്രവാദക്കാർ ആഗ്രഹിക്കുന്നത്. അതിന്

ഇസ്‌ലാം എതിരാണ്. അതിനെ മറികടക്കാൻ ഇസ്‌ലാമോഫോബിയയെ അവർ ആയുധമാക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ യുവതലമുറ അതിന്റെ ഉപഭോക്താക്കളായി മാറുന്നു.

അതിമഹത്തായ ഇസ്‌ലാമികാദർശത്തെ ആദർശംകൊണ്ട് നേരിടാൻ കഴിയാത്തവർ പരിഷ്കാരത്തിന്റെയും പുരോഗമനത്തിന്റെയും എതിരാളിയായി ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നു. തങ്ങളുടെ പൊള്ളയായ ചിന്തകളെ, തികച്ചും അധാർമികമായ കാര്യങ്ങളെ പുരോഗമനത്തിന്റെ അടയാളമായി പരിചയപ്പെടുത്തുന്നു. അതെ, സ്വതന്ത്ര ചിന്തകർ ഇസ്‌ലാം പഠിപ്പിക്കുന്ന ഇന്നതമൂല്യങ്ങളെ അപരിഷ്കൃതമെന്നു വരുത്തിത്തീർത്ത് അതുവഴി മുസ്‌ലിം യുവതയെ ഇസ്‌ലാമിൽനിന്നും വഴിതിരിച്ചുവിടാനുള്ള ശ്രമങ്ങൾ കാര്യമായിത്തന്നെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

**ഉത്തരവാദിത്തങ്ങൾ ഏറെയുണ്ട്**

പ്രായമേറി വരുന്ന മാതാപിതാക്കൾ, വളർന്നുവരുന്ന മക്കൾ, അവരുടെ വിദ്യാഭ്യാസം, ജീവിത സന്ധാരണ മാർഗങ്ങൾ...എല്ലാറ്റിലും ശ്രദ്ധ ചെലുത്തേണ്ടവരാണ് യുവസമൂഹം. സാമൂഹിക, സമകാലിക വിഷയങ്ങളിൽ അവർക്ക് ധാരണ വേണം. ഉത്തരവാദിത്തങ്ങൾ ഏറെയുള്ള കാലഘട്ടം തന്നെയാണ് യുവത്വം. മുന്നിൽ കാണുന്ന എല്ലാ വഴികളും തനിക്കുതകുന്നതല്ല എന്ന വ്യക്തമായ കാഴ്ചപ്പാടോടെ, ഏറെ ശ്രദ്ധയോടെ മുന്നോട്ട് നീങ്ങേണ്ട കാലഘട്ടം.

ലക്ഷ്യബോധമില്ലാത്ത ഒരു ജനതയ്ക്ക് ഒഴുക്കിനെതിരെ നീന്തുക എന്നത് പ്രയാസകരം തന്നെയാണ്. ചപ്പുചവറുകളുടെ കൂടെ കരയടുക്കുകയാണോ അതോ ഒഴുക്കിനെതിരെ നീന്തി യഥാർഥ ലക്ഷ്യം കൈവരിക്കുകയാണോ തങ്ങളുടെ ഉത്തരവാദിത്തം എന്ന് യുവത തിരിച്ചറിയേണ്ടതുണ്ട്. അതെ,

**ലക്ഷ്യബോധമില്ലാത്ത ഒരു ജനതയ്ക്ക് ഒഴുക്കിനെതിരെ നീന്തുക എന്നത് പ്രയാസകരം തന്നെയാണ്. ചപ്പുചവറുകളുടെ കൂടെ കരയടുക്കുകയാണോ അതോ ഒഴുക്കിനെതിരെ നീന്തി യഥാർഥ ലക്ഷ്യം കൈവരിക്കുകയാണോ തങ്ങളുടെ ഉത്തരവാദിത്തം എന്ന് യുവത തിരിച്ചറിയേണ്ടതുണ്ട്. അതെ, യഥാർഥ ലക്ഷ്യബോധം പ്രധാനമാണ്. അതിനായി ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട്. നമ്മുടെ ഇഷ്ടത്തിനനുസരിച്ചോ സമ്മതപ്രകാരമോ അല്ല നാം ജനിച്ചതെങ്കിൽ പിന്നെ, നമ്മെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ പക്കൽനിന്നും അവതരിക്കപ്പെട്ട മാർഗനിർദേശം അനുസരിച്ച് ജീവിക്കുക എന്നത് തികച്ചും ന്യായമായ കാര്യമല്ലേ?**

യഥാർഥ ലക്ഷ്യബോധം പ്രധാനമാണ്. അതിനായി ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട്.

യുവതികളും യുവാക്കളും ആലോചിക്കുക; സദാസമയവും തിരക്കിലായ നാം നമ്മുടെ സ്രഷ്ടാവിനോടടുക്കാൻ ചെലവഴിക്കുന്ന സമയം എത്രയാണ്? അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം യഥാസമയം നിർവഹിക്കാൻ നാം സമയം കണ്ടെത്താറുണ്ടോ? ടിവിയുടെയും മൊബൈലിന്റെയും സ്ക്രീനിനു മുന്നിൽ ഓരോ ദിവസവും മണിക്കൂറുകൾ ചെലവഴിക്കുന്ന നമ്മൾ സ്രഷ്ടാവിന്റെ തൃപ്തി നേടാനായി, അവനോട് തന്റെ പ്രയാസങ്ങൾ തുറന്നുപറയാനും ഭാരങ്ങൾ ഇറക്കിവയ്ക്കാനുമായി എത്ര മിനുട്ട് ചെലവഴി ക്കുന്നുണ്ട്? നൈമിഷികമായ ഈ ലോകത്തിന്റെ നഷ്ടങ്ങളുടെ പേരിൽ കണ്ണുനീർ പൊഴിച്ച കണ്ണുകൾ, വരാനിരിക്കുന്ന പരലോകത്തെ കുറിച്ചോർത്ത് എപ്പോഴെങ്കിലും കരഞ്ഞിട്ടുണ്ടോ?

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം പരലോകത്തിലുള്ള അചഞ്ചലമായ വിശ്വാസം അനിവാര്യമാണ്. നന്മതിന്മകൾക്ക് പ്രതിഫലം നൽകപ്പെടുന്ന ലോകം. സർവശക്തൻ നമ്മെ വൃഥാ സൃഷ്ടിച്ചതല്ലെന്നും വരാനിരിക്കുന്ന ആ നാളേക്കായാണ് നാം ഇവിടെ കർമനിരതരാവേണ്ടത് എന്നും നമുക്ക് തിരിച്ചറിവ് ഉണ്ടാകേണ്ടതല്ലേ?

**മരണം അവസാനമല്ല**

മരണം ഒരിക്കലും ഒരു അവസാനമല്ല. മറിച്ച് വരുംലോകത്തിന്റെ തുടക്കം മാത്രം! എന്നിരിക്കെ ആ യാത്രക്കുള്ള വിഭവമായി എന്താണ് നാം കരുതിവച്ചിട്ടുള്ളത്? അനന്തമായ ആ ജീവിതത്തിന്റെ മുന്നൊരുക്കം മാത്രമാണ് ഈ ജീവിതം എന്ന തിരിച്ചറിവ് നമ്മെ കണ്ണുതുറപ്പിക്കേണ്ടതാണ്.

സ്വജീവിതംകൊണ്ട് മാതൃക കാണിച്ച പ്രവാചകന്റെ(സ്വ) അനുയായികളാണ് നാം. ഇഹപര വിജയത്തിനാവശ്യമായതെല്ലാം അവിടുന്ന് വിശുദ്ധ ക്വുർആനിന്റെ വെളിച്ചത്തിൽ പറഞ്ഞുതന്നിട്ടുണ്ട്. അതെല്ലാം പഠിച്ചറിഞ്ഞ് സ്വജീവിതം നന്നാക്കിയെടുക്കുകയും പരലോക വിജയത്തിന് അർഹത നേടിയെടുക്കുകയും കുടുംബത്തിനും നാടിനും ദീനിനും ഉപകാരമുള്ളവരായി മാതൃകയാവുകയും ചെയ്യുകയാണ് തങ്ങളുടെ കടമ എന്ന് യുവസമൂഹം തിരിച്ചറിയുക.

നമ്മുടെ ഇഷ്ടത്തിനനുസരിച്ചോ സമ്മതപ്രകാരമോ അല്ല നാം ജനിച്ചതെങ്കിൽ പിന്നെ, നമ്മെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ പക്കൽനിന്നും അവതരിക്കപ്പെട്ട മാർഗനിർദേശം അനുസരിച്ച് ജീവിക്കുക എന്നത് തികച്ചും ന്യായമായ കാര്യമല്ലേ? ■



ലേഖനം

# ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

06

അബൂ ഫർഹാൻ ബിൻ യൂസുഫ്, കോട്ടക്കൽ

അബ്ദുൽ ഗ്വനിയ്യുൽ മഖ്ദസിയുടെ അക്വീദ വിഷയത്തിൽ വിരചിതമായ ഗ്രന്ഥങ്ങളിലൊന്നാണ് 'അൽഇക്തിസ്വാദു ഫിൽഇഅ്തികാദ്.' അതിന്റെ 94ാം പേജിൽ പറയുന്നു: "ആയത്തുകളും ഹദീസുകളും വന്നതിനുശേഷം അല്ലാഹു ശരിക്കും ഉപരിലോകത്താണെന്നതിനെ നിഷേധിച്ചാൽ അവൻ ക്വുർആനിനെതിരായവനും ഹദീസിനെ നിഷേധിച്ചവനുമാകുന്നു."

ബറേൽവികളും അശ്അരികളും, ഏഴാകാശങ്ങൾക്കും മുകളിലാണ് അല്ലാഹു എന്ന അല്ലാഹുവിന്റെ വിശേഷണത്തെ നിഷേധിക്കുന്നവരും അത് അംഗീകരിക്കുന്നവരെ അവയവവാദിയായി (മുജസ്സിം) മുദ്രകുത്തുന്നവരുമാണ്. ഇത്തരക്കാർക്കുള്ള ഖണ്ഡനമായിട്ടാണ് ശൈഖ് ജീലാനിയുടെ അവസാനകാലത്തെ ശിഷ്യൻ കൂടിയായ മഖ്ദസി കിതാബുൽ ഗുൻയതിലെ സമാന പ്രയോഗം ഉപയോഗിച്ച് അശ്അരി-ബറേൽവി സുഹൃത്തുക്കളെ ക്വുർആനിന്റെ എതിരാളികളെന്നും ഹദീസ് നിഷേധിച്ചവരെന്നും പറയാതെ പറയുന്നത്.

അല്ലാഹുവിന്റെ ഇറക്കത്തെ സ്ഥിരപ്പെടുത്തുന്ന ഹദീസ് വിശദീകരിച്ചുകൊണ്ട് മഖ്ദസി പറയുന്നത് നോക്കുക: "അവന്റെ അധികാരം ഇറങ്ങുമെന്നോ അനുഗ്രഹം ഇറങ്ങുമെന്നോ കഴിവ് ഇറങ്ങുമെന്നോ പ്രയോഗിക്കാൻ പാടില്ല" (അൽഇക്തിസ്വാദു ഫിൽഇഅ്തികാദ് 1/101).

എല്ലാറ്റിനും കഴിവുള്ള അല്ലാഹുവിന് ഇറക്കത്തിനു കഴിവില്ല എന്നാണ് അശ്അരികൾ പറയുന്നത്. അല്ലാഹു പറയുന്നു; അവൻ ഉദ്ദേശിച്ച പോലെ ഇറങ്ങും. ബറേൽവി-സമസ്തക്കാർ പറയുന്നു; അല്ലാഹുവിന് ഇറങ്ങാൻ കഴിയില്ല. എല്ലാറ്റിനും കഴിവുള്ള അല്ലാഹുവിന്, അവൻ ഉദ്ദേശിച്ചാൽ പോലും അവന്റെ ഇറക്കത്തിനു പറ്റില്ലെന്നു പറയുന്നതിനാൽ അല്ലാഹുവിന്റെ ക്വുദ്റത്ത് (കഴിവ്) എന്ന വിശേഷണത്തെ അവർക്ക് ചോദ്യം ചെയ്യേണ്ടിയും വരുന്നു. അല്ലാഹുവിന് ഇറങ്ങണമെങ്കിൽ സ്ഥലം ആവശ്യമായിവരുമെന്ന് ദുർന്യായം പറയുന്നവരും ആ ഇറക്കമെങ്ങനെയെന്ന കുരുട്ടുചോദ്യം ചോദിക്കുന്നവരും ചെയ്യേണ്ടത് അല്ലാഹു സൃഷ്ടികളെപ്പോലെയാണെന്ന തോന്നൽ മനസ്സിൽനിന്നും മാറ്റിവെക്കുക എന്നതാണ്. അപ്പോൾ ഈ ചോദ്യമെല്ലാം പൊള്ളയാണെന്നു ബോധ്യമാകും.

ഇക്കൂട്ടർ അല്ലാഹുവിനെ മനസ്സിലാക്കേണ്ട രീതിയിൽ പ്രമാണങ്ങളിൽനിന്നും മനസ്സിലാക്കാത്തതിനാൽ സൃഷ്ടികളെപ്പോലെയാണ് അവൻ എന്ന് തെറ്റിദ്ധരിച്ച് അവന്റെ ഇറക്കം എന്ന വിശേഷണത്തെ വ്യാഖ്യാനിക്കുന്നു. ഈ വ്യാഖ്യാനമാകട്ടെ പ്രമാണ പിൽബലമില്ലാത്തതും മുഅ്തസിലികൾ നൽകിയതുമാണ്. അല്ലാഹുവിന്റെ ഇറക്കം എന്ന വിശേഷണത്തിന് അധികാരം ഇറങ്ങൽ, കഴിവ് ഇറങ്ങൽ, അനുഗ്രഹം ഇറങ്ങൽ മുതലായ മുഅ്തസിലീ ദുർവ്യാഖ്യാനങ്ങൾ ഇവർ നൽകുന്നു. അങ്ങനെയവർ അല്ലാഹുവിന്റെ വിശേഷണത്തെ നിഷേധിച്ചവരായും മാറുന്നു. അശ്അരികളുടെ ഈ ദുർവ്യാഖ്യാനത്തെയാണ് ശൈഖ് ജീലാനിയുടെ ശിഷ്യൻ മഖ്ദസി ഹറാമാണെന്ന് പറയുന്നതും അല്ലാഹുവിന്റെ യഥാർഥ ഇറക്കത്തെ സ്ഥിരപ്പെടുത്തുന്നതും.

അല്ലാഹുവിന് ഇരുകരങ്ങളുണ്ടെന്ന വിശേഷണം പറയുന്നതാണല്ലോ, ബറേൽവി-സമസ്തക്കാരുടെ വീക്ഷണത്തിലെ മറ്റൊരു വൻപാപം! അതിനെയും മഖ്ദസി കിതാബുൽ ഗുൻയതിലുള്ളതുപോലെ സ്ഥിരപ്പെടുത്തുന്നത് കാണുക:

"അല്ലാഹുവിന്റെ ഇരുകരങ്ങൾ മറ്റുള്ളവരെപ്പോലെയുള്ള കൈക

ളാണെന്നു നാം പറയില്ല. അതെങ്ങനെയെന്ന് വിവരിക്കാതെയും അതിനെ തുല്യപ്പെടുത്താതെയും നാം ആ വിശേഷണത്തെ സ്ഥിരപ്പെടുത്തുന്നു. വ്യാഖ്യാനിക്കുന്നവരും നിഷേധിക്കുന്നവരുമായ (അശ്അരികൾ, മുഅ്തസിലികൾ) വിഭാഗങ്ങളെപ്പോലെ രണ്ടു ക്വുദ്റത്ത് എന്ന് നാം അല്ലാഹുവിന്റെ ഇരുകരങ്ങളെ വ്യാഖ്യാനിക്കുകയില്ല. എന്നാൽ നാം, (പ്രമാണങ്ങളിൽ) വന്നതുപോലെ വിശ്വസിക്കുകയും പരിധി നിശ്ചയിക്കാതെയും തുലനപ്പെടുത്താതെയും അവന്റെ വിശേഷണങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഇരുകരങ്ങൾക്ക് രണ്ടു ക്വുദ്റത്ത് എന്നു പറയലോ രണ്ട് അനുഗ്രഹമെന്നു പറയലോ സ്വീകാര്യമല്ല. അവന്റെ ക്വുദ്റത്ത് ഏകവും അവന്റെ അനുഗ്രഹം കണക്കില്ലാത്തതുമാണ്'' (അൽഇക്തിസ്വാദു ഫിൽഇഅ്തികാദ് 1/101).

ഇമാമുൽ ഹറമൈനി, അബ്ദുൽ കാഹിറുൽ ബാദ്ദാദി തുടങ്ങിയ അറിയപ്പെട്ട ചില അശ്അരീ പണ്ഡിതന്മാരും മുഅ്തസിലികളും അല്ലാഹുവിന്റെ കരം എന്ന വിശേഷണത്തെ പൂർണമായി നിഷേധിച്ചവരാണ്. എന്നാൽ മറ്റുള്ള അശ്അരീ പണ്ഡിതന്മാർ അത് അല്ലാഹുവിന്റെ വിശേഷണം എന്നത് അംഗീകരിച്ചുകൊണ്ടുതന്നെ വ്യാഖ്യാച്ചു നിഷേധിക്കുന്നു. ഈ രണ്ട് വിഭാഗക്കാരെയും കിതാബുൽ ഗുൻയതിൽ ജീലാനി ശക്തമായി വിമർശിച്ചതുപോലെയാണ് അദ്ദേഹത്തിന്റെ ശിഷ്യൻ മഖ്ദസിയും ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ എന്ന വിശേഷണത്തെ സ്ഥിരപ്പെടുത്തുന്ന മഖ്ദസിയും ജീലാനിയും സമസ്ത-ബറേൽവികളെ സംബന്ധിച്ചിടത്തോളം അവയവവാദികളാണ്.

ഇബ്നു തൈമിയ്യയെ മുജസ്സിമാക്കാൻ കാണിച്ച ആവേശം മഖ്ദസിയെയും മിസ്സിയെയും മുജസ്സിമുകളാക്കാൻ കാണിച്ചാൽ സമസ്തക്കാരുടെ ഹദീസ് പഠനവും വഴിമുട്ടും. കാരണം ഹദീസ് നിലകൊള്ളുന്നത് സനദുകളുടെ (നിവേദക പരമ്പര) അടിസ്ഥാ

**അശ്അരികളുടെ വിശ്വാസപ്രകാരം യഥാർഥ ക്വുർആനിന് അക്ഷരവും ശബ്ദവുമില്ല. അത് ജിബ്‌രീലിന് അല്ലാഹു തോന്നിപ്പിച്ചതാണ്. ജിബ്‌രീൽ അറബിയിൽ സംസാരിച്ചതുകൊണ്ട് ക്വുർആൻ ആയെന്നും, ഹിബ്രു ഭാഷയിൽ സംസാരിച്ചതുകൊണ്ട് തൗറാത്ത് ആയെന്നും സുറിയാനി ഭാഷയിൽ സംസാരിച്ചതുകൊണ്ട് ഇഞ്ചീൽ ആയെന്നുമാണ് അശ്അരികൾ വാദിക്കുന്നത്.**

നത്തിലാണ്. സനദുകളുടെ ചരിത്രം പഠിക്കാൻ സലഫി പണ്ഡിതനായ ഹാഫിദുൽ മിസ്സിയെ അവലംബിക്കേണ്ടതായിട്ടുണ്ട്. എട്ടാം നൂറ്റാണ്ടിൽ അശ്അരി-സൂഫി വ്യത്യാസമില്ലാതെ എല്ലാവരും ഹദീസുകളുടെ പരമ്പര പഠിച്ചത് മിസ്സിയിൽനിന്നും മിസ്സിയുടെ ശിഷ്യന്മാരിൽനിന്നുമാണ്.

സമസ്തയുടെ സംഘടനാ പക്ഷപാദിത്തമോ ബറേൽവി സ്പിരിറ്റോ ഇല്ലാത്ത മിസ്സിയിൽനിന്നും അറിവ് കരസ്ഥമാക്കിയ തങ്ങളുടെ ഗുരുക്കൻമാരെയും ഇവർക്കു തള്ളേണ്ടി വരും. ഇത് കിതാബുൽ ഗുൻയതിൽ കടത്തിക്കൂട്ടൽ സംഭവിച്ചുവെന്നു വ്യാജം പറഞ്ഞ ഹൈത്തമിക്കും ബാധകം തന്നെ. അദ്ദേഹത്തിന്റെ കടുത്ത പക്ഷപാദിത്തം സ്വന്തം ശിഷ്യനായ മുല്ല അലിയ്യുൽ ക്വാരി തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി അദ്ദേഹത്തിന്റെ കിതാബുൽ ഗുൻയതിൽ അശ്അരികളെ അങ്ങേയറ്റം വിമർശിച്ച വിഷയമാണല്ലോ ക്വുർആനിന് അക്ഷരങ്ങളും ശബ്ദവും ഇല്ല എന്ന അശ്അരികളുടെ വാദം. അതേക്കുറിച്ച് മഖ്ദസിയുടെ വിശദീകരണം നോക്കാം:

"എഴുതപ്പെട്ട അക്ഷരങ്ങളും കേൾക്കപ്പെടുന്ന വാക്കുകളും അല്ലാഹുവിന്റെ വചനം തന്നെയാണെന്നാണ് നാം വിശ്വസിക്കുന്നത്; എടുത്തുദ്ധരിക്കലോ പര്യായപദങ്ങളോ അല്ല'' (അൽഇക്തിസ്വാദ് 1/140).

അല്ലാഹുവിന്റെ ക്വുർആനിന് അക്ഷരവും ശബ്ദവും ഇല്ല എന്ന് പറയുന്ന അശ്അരികൾക്കുള്ള ശക്തമായ മറുപടിയാണ് മഖ്ദസിയുടെ ഈ വാക്കുകൾ. അശ്അരികളുടെ വിശ്വാസപ്രകാരം യഥാർഥ ക്വുർആനിന് അക്ഷരവും ശബ്ദവുമില്ല. അത് ജിബ്‌രീലിന് അല്ലാഹു തോന്നിപ്പിച്ചതാണ്. ജിബ്‌രീൽ അറബിയിൽ സംസാരിച്ചതുകൊണ്ട് ക്വുർആൻ ആയെന്നും, ഹിബ്രു ഭാഷയിൽ സംസാരിച്ചതുകൊണ്ട് തൗറാത്ത് ആയെന്നും സുറിയാനി ഭാഷയിൽ സംസാരിച്ചതുകൊണ്ട് ഇഞ്ചീൽ ആയെന്നുമാണ് അശ്അരികൾ വാദിക്കുന്നത്.

ക്വുർആനിന്റെ അക്ഷരങ്ങളും പദങ്ങളുമെല്ലാം സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ വുദൂഅ് ചെയ്തേ സ്പർശിക്കാവൂ എന്ന് അവർ തന്നെ പറയുന്നതിന് എന്തു പ്രസക്തി? അല്ലാഹു ജിബ്‌രീൽ മുഖാന്തരം റസൂലിന് ഇറക്കിക്കൊടുത്ത ക്വുർആൻ ജിബ്‌രീലിന്റെ ഭാഷയായി എടുത്ത് ഉദ്ധരിക്കപ്പെട്ടതോ ജിബ്‌രീലിന്റെ പദ പ്രയോഗമോ ആണെന്ന അശ്അരീ വാദം അഹ്‌ലുസ്സുന്നയുടെ വിശ്വാസമല്ലെന്നും മഖ്ദസി പറയുന്നു. നാം പാരായണം ചെയ്യുന്ന ക്വുർആൻ യഥാർഥത്തിൽ ഉള്ളതാണെന്നും അത് ജിബ്‌രീലിന്റെ വാക്കുകളല്ലെന്നും തെളിവുകൾ സഹിതമാണ് കിതാബുൽ ഗുൻയതിൽ ശൈഖ് ജീലാനി പറയുന്നത്. പ്രസ്തുത കിതാബിൽ കടത്തിക്കൂട്ടൽ നടന്നു എന്ന ഹൈത്തമിയുടെ വാദം കെട്ടുകഥയാണെന്നു വ്യക്തം. സൂഫി പക്ഷപാദിത്തവും ഹദീസ് വിഷയത്തിലെ അജ്ഞതയും മൂലം ഇബ്നു ഹജറുൽ അസ്ക്വലാനിക്കു വേണ്ടവിധത്തിൽ പരിഗണന കൊടുക്കാത്ത ഹൈത്തമിയുടെ കൂട്ടിച്ചേർക്കൽ കഥ ശൈഖ് ജീലാനിയുടെ ശിഷ്യന്മാരിലൂടെ അല്ലാഹു തകർത്തിരിക്കുന്നു.

*(തുടരും)*



യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും 09

# ഇസ്‌ലാമിക സമൂഹങ്ങളിൽ നിന്നും യഹൂദർക്കു ലഭിച്ച സഹിഷ്ണുത

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

തങ്ങൾ ജീവിക്കുന്ന സാഹചര്യം, സാമൂഹികാവസ്ഥ എന്നിവയിൽനിന്നും ഉരുത്തിരിയുന്ന വിശ്വാസങ്ങളും ആചാരങ്ങളും തത്ത്വങ്ങളുമായിരുന്നു യഹൂദരുടെ മുഖ്യപ്രമാണങ്ങൾ. മുസ്‌ലിം സമൂഹവുമായി വളരെയധികം അടുത്തിടപെട്ടുകൊണ്ട് ജീവിച്ചിരുന്ന ഇസ്‌ലാമിക കാലഘട്ടങ്ങളിൽ ഫാറാബി-ഇബ്നുസീന തുടങ്ങിയവരുടെ ചിന്താധാരകൾ തങ്ങളുടെ തത്ത്വശാസ്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനായി യഹൂദർ ധാരാളമായി കടമെടുത്തു. മുസ്‌ലിം സമൂഹം ഗ്രീക്കിൽനിന്നും മറ്റുമായി അറബിയിലേക്ക് ഭാഷാന്തരം ചെയ്തിരുന്ന ഗ്രീക്ക് ഫിലോസഫിയെ യഹൂദർ കാര്യമായി ഉപയോഗപ്പെടുത്തി. അറബിയിൽനിന്നും ഇവ ഹിബ്രുവിലേക്ക് അവർ ഭാഷാന്തരം ചെയ്തു (The Jewish Encyclopaedia Vol.1, P-16).

അബ്ബാസിയ്യ കാലഘട്ടത്തിൽ വിവിധ ഭാഷകളിലുള്ള വൈദ്യശാസ്ത്രം, വാസ്തുശിൽപം തുടങ്ങിയവയുമായി ബന്ധപ്പെട്ട ധാരാളം ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരുന്നു. ഇവ അതേപടിതന്നെ പ്രയോജനപ്പെടുത്തുന്നതിൽ യഹൂദർ പ്രത്യേകം താൽപര്യം കാട്ടിയിരുന്നതായി മനസ്സിലാകുന്നു. (S.D.Gollein, Jews and Arabs, Newyork-1955). ചുരുക്കത്തിൽ സ്വന്തമായ പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വികസിപ്പിച്ചെടുത്ത പാരമ്പര്യമോ, വിയർപ്പൊഴുക്കി നേടിയെടുത്ത ഒരവകാശമോ യഹൂദർക്ക് അവകാശപ്പെടാനില്ല. മറ്റുള്ളവരെ ആശ്രയിച്ചും ചൂഷണം ചെയ്തുകൊണ്ടും മാത്രമായിരുന്നു അവർ എന്നും മുന്നോട്ടുഗമിച്ചിരുന്നത്.

### ഇസ്‌ലാമിക സമൂഹങ്ങളിൽനിന്നും യഹൂദർക്ക് ലഭിച്ച സഹിഷ്ണുത

ഇസ്‌ലാമിക സമൂഹങ്ങളിൽനിന്നും യഹൂദർക്ക് ലഭിച്ച സഹിഷ്ണുതയുടെയും ആദരവിന്റെയും അംഗീകാരത്തിന്റെയും കണക്കിനു സമാനമായി യഹൂദരുടെ ചരിത്രത്തിലെവിടെയും അവർക്ക് ലഭിച്ചതായി

പ്രാമാണികമായി തെളിയിക്കാൻ ആർക്കും സാധിക്കുകയില്ല. വ്യത്യസ്ത വിശ്വാസക്കാരായ ജനങ്ങളുടെ വിശ്വാസവും ആചാരങ്ങളും ആദരിക്കപ്പെടണമെന്നും അവരെ അകാരണമായി ആട്ടിയോടിക്കരുതെന്നും ഇസ്‌ലാമിക വിശ്വാസം ആധികാരികമായി മുസ്‌ലിം സമൂഹത്തിനോട് ആവശ്യപ്പെടുന്നതിനാൽ യഹൂദ സമൂഹത്തിനോട് കരുണയിലും കാരുണ്യത്തിലും വർത്തിക്കുകയെന്നത് ഇസ്‌ലാമിക സമൂഹത്തിന്റെ ബാധ്യതയാണ്. വിശിഷ്യാ വേദഗ്രന്ഥത്തിന്റെ അനുയായികളെന്ന നിലയിൽ ചില പ്രത്യേക അവകാശങ്ങളും അനുഭാവപൂർണമായ പരിഗണനയും അവർ അർഹിക്കുന്നു.

അതേസമയം ഈസാ നബിയിലും മർയമിലും ഉസൈറിലും ഏറെ വികലമായ വിശ്വാസവും സങ്കൽപവും പുലർത്തുന്നവരാണ് യഹൂദരും ക്രിസ്ത്യാനികളും. പക്ഷേ, സാമൂഹ്യജീവിതത്തിൽ ഈ വൈകല്യങ്ങൾ നിലനിൽക്കെത്തന്നെ അവരെ സഹോദരങ്ങളായി പരിഗണിക്കുന്ന ഇസ്‌ലാമിന്റെ നിലപാട് സമാനതകളില്ലാത്ത കാരുണ്യത്തിന്റെയും അനുഭാവത്തിന്റെതുമാണ്.

നബി(സ്വ)യുടെ മദീന ജീവിതത്തിലാണ് യഹൂദ സമൂഹം ഏറ്റവുമധികം സ്വാതന്ത്ര്യവും ആനുകൂല്യങ്ങളും അനുഭവിച്ചത്. യഹൂദികളുമായി ഒരു വ്യക്തമായ കരാർതന്നെ നബി(സ്വ) രൂപപ്പെടുത്തി. അവരുടെ വൈകല്യങ്ങൾ നിറഞ്ഞ പരമ്പരാഗത വിശ്വാസത്തിൽ അവർ നിലനിൽക്കെത്തന്നെ അവരുടെ സമ്പത്തിനും അഭിമാനത്തിനും വിശ്വാസത്തിനും ഈ കരാർ സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്നു. ലോകചരിത്രത്തിലെ തന്നെ ഏറെ അത്ഭുതങ്ങൾ നിറഞ്ഞ രേഖപ്പെടുത്തലുകളായിരുന്നു ഈ കരാറിലെ പ്രതിപാദ്യങ്ങൾ.



രണ്ടാം ഖലീഫ ഉമറി(റ)ന്റെ കാലത്ത് ഖലീഫതന്നെ ഏറെ ശ്രദ്ധേയമായ ചില നടപടികളിലൂടെ യഹൂദരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങിയതായി കാണാനാകും. ഇസ്‌ലാമിക സാമ്രാജ്യത്തിന് നികുതിപ്പണം നൽകി സാമാധാന കാംക്ഷികളായി ജീവിച്ചുവരുന്നവർക്ക് സാമ്പത്തിക ബാധ്യതകൾ നിറവേറ്റാൻ ആവശ്യമായ സഹായങ്ങൾ പൊതുഖജനാവിൽനിന്നും നൽകാനും ഖലീഫ ഗവർണർക്ക് നിർദേശം നൽകി. സാമ്പത്തിക പ്രതിസന്ധി കാരണം അവിവാഹിതരായി തുടരുന്നവരെയും സഹായിക്കാൻ അദ്ദേഹത്തിന്റെ പ്രത്യേക കൽപനയുണ്ടായി.

കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ട വൃദ്ധനായ യഹൂദിയുടെ വിഷയത്തിൽ ഇസ്‌ലാമിന്റെ ഖലീഫ സ്വീകരിച്ച കാരുണ്യത്തിൽ അധിഷ്ഠിതമായ നിലപാട് ചരിത്രത്തിലെങ്ങും സുവ്യക്തമാണ്. വീടുകളുടെ വാതിലുകളിൽ യാചകനായി അലഞ്ഞുതിരിയുന്ന ആ മനുഷ്യനോട് അദ്ദേഹത്തിന്റെ പ്രതിബന്ധങ്ങൾ ഖലീഫ ഉമർ(റ) ചോദിച്ചറിഞ്ഞു. അയാളെ ഖലീഫ തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അത്യാവശ്യം സഹായങ്ങൾ ചെയ്തുകൊടുത്തു. ശേഷം തന്റെ ഉദ്യോഗസ്ഥന്മാരെ വിളിച്ച് ഇപ്രകാരം നിർദേശിച്ചു: "ഇതുപോലെയുള്ളവരുടെ യുവത്വം നാം ഉപയോഗപ്പെടുത്തുകയും വാർധക്യത്തിൽ അവരെ വഞ്ചിക്കുകയും ചെയ്യുന്ന നടപടി ശരിയല്ല." പൊതുഖജനാവിൽനിന്നും ഇതുപോലെയുള്ളവരെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാനും ഖലീഫ ഖജനാവ് സൂക്ഷിപ്പുകാരനോട് ആവശ്യപ്പെട്ടു. ജോലി ചെയ്യാൻ കഴിവില്ലാത്ത വൃദ്ധന്മാർ, അന്ധർ തുടങ്ങിയവർക്കുണ്ടായിരുന്ന നികുതിപ്പണം ഖലീഫ റദ്ദു ചെയ്ത് ഉത്തരവായി. അബൂയൂസുഫ് 'കിതാബുൽ ഖറാജി'ലും അബൂഉബൈദ 'അംവാലി'ലും ഈ സംഭവം ഉദ്ധരിച്ചിട്ടുണ്ട്.

**വ്യത്യസ്ത വിശ്വാസക്കാരായ ജനങ്ങളുടെ വിശ്വാസവും ആചാരങ്ങളും ആദരിക്കപ്പെടണമെന്നും അവരെ അകാരണമായി ആട്ടിയോടിക്കരുതെന്നും ഇസ്‌ലാമിക വിശ്വാസം ആധികാരികമായി മുസ്‌ലിം സമൂഹത്തിനോട് ആവശ്യപ്പെടുന്നതിനാൽ യഹൂദ സമൂഹത്തിനോട് കരുണയിലും കാരുണ്യത്തിലും വർത്തിക്കുകയെന്നത് ഇസ്‌ലാമിക സമൂഹത്തിന്റെ ബാധ്യതയാണ്. വിശിഷ്യാ വേദഗ്രന്ഥത്തിന്റെ അനുയായികളെന്ന നിലയിൽ ചില പ്രത്യേക അവകാശങ്ങളും അനുഭാവപൂർണമായ പരിഗണനയും അവർ അർഹിക്കുന്നു. അതേസമയം ഈസാ നബിയിലും മർയമിലും ഉസൈറിലും ഏറെ വികലമായ വിശ്വാസവും സങ്കൽപവും പുലർത്തുന്നവരാണ് യഹൂദരും ക്രിസ്ത്യാനികളും. പക്ഷേ, സാമൂഹ്യജീവിതത്തിൽ ഈ വൈകല്യങ്ങൾ നിലനിൽക്കെത്തന്നെ അവരെ സഹോദരങ്ങളായി പരിഗണിക്കുന്ന ഇസ്‌ലാമിന്റെ നിലപാട് സമാനതകളില്ലാത്ത കാരുണ്യത്തിന്റെയും അനുഭാവത്തിന്റേതുമാണ്.**

കൃഷിയുമായി ബന്ധപ്പെട്ട മേഖലയിലാണ് യഹൂദർ കൂടുതലായി ശ്രദ്ധപുലർത്തിയത്. അവരിൽ നല്ലൊരുഭാഗവും കർഷകരായിരുന്നു. അവരിൽനിന്നും നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തരിശുഭൂമി പാട്ടത്തിനു നൽകുന്ന സംവിധാനം ഖലീഫ ഉമറിന്റെ കാലത്ത് തുടക്കമിട്ടു. കച്ചവടത്തിലും സാങ്കേതികതയിലും വൈദ്യശാസ്ത്രത്തിലും പ്രാഗത്ഭ്യം തെളിയിച്ച് നിരവധി യഹൂദ പ്രമുഖർ ഇക്കാലത്ത് പുരോഗതിയിലെത്തി. പ്രമുഖനായ സേനാനായകൻ ഹജ്ജാജ് ബിൻ യൂസുഫ് അസ്സഖഫിക്ക് പ്രഗത്ഭന്മാരായ രണ്ട് യഹൂദ വൈദ്യന്മാരുടെ സേവനം നിരന്തരം ലഭിച്ചിരുന്നതായി ചരിത്രത്തിൽ കാണാനാകും.

ഇറാക്ക്, സിറിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് മുസ്‌ലിം സമൂഹം കടന്നു ചെന്നപ്പോൾ ഹാർദമായി സ്വാഗതം ചെയ്യുകയും ഏറെ ആഹ്ലാദിക്കുകയും സന്തോഷം പങ്കുവെക്കുകയും ചെയ്തത് ആ നാടുകളിലെ യഹൂദരും ക്രിസ്ത്യാനികളുമായിരുന്നുവെന്ന് ഇന്നത്തെ ക്രിസംഘി സമൂഹം ഒഴികെയുള്ളവർക്കെല്ലാം ബോധ്യമുണ്ട്.

മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ ഇവരെ നിരന്തരമായ പീഡനങ്ങൾക്കിരയാക്കിക്കൊണ്ടിരുന്ന റോമാസാമ്രാജ്യത്തിന്റെ കിരാതവാഴ്ചയിൽനിന്നും രക്ഷനേടാൻ സമാധാനത്തിന്റെയും സത്യസന്ധതയുടെയും പ്രവാചകനായ മുഹമ്മദ്(സ്വ)യുടെ അനുയായികളുടെ സാന്നിധ്യം ഏറെ ഉപകരിക്കുമെന്നായിരുന്നു മർദിതരും പീഡിതരുമായ ആ ജനതയുടെ പ്രതീക്ഷ. അതുലുപരിയായി, ഇസ്‌ലാം സ്വീകരിക്കുന്നവർക്ക് പ്രഖ്യാപിക്കപ്പെട്ട വർധിത ആനുകൂല്യങ്ങളും അവകാശങ്ങളും വേദഗ്രന്ഥത്തിന്റെ അനുയായികളായ യഹൂദ-ക്രിസ്ത്യാനികളെ ഏറെ ആകർഷിച്ചിരുന്നു. ഈ അനുഭവങ്ങൾ കൂട്ടംകൂട്ടമായി സമാധാനത്തിന്റെ ഗേഹമായ ഇസ്‌ലാമിലേക്ക് കടന്നുവരാനും അവരെ പ്രേരിപ്പിച്ചതായി ബലാദുരി 'ഫുതൂഹുൽ ബുൽദാനി'ൽ രേഖപ്പെടുത്തുന്നു.

ഖലീഫമാരുടെ ഭരണകാലത്ത് യഹൂദ-ക്രൈസ്തവ സമൂഹങ്ങളിൽ നിന്നും ജിസ്‌യ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രത്യേക നികുതി പിരിക്കാനുണ്ടായ സാഹചര്യത്തെപ്പറ്റി പ്രമുഖ ചരിത്രപണ്ഡിതനായ ബലാദുരിയുടെ രേഖപ്പെടുത്തലുകൾ ഏറെ കൃത്യമാണ്. അദ്ദേഹം എഴുതുന്നു: "സാമ്പത്തിക ശേഷിയുള്ളവരിൽനിന്നും 48 ദിർഹം, ഇടത്തരക്കാരിൽനിന്നും 24 ദിർഹം, സാധുക്കളിൽനിന്നും 12 ദിർഹം എന്ന കണക്കിലായിരുന്നു നികുതി ഈടാക്കിയിരുന്നത്. സ്ത്രീകൾ, കുട്ടികൾ, വികലാംഗർ, പുരോഹിതന്മാർ തുടങ്ങിയവരെ വിവിധ നികുതിയിൽനിന്നും ഒഴിവാക്കിയിരുന്നു. ഈ നികുതിക്രമം അവർക്ക് ഒരിക്കലും ഒരു ഭാരമായിരുന്നില്ല. പകരം നിർബന്ധ സൈനിക സേവനത്തിൽനിന്നും ഇവർ ഒഴിവാക്കപ്പെട്ടിരുന്നു. ഇസ്‌ലാമിക സൈന്യത്തിന്റെ പ്രത്യേക സംരക്ഷണത്തിന് അവർ തികച്ചും അർഹരും ആയിരുന്നു."

പ്രഖ്യാപിത കരാറുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വഭാവം ഇവരിൽനിന്നും പതിവായിരുന്നു. എന്നിട്ടും അതിന്റെ പേരിൽ മുസ്‌ലിംകൾ അവരെ അക്രമിക്കുകയോ അവരുടെ സമ്പത്തിന് ഹാനികരമാകുന്ന നിലയിൽ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ലെന്നും ചരിത്രപണ്ഡിതനായ ബലാദുരി രേഖപ്പെടുത്തുന്നു. രാജ്യത്തിന് നികുതി നൽകി കഴിയുന്ന യഹൂദ-ക്രൈസ്തവ സമൂഹത്തിന്റെ സുരക്ഷയും സംരക്ഷണവും ഇസ്‌ലാമിക ഖലീഫയുടെ പ്രത്യേക ഉത്തരവാദിത്തത്തിൽ പെട്ടതായിരുന്നു. യഹൂദരുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിയന്ത്രിക്കുന്നതിനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും 'റഅ്സുൽ ജാലൂത്ത്' എന്ന പേരിൽ പ്രത്യേക മതകാര്യ ഉദ്യോഗസ്ഥനെത്തന്നെ ഖലീഫ നിയമിച്ചിരുന്നുവെന്ന് ഇമാം മാവർദി തന്റെ 'അഹ്കാമുസ്സുൽത്വാനിയ്യ'യിൽ രേഖപ്പെടുത്തുന്നു.

'ദാനിയേൽ ഇബ്നു ഹസ്ദായ്' എന്ന യഹൂദ പുരോഹിതൻ യഹൂദികളുടെ പ്രശ്നങ്ങളിൽ വിധികർത്താവായും മതകാര്യവകുപ്പിന്റെ മേധാവിയായും വർത്തിച്ചിരുന്നതായും ചരിത്രം രേഖപ്പെടുത്തുന്നു. ഭരണകാര്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കാൻ പത്തോളം യഹൂദരായ ഉദ്യോഗസ്ഥന്മാരെയും ഭരണകൂടം നിയമിച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ യഹൂദരുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഖലീഫയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും നിരീക്ഷണത്തിലുമായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഈ ചരിത്ര രേഖപ്പെടുത്തലുകൾ.

ഇസ്‌ലാമിക ഖിലാഫത്തിൽ യഹൂദരുടെ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചുമതലനൽകപ്പെട്ട 'ദാനിയേൽ ഹസ്ദായി'യുടെ അധികാരപദവി അദ്ദേഹത്തിന്റെ കാലശേഷവും പരമ്പരാഗതമായി നിലനിന്നുപോന്നു. അധികാരം പരമ്പരാഗതമായി അടുത്തയാളിലേക്ക് കൈമാറിക്കൊണ്ട് നല്ലൊരു കാലത്തോളം ഈ പദവി നിലനിന്നിരുന്നതായി ചരിത്രത്തിൽ കാണാം. ഖലീഫ ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ പ്രത്യേക പ്രശംസക്കും അംഗീകാരത്തിനും അർഹനായ വ്യക്തികൂടിയാണ് യഹൂദരുടെ ചുമതലക്കാരനായിരുന്ന ബുസ്താനിയെന്ന പുരോഹിതൻ. യഹൂദരോട് നല്ലനിലയിൽ വർത്തിക്കാൻ ഉമർ(റ) പ്രത്യേക നിർദ്ദേശവും നൽകിയിരുന്നു. അതിന്റെ രേഖകൾ നാം നേരത്തെ മുകളിൽ സൂചിപ്പിച്ചതാണ്.

ഈജിപ്റ്റിലെ യഹൂദസമൂഹം അനുഭവിച്ചിരുന്ന സുഖസൗകര്യങ്ങളെക്കുറിച്ചും സ്വാതന്ത്ര്യത്തെപ്പറ്റിയും ചരിത്രത്തിൽ പ്രത്യേകം രേഖപ്പെടുത്തലുകൾ കാണാനാകും. ഈജിപ്തിലെ ഒരു പ്രബല ജനവിഭാഗം തന്നെയായിരുന്നു അക്കാലത്ത് യഹൂദർ. അബുൽഹസൻ മുവഫ്ഫിഖ് ശാമുവേൽ(ഹി:684) ആയിരുന്നു ഇവരുടെ മുഖ്യകാര്യദർശി. ഏകദേശം നാൽപതിനായിരത്തിനും എഴുപതിനായിരത്തിനും മധ്യേആയിരുന്നു ഇവരുടെ അക്കാലത്തെ ജനസംഖ്യ. അലക്സാൻഡ്രിയ ഉൾപ്പെടെയുള്ള പ്രമുഖ പട്ടണ സിരാകേന്ദ്രങ്ങളിൽ യഹൂദർ കൂട്ടത്തോടെ കുടിയേറിയതും അവിടങ്ങളിൽ അവരുടെ പ്രമുഖ ആരാധനാലയങ്ങൾ നിർമിച്ചതും ഇക്കാലത്തായിരുന്നു.

യഹൂദ-ക്രൈസ്തവ സമൂഹത്തിന്റെ ആരാധനാപരമായ കാര്യങ്ങളിലോ വ്യക്തിസ്വാതന്ത്ര്യത്തിലോ മുസ്‌ലിം സമൂഹം കൈകടത്തലുകൾ നടത്താതെ സർവസ്വാതന്ത്ര്യത്തോടെ അവരെ വിഹരിക്കാൻ അനുവദിച്ചതും ഇസ്‌ലാമിക ഖിലാഫത്തിന്റെ മഹിമയായി എടുത്തുപറയേണ്ടതാണ്.

അഹ്മദ് ബിൻ ത്വൂലൂൻ ചക്രവർത്തി ക്രി:868-905 കാലഘട്ടത്തിൽ ഈജിപ്തിൽ സ്ഥാപിച്ച പ്രശസ്തമായ ഡോളമെക് (Tulunids) രാജവംശത്തിന്റെ ഭരണകാലത്ത് യഹൂദ സമുദായത്തിൽനിന്നും ഇസ്‌ലാമിലേക്ക് വ്യാപകമായ നിലയിൽ മതപരിവർത്തനമുണ്ടായി. ഇസ്‌ലാമിനെയും പ്രവാചകരെയും സംബന്ധിച്ച് നേരത്തെതന്നെ വേദഗ്രന്ഥങ്ങളിലൂടെയും മതപുരോഹിതന്മാർ വഴിയും വ്യക്തമായ ധാരണകളുണ്ടായിരുന്ന യഹൂദർക്ക് ഇസ്‌ലാമിലേക്കുള്ള കടന്നുവരവ് അതിനാൽ ഒരുപ്രതിബന്ധമായിരുന്നില്ല.

നേരത്തെ അവർക്ക് ചുമത്തപ്പെട്ടിരുന്ന നികുതിപ്പണത്തിൽ നിന്നും ഇളവും ലഭിച്ചു. അഹ്മദ് ബിൻ ത്വൂലൂൻ എന്ന ഭരണാധികാരിയുടെ കൊട്ടാരത്തിൽ നിരവധി യഹൂദപ്രമുഖന്മാരായ വൈദ്യശാസ്ത്ര വിദഗ്ധർ സേവനമനുഷ്ഠിച്ചിരുന്നു. ബാങ്കിങ്-ബിസിനസ് മേഖലകളിൽ പേരും പെരുമയും നേടിയെടുക്കാൻ ഇവർക്ക് ഇതിലൂടെ കഴിഞ്ഞുവെന്നതാണ് മറ്റൊരു പ്രത്യേകത.

ക്രൈസ്തവ-യഹൂദ സമുദായങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് അവരുടെ പുരോഹിതന്മാരാൽ നിയന്ത്രിക്കപ്പെട്ടിരുന്ന മതകോടതികൾക്ക് അനുമതി ലഭിച്ചത് ഈ സമൂഹങ്ങളുടെ സുരക്ഷക്ക് കൂടുതൽ കാരണമായി.

തീവ്ര ശിയാ പാരമ്പര്യത്തിൽ തുടർന്നുവന്ന ഫാത്വിമികളുടെ ഭരണകാലമായിരുന്നു യഹൂദരെ സംബന്ധിച്ചിടത്തോളം സുവർണകാലമെന്ന് പറയാവുന്നത്. യഹൂദർക്ക് ഭരണത്തിലും സമൂഹത്തിലും ഏറ്റവുമധികം ആനുകൂല്യങ്ങളും അവകാശങ്ങളും അവസരങ്ങളും വ്യാപകമായി ലഭിച്ചത് ശിയാ വിശ്വാസക്കാരായ ഫാത്വിമികളുടെ ഭരണകാലത്താണ്. ഫാത്വിമി ഭരണകാലത്ത് ലഭിച്ച എല്ലാ അവസരങ്ങളുമുപയോഗപ്പെടുത്തി ഒരു പ്രമുഖ സമുദായ കക്ഷിയായി വളരാനും ശക്തമായ വേരോട്ടമുണ്ടാക്കാനും യഹൂദർക്ക് സാധിച്ചു.

ഫാത്വിമി ഖലീഫയായ അസീസിന്റെ ഭരണകാലത്ത് ഏറ്റവും സമുന്നതമായ അധികാര പദവികളാണ് യഹൂദർക്ക് ലഭ്യമാക്കിയത്. ഭരണ സിരാകേന്ദ്രങ്ങളിലും മറ്റ് ഉയർന്ന പദവികളിലും യഹൂദർക്ക് ഉന്നതമായ സ്ഥാനമാനങ്ങൾ നിശ്ചയിക്കപ്പെട്ടു.

ഖലീഫ മുസ്തൻസിറിന്റെ കാലത്തും ഈ അവസ്ഥ തുടർന്നുപോന്നു. അദ്ദേഹത്തിന്റെ കാലശേഷക്കാരായ ഭരണാധികാരികളും ഇതിൽനിന്നും ഒട്ടുംകുറവല്ലാത്ത നയങ്ങളും നിലപാടുകളുമാണ് യഹൂദരുടെ വിഷയത്തിൽ സ്വീകരിച്ചത്. യഹൂദരോട് ഫാത്വിമികൾക്കുണ്ടായിരുന്ന മൃദുലമായ നിലപാടുകൾക്കും അനുകൂല നയങ്ങൾക്കും പിന്നിലെ മുഖ്യകാരണവും ഏറെക്കുറെ വ്യക്തമാണ്. ശിയാ വിശ്വാസത്തിന്റെ അടിത്തറ യഹൂദപ്രമുഖനായ അബ്ദുല്ലാഹിബിൻ സബഅ് എന്ന പ്രമുഖനുമായി ബന്ധപ്പെട്ടിരിക്കുന്നതാണ് ഇതിന്റെ മുഖ്യകാരണം. യഹൂദർക്ക് വ്യാപകമായ നിലയിൽ ആരാധനാലയങ്ങളും മഠങ്ങളും നിർമിക്കാൻ ഫാത്വിമി ഭരണാധികാരികൾ നൽകിയ അനുമതി ചരിത്രത്തിൽ ഏറെ വ്യക്തമായിത്തന്നെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

യഹൂദർ ഇക്കാലത്ത് കൈവരിച്ച നേട്ടങ്ങളും പുരോഗതിയും ഏറെ അസൂയാവഹമായിരുന്നുവെന്ന് നിരീക്ഷിച്ചാൽ അതിൽ അത്ഭുതപ്പെടാനില്ല. ഇക്കാലത്ത് യഹൂദർ നേടിയെടുത്ത പുരോഗതിയെപ്പറ്റി പ്രമുഖനായ ഒരു അറബിക്കവി ഇപ്രകാരം എഴുതുന്നു:

"ഇക്കാലത്തെ യഹൂദർ അവരുടെ പ്രതീക്ഷകൾക്കപ്പുറവും കൈവശപ്പെടുത്തിയിരിക്കുന്നു, ആഭിജാത്യവും സമ്പത്തും അവർക്കൊപ്പമാണ്, രാജാവും ഉപദേശിയും എല്ലാം അവരിൽനിന്നു തന്നെ. ഈജിപ്ഷ്യൻ സമൂഹമേ, ഞാൻ നിങ്ങളെ ഉപദേശിക്കുന്നു: നിങ്ങൾ യഹൂദിയാകൂ- നിങ്ങൾക്കും പെട്ടകം ഉറപ്പിക്കാം..."

*(തുടരും)*





# പകുതി വെന്ത വ്യാഖ്യാനം!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**കരിമ്പൂച്ചകൾ**

"1903 സെപ്റ്റംബർ 2: മസീഹ് പറഞ്ഞു: 'അതിസാരം പിടിപെട്ടതിനാൽ ക്ഷീണാധിക്യം മൂലം ശരീരം വല്ലാതെ ദുർബലമായി. ചെറിയൊരു മയക്കത്തിൽ എന്റെ രണ്ടു വശങ്ങളിലും പിസ്റ്റളുമായി രണ്ടുപേർ നിൽക്കുന്നത് ഞാൻ കണ്ടു. ഈ അവസരത്തിലാണ് 'അല്ലാഹുവിന്റെ സുരക്ഷാവലയത്തിൽ' എന്ന് ഇൽഹാം അവതരിച്ചത്" (പേജ് 403).

ഗുരുതരമായ മൂത്രവാർച്ചയും അതിസാരവും അലട്ടിക്കൊണ്ടിരിക്കുമ്പോൾതന്നെ അല്ലാഹുവിന്റെ സുരക്ഷാ വാഗ്ദാനവും തോക്കുധാരികളായ കരിമ്പൂച്ചകളുടെ അകമ്പടിയും ഉണ്ടെങ്കിലും ഒടുവിൽ ഇതേ രോഗങ്ങൾമൂലം തന്നെയാണ് മിർസ മരണപ്പെട്ടത് എന്ന കാര്യം ഓർക്കുക.

**വഹ്‌യ് രോഗിക്ക്!**

"1905ൽ ഭൂകമ്പ സമയത്ത് ഞങ്ങൾ തോട്ടത്തിൽ താമസിക്കവെ, ജമാഅത്തിൽ പെട്ട ആരെയോ സംബന്ധിച്ച് ഒരു വഹ്‌യ് വന്നു: 'അല്ലാഹു രോഗം മാറ്റാൻ ഉദ്ദേശിച്ചിരുന്നില്ല; എന്നാൽ തന്റെ ഔദാര്യത്താൽ തീരുമാനം മാറ്റുകയാണ്.' ഞങ്ങളുടെ കൂടെ തോട്ടത്തിൽ താമസിച്ചിരുന്ന സയ്യിദ് മഹ്ദി ഹുസൈന്റെ ഭാര്യ കടുത്ത പനിയും ജ്വരവും ബാധിച്ച് കിടപ്പിലായിരുന്നു. അങ്ങനെ ദുർബലയും ഒപ്പം ഗർഭിണിയുമായി അങ്ങേയറ്റം നിരാശയിൽ ജീവിക്കുകയായിരുന്നു അവർ. ഞാൻ അവർക്കു വേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ജീവിതം തിരിച്ചുകിട്ടി. പിറ്റേദിവസം അവരുടെ നാവിലൂടെ അല്ലാഹു ഒരു ഇൽഹാം അവതരിപ്പിച്ചു: 'നീ സുഖപ്പെടുമായിരുന്നില്ല. പക്ഷേ, ഹസ്രത്ത് സാഹിബിന്റെ

പ്രാർഥനയുടെ ഫലമായി ഇനി നിന്റെ രോഗം സുഖപ്പെടും'' (പേജ് 459).

പതിവിന് വിപരീതമായി ഇവിടെ 'വഹ്‌യ്' ലഭിക്കുന്നത് പ്രവാചകനല്ല; അദ്ദേഹത്തിന്റെ അനുചരയായ സ്ത്രീക്കാണ്! എല്ലാം ആധുനിക യുഗത്തിലേക്ക് പ്രവാചകനെ നിയോഗിച്ച 'യലാശു'വിന്റെ ലീലാവിലാസങ്ങൾ, അല്ലാതെ എന്തു പറയാൻ!

**മുഹമ്മദീ ബീഗത്തിന്റെ രോഗശാന്തി**

1908 ഏപ്രിൽ മാസം അഥവാ മരിക്കുന്നതിന് ഒരു മാസം മുമ്പ് ഒരാളുടെ രോഗചികിത്സയുമായി ബന്ധപ്പെട്ട് അവതരിച്ച വഹ്‌യുകളെപ്പറ്റിയാണ് ഇനി പറയുന്നത്:

"മിയാൻ മൻസൂർ മുഹമ്മദിന്റെ ഭാര്യ മുഹമ്മദീ ബീഗം മസീഹിന്റെ വീട്ടിലായിരുന്നു താമസം. അവർ ക്ഷയരോഗബാധിതയായിരുന്നു. രോഗം മൂർച്ഛിച്ചപ്പോൾ വഹ്‌യ് അവതരിച്ചു" (ഒന്നല്ല, ഒരു ഡസനോളം വഹ്‌യുകൾ!).

1. 'ഹാമീം. ഇത് തെളിഞ്ഞ ഗ്രന്ഥത്തിലെ ദൃഷ്ടാന്തമാകുന്നു.' (തർജമ: രോഗിയുടെ പേര് ചുരുക്കിപ്പറഞ്ഞതാണ് 'ഹാമീം.'(1) ഇതിൽ അല്ലാഹുവിന്റെ പുസ്തകത്തിൽ നിശ്ചയിച്ച നിരവധി അടയാളങ്ങളുണ്ട് എന്നാണ് തുടർവാചകത്തിന്റെ അർഥം).
2. രോഗി വല്ലാതെ ആർത്ത് കരയുന്നു.
3. ദുഃഖത്തിന്റെ ആലയം.
4. 'നിശ്ചയം, നാം ഈ വീട്ടിലുള്ളവരെയെല്ലാം ഈ പകർച്ച വ്യാധിയിൽനിന്ന് രക്ഷിക്കും.' പിന്നീട് കുറെ മരുന്നുകൾ കാണിച്ചുതന്നു. വീണ്ടും വഹ്‌യ് വന്നു:
5. വമ്പിച്ച ഫലം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
6. രണ്ടാമതും ജീവിതം.
7. ദുർബലപ്പെടുത്തിയ ജീവിതം.
8. ഞാൻ അതിൽനിന്ന് പിൻവാങ്ങുന്നു.
9. അല്ലാഹു അവനിൽ കാരുണ്യം നിശ്ചയിച്ചിരിക്കുന്നു.
10. വിശ്വാസികളെ സഹായിക്കൽ നമ്മുടെ കർത്തവ്യമാകുന്നു.
11. കാരുണ്യത്തിന്റെ മാതൃകകളാണ് ആദ്യം പറഞ്ഞതിലും അവസാനം പറഞ്ഞതിലും. (അതായത് രണ്ടു രോഗികൾ ഉണ്ടായിരുന്നു. അവർക്കായി പ്രാർഥിച്ചപ്പോൾ അല്ലാഹു കരുണ ചൊരിഞ്ഞു).
12. കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും വചനം, നന്ദി വാക്കുകൾ"(പേജ് 637-638).

അറബിയിലും ഉർദുവിലുമായി പന്ത്രണ്ട് വഹ്‌യുകളാണ് മുഹമ്മദീ ബീഗത്തിന്റെ രോഗവുമായി ബന്ധപ്പെട്ട് അവതരിച്ചത്. നിങ്ങൾക്ക് എന്താണ് മനസ്സിലായത്? ആ രോഗി രക്ഷപ്പെട്ടിരിക്കുമോ അതോ മരിച്ചു പോയോ? അക്കാര്യം പക്ഷേ മിർസക്ക് പറയാൻ പറ്റിയില്ല. കാരണം അദ്ദേഹം മെയ് മാസം 26ന് മരിച്ചുപോയി.

(1)മുഹമ്മദീ ബീഗം എന്ന പേരിന്റെ ചുരുക്കമാണ് ഹാമീം എന്നത് ഏതെങ്കിലും ഒരു ഖാദിയാനി വിശ്വാസിക്ക് വിശദീകരിക്കാനാകുമോ?

**പകുതി വെന്ത വ്യാഖ്യാനം**

എന്നാൽ നേരത്തെ ഈ 'വഹ്‌യുകൾ' പ്രസിദ്ധീകരിച്ച 'ബദർ' പത്രാധിപർ അടിക്കുറിപ്പിൽ വിശദീകരിച്ചത് ഇങ്ങനെയാണ്:

"മുഹമ്മദീ ബീഗം 1908 ഒക്ടോബർ 9ന് മരിച്ചു. അവസാനകാലം വളരെ മോശമായ സ്ഥിതിയായിരുന്നു എന്നാണ് കേട്ടത്. അതാണല്ലോ എന്റെ മഹാനായ നേതാവ്, മസീഹ് മൗഊദ് 'ദുഃഖത്തിന്റെ ആലയം' എന്നു പറഞ്ഞത്. ക്ഷയരോഗം വല്ലാതെ പകരുന്നതാണല്ലോ. അതിനാലാണ് 'ഈ വീട്ടിലുള്ളവരെല്ലാം പകർച്ചവ്യാധിയിൽനിന്ന് രക്ഷിക്കും' എന്ന സന്തോഷ വാർത്ത അറിയിക്കപ്പെട്ടത്. ഇതാകട്ടെ അവശിഷ്ട ദിനങ്ങളിൽ രോഗിക്കും ആശ്വാസം ലഭിക്കുന്നതായിരുന്നു. അവർക്ക് 'രണ്ടാമതും ജീവിതം' ലഭിച്ചു. എന്നാൽ 'ദുർബലപ്പെടുത്തിയ ജീവിത'മായിരുന്നു അത്" (അടിക്കുറിപ്പ്).

എങ്ങനെയുണ്ട് വിശദീകരണം? ഖാദിയാനിയാവാൻ ഇദ്ദേഹം പരമയോഗ്യൻ തന്നെ! പത്രാധിപരാക്കിയത് വെറുതെയല്ല. എന്നാൽ ഇനിയുമുണ്ടല്ലോ വഹ്‌യുകൾ അഞ്ചാറെണ്ണം കൂടി. അവയെപ്പറ്റി വിശദീകരിക്കേണ്ടതില്ലേ? 'വിശ്വാസികളെ സഹായിക്കൽ നമ്മുടെ കർത്തവ്യമാണെന്നും കാരുണ്യം വർഷിക്കു'മെന്നും മറ്റും!

പിന്നെ കുറെ മരുന്നുകൾ കാണിച്ചുകൊണ്ട് പറഞ്ഞല്ലോ 'വമ്പിച്ച ഫലം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു' എന്ന്. ആ മരുന്നുകൾ കൊടുത്തില്ലായിരുന്നോ? പത്രാധിപർ വിശദീകരിച്ച് ക്ഷീണിച്ചു പോയി അല്ലേ? ആരായാലും പ്രയാസപ്പെടും. തനിക്ക് വ്യാഖ്യാനിച്ച് ഒപ്പിക്കാൻ കഴിയുന്നവ മാത്രം തിരഞ്ഞെടുത്തു വിശദീകരിക്കുന്നു, മറ്റുള്ളവ സൗകര്യംപോലെ മറന്നുകളയുന്നു. ആരെയാണ് ഇവർ പറ്റിക്കാൻ ഉദ്ദേശിക്കുന്നത്? സ്വന്തം അനുയായികൾ ഏതായാലും അണ്ണാക്കുതൊടാതെ വിഴുങ്ങിക്കോളും. മറ്റുള്ളവർ അൽപം ശ്രദ്ധ ചെലുത്തിയാൽ കാര്യം ഗ്രഹിക്കുകയും ചെയ്യും. അഥവാ രക്ഷപ്പെട്ടാൽ പ്രവചനം പുലർന്നു എന്ന് വിളിച്ചുകൂവാൻ എന്തെങ്കിലുമൊക്കെ എഴുതിവച്ചിട്ടുണ്ടാകും. അല്ലെങ്കിലും ഏതോ ഒരു പെണ്ണിന് വേണ്ടി, അവൾ കാമുകിയുടെ പേരുകാരിയാണെങ്കിലും, ഇത്രയേറെ വഹ്‌യുകൾ നൽകേണ്ടിയിരുന്നോ? ഒരു പാകത്തിനായിരുന്നെങ്കിൽ അനുയായികൾക്ക് പിടിച്ചുനിൽക്കാമായിരുന്നു.

വീട്ടിലുള്ളവർക്കൊക്കെ രക്ഷ വാഗ്ദാനം ചെയ്യത് പ്ലേഗുമായി ബന്ധപ്പെട്ട വഹ്‌യ് ആണെന്നാണ് മിർസതന്നെ പലയിടത്തും എഴുതിവച്ചിട്ടുള്ളത്. അതേ വചനത്തെ തന്നെയാണ് ഇവിടെ മുഹമ്മദീ ബീഗത്തിന്റെ ക്ഷയരോഗവുമായി ബന്ധപ്പെടുത്തിയിട്ടുള്ളത് എന്നു കൂടി കൂട്ടിവായിക്കുക ■

ഖുർആൻ ദർശനം
തഫ്സീറുസ്സഅ്ദി

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

وَبَدَا لَهُمْ سَيِّـَٔاتُ مَا كَسَبُوا۟ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٤٨﴾

فَإِذَا مَسَّ ٱلْإِنسَـٰنَ ضُرٌّ دَعَانَا ثُمَّ إِذَا خَوَّلْنَـٰهُ نِعْمَةً مِّنَّا قَالَ إِنَّمَآ أُوتِيتُهُۥ عَلَىٰ عِلْمٍۭ ۚ بَلْ هِىَ فِتْنَةٌ وَلَـٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٤٩﴾

قَدْ قَالَهَا ٱلَّذِينَ مِن قَبْلِهِمْ فَمَآ أَغْنَىٰ عَنْهُم مَّا كَانُوا۟ يَكْسِبُونَ ﴿٥٠﴾

فَأَصَابَهُمْ سَيِّـَٔاتُ مَا كَسَبُوا۟ ۚ وَٱلَّذِينَ ظَلَمُوا۟ مِنْ هَـٰٓؤُلَآءِ سَيُصِيبُهُمْ سَيِّـَٔاتُ مَا كَسَبُوا۟ وَمَا هُم بِمُعْجِزِينَ ﴿٥١﴾

أَوَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٥٢﴾

قُلْ يَـٰعِبَادِىَ ٱلَّذِينَ أَسْرَفُوا۟ عَلَىٰٓ أَنفُسِهِمْ لَا تَقْنَطُوا۟ مِن رَّحْمَةِ ٱللَّهِ ۚ إِنَّ ٱللَّهَ يَغْفِرُ ٱلذُّنُوبَ جَمِيعًا ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٥٣﴾

48. അവർ സമ്പാദിച്ചതിന്റെ ദൂഷ്യങ്ങൾ അവർക്ക് വെളിപ്പെടുകയും ചെയ്യും. എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചുകൊണ്ടിരിക്കുന്നുവോ അത് അവരെ വലയം ചെയ്യുകയും ചെയ്യും.
49. എന്നാൽ മനുഷ്യന് വല്ല ദോഷവും ബാധിച്ചാൽ നമ്മോടവൻ പ്രാർഥിക്കുന്നു. പിന്നീട് നാം അവന്ന് നമ്മുടെ പക്കൽനിന്നുള്ള വല്ല അനുഗ്രഹവും പ്രദാനം ചെയ്താൽ അവൻ പറയും; അറിവിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് തനിക്ക് അത് നൽകപ്പെട്ടിട്ടുള്ളത് എന്ന്. പക്ഷേ, അത് ഒരു പരീക്ഷണമാകുന്നു. എന്നാൽ അവരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല.
50. ഇവരുടെ മുമ്പുള്ളവരും ഇപ്രകാരം പറയുകയുണ്ടായിട്ടുണ്ട്. എന്നാൽ അവർ സമ്പാദിച്ചിരുന്നത് അവർക്ക് പ്രയോജനപ്പെടുകയുണ്ടായില്ല.
51. അങ്ങനെ അവർ സമ്പാദിച്ചിരുന്നതിന്റെ ദൂഷ്യങ്ങൾ അവർക്ക് ബാധിച്ചു. ഇക്കൂട്ടരിൽനിന്ന് അക്രമം ചെയ്തിട്ടുള്ളവർക്കും തങ്ങൾ സമ്പാദിച്ചതിന്റെ ദൂഷ്യങ്ങൾ ബാധിക്കാൻ പോകുകയാണ്. അവർക്ക് (നമ്മെ) തോൽപിച്ചുകളയാനാവില്ല.
52. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കിക്കൊടുക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു എന്ന് അവർ മനസ്സിലാക്കിയിട്ടില്ലേ? വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.
53. പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും.

48) (അവർ സമ്പാദിച്ചതിന്റെ ദൂഷ്യങ്ങൾ അവർക്ക് വെളിപ്പെടുകയും ചെയ്യും) അവരെ മോശമായി ബാധിക്കുന്ന കാര്യങ്ങൾ, അവരുടെ പ്രവർത്തനഫലമായി ഉണ്ടായത്. (എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചുകൊണ്ടിരിക്കുന്നുവോ അത് അവരെ വലയം ചെയ്യുകയും ചെയ്യും) അവരിപ്പോൾ അനുഭവിക്കുന്ന ശിക്ഷ നേരത്തെ അവർ പരിഹസിച്ചതായിരുന്നു.

49) മനുഷ്യന്റെ ഒരു സ്വഭാവപ്രകൃതിയാണ് ഇവിടെ പരാമർശിക്കുന്നത്. അവന് വിഷമങ്ങളോ രോഗങ്ങളോ ബുദ്ധിമുട്ടുകളോ ബാധിക്കുമ്പോൾ; (നമ്മോടവൻ പ്രാർഥിക്കുന്നു) തന്നെ ബാധിച്ചത് നീക്കിത്തരാൻ നിർബന്ധിച്ചുകൊണ്ട്. (പിന്നീട് നാം അവന് നമ്മുടെ പക്കൽ നിന്നുള്ള വല്ല അനുഗ്രഹവും പ്രദാനം ചെയ്താൽ) അവന്റെ ബുദ്ധിമുട്ട് നീക്കിയാൽ അവൻ

തന്റെ രക്ഷിതാവിൽ അവിശ്വസിക്കും. തനിക്ക് കിട്ടിയ ഗുണത്തെ നിഷേധിക്കുകയും ചെയ്യും. (അവൻ പറയും: അറിവിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് തനിക്ക് അത് നൽകപ്പെട്ടിട്ടുള്ളത്) അതായത് അല്ലാഹു അറിഞ്ഞു തന്നതാണ്; ഞാനതിന് അവകാശിയായതുകൊണ്ട്. അതല്ലെങ്കിൽ അത് നേടാനുള്ള വഴി എനിക്കറിയാവുന്നതുകൊണ്ട് എനിക്ക് കിട്ടി.

അല്ലാഹു പറയുന്നു: (അത് ഒരു പരീക്ഷണമാകുന്നു) അതിലൂടെ അല്ലാഹു തന്റെ ദാസന്മാരെ പരീക്ഷിക്കുന്നു; അവർ നന്ദിചെയ്യുമോ നന്ദികേട് കാണിക്കുമോ എന്ന്. (അവരിൽ അധികപേരും അത് മനസ്സിലാക്കുന്നില്ല) പരീക്ഷണത്തെയാണ് അവർ ദാനമായി വിചാരിച്ചത്. അത് ശരിയല്ല. അത് കുഴപ്പമോ നല്ലതോ എന്നുറപ്പില്ലാത്തതുമായതിൽ അവർ ആശയക്കുഴപ്പത്തിലാണ്.

50) അല്ലാഹു പറയുന്നു: (ഇവരുടെ മുമ്പുള്ളവരും ഇപ്രകാരം പറയുകയുണ്ടായിട്ടുണ്ട്) അവർ പറഞ്ഞത്; (അറിവിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് തനിക്ക് അത് നൽകപ്പെട്ടിട്ടുള്ളത്) (39:49). നിഷേധികൾക്കിത് അനന്തരമായി കൈമാറ്റം ചെയ്യപ്പെട്ട് ലഭിക്കുന്നതു മാത്രമാണ്. തങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹമാണെന്ന് അവർ അംഗീകരിക്കുന്നില്ല. അവനോടൊരു ബാധ്യതയുണ്ടെന്നും അവർ മനസ്സിലാക്കുന്നില്ല. അവർ നശിക്കുന്നതുവരെ ഇതവർ തുടർന്നുകൊണ്ടിരിക്കും. (എന്നാൽ അവർ സമ്പാദിച്ചിരുന്നത് അവർക്ക് പ്രയോജനപ്പെടുകയുണ്ടായിട്ടില്ല) ശിക്ഷ വന്നപ്പോൾ.

51) (അങ്ങനെ അവർ സമ്പാദിച്ചിരുന്നതിന്റെ ദൂഷ്യങ്ങൾ അവർക്ക് ബാധിച്ചു) ദൂഷ്യങ്ങൾ എന്ന് പറയുന്നതുകൊണ്ട് ഉദ്ദേശ്യം ഇവിടെ ശിക്ഷയാണ്. ശിക്ഷ മനുഷ്യന് ദോഷകരവും ദുഃഖകരവുമാണ്. (അക്രമം ചെയ്തിട്ടുള്ളവർക്കും തങ്ങൾ സമ്പാദിച്ചതിന്റെ ദൂഷ്യങ്ങൾ ബാധിക്കാൻ പോകുകയാണ്) അവർ ഇവരെക്കാൾ ഉത്തമരല്ല. ഏടുകളിൽ അവർ ഒഴിവാണെന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

52) അവർ തങ്ങളുടെ സമ്പത്തിൽ വഞ്ചിതരാവുകയും അവർക്ക് സമ്പത്ത് ലഭിച്ചത് അവർ നല്ലവരായതുകൊണ്ടാണെന്ന് അറിവില്ലാതെ വാദിക്കുകയും ചെയ്തപ്പോൾ അല്ലാഹു ആ ധാരണ തിരുത്തിക്കൊണ്ട് പറഞ്ഞു: (അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കിക്കൊടുക്കുന്നു) തന്റെ അടിമകൾക്ക് അവൻ, നല്ലവരോ അല്ലാത്തവരോ എന്ന് നോക്കിയല്ല അത് നൽകുന്നത്. ഉപജീവനത്തിൽ എല്ലാവരും പങ്കുചേരുന്നു. വിശ്വാസവും സൽപ്രവർത്തനവും അവൻ നല്ലവർക്ക് പ്രത്യേകം നൽകുന്നു. (വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്) ഉപജീവനം വിശാലമായി നൽകുന്നതിലും കുടുസ്സാക്കുന്നത്തിലുമെല്ലാം. അതിന്റെ കാരണം അല്ലാഹുവിന്റെ യുക്തിയും കാരുണ്യവും മാത്രമാണ്. അവനാണ് തന്റെ ദാസനെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ. സമ്പത്ത് കുടുസ്സാക്കുന്നതിലും അവന്റെ ദയയുണ്ട്. ഒരുപക്ഷേ, അത് അവന് വിശാലമായി നൽകിയാൽ അവൻ അക്രമിയായേക്കും. അതിനാൽ, അങ്ങനെ ചെയ്യുന്നതിലൂടെ അവരുടെ സന്തോഷത്തിന്റെയും സമൃദ്ധിയുടെയും അടിസ്ഥാനമായ അവരുടെ മതകീയ താൽപര്യങ്ങൾ അവൻ പരിപാലിക്കുന്നു.

53). അതിക്രമം പ്രവർത്തിച്ച തന്റെ ദാസന്മാർക്കുള്ള ഒരറിയിപ്പാണിവിടെ. അതായത് അധികമായി തെറ്റുകൾ പ്രവർത്തിച്ചവർക്കുള്ളത്. തന്റെ കരുണയുടെ വിശാലത പറയുന്നതോടൊപ്പം തെറ്റിൽനിന്ന് മടങ്ങാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു; ഇതുവരെയും മടങ്ങാൻ കഴിയാത്തവർക്ക്. (പറയുക) പ്രവാചകരേ, അതല്ലെങ്കിൽ ആ ദൗത്യം ഇപ്പോൾ നിർവഹിക്കുന്ന ദീനീ പ്രബോധകരേ. നിങ്ങൾ അവരുടെ രക്ഷിതാവിൽനിന്നുള്ള ഒരറിയിപ്പായി പറയുക. (സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ) മനസ്സിന്റെ പ്രേരണയാൽ തെറ്റ് ചെയ്തവർ, അദൃശ്യജ്ഞാനിയായ അല്ലാഹുവിന്റെ അനിഷ്ടങ്ങൾ പ്രവർത്തിച്ചവർ. (അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്) നിരാശ നാശത്തിലേക്കെത്തിക്കും. നിങ്ങൾ പറയുന്നു; ഞങ്ങൾ ധാരാളം തെറ്റു ചെയ്തു, അപാകതകൾ കടന്നുകൂടി. അത് നീക്കിക്കിട്ടാൻ യാതൊരു വഴിയും ഞങ്ങളുടെ മുമ്പിലില്ല. അതിനാൽ തെറ്റുകൾ ചെയ്തുകൊണ്ടേയിരിക്കുന്നു എന്ന്. പരമകാരുണികന്റെ കോപം നേടിക്കൊണ്ടേയിരിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ അറിയണം. അവന്റെ ഔദാര്യത്തെ അറിയിക്കുന്ന നാമങ്ങളെയും.

നിങ്ങൾ അറിഞ്ഞേക്കുക: (അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്) അത് ശിർക്കോ കൊലപാതകമോ വ്യഭിചാരമോ പലിശയോ അക്രമമോ മറ്റേത് പാപവുമാകാം. (അവൻ ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവരുമാണ്) അവന്റെ വിശേഷണങ്ങളായി പ്പറഞ്ഞത് കാരുണ്യവും പാപമോചനവുമാണ്. അവ രണ്ടും അനുബന്ധങ്ങളാണ്. ഈ രണ്ടു ഗുണങ്ങളും അനിവാര്യവും സ്ഥിരവുമാണ്. അവൻ എപ്പോഴും അങ്ങനെയാണ്. അവന്റെ കാരു ണ്യം പ്രപഞ്ചത്തിൽ ഉടനീളം പ്രകടമാണ്. അതിന് പ്രതിഫലനങ്ങളുണ്ട്. അതിലവ കാണപ്പെടും. അവയിൽനിന്ന് സദാ ഗുണങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. രാത്രിയിലും പകലിലും രഹസ്യമായും പരസ്യമായും ദാസന്മാർക്ക് അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടേയിരിക്കും. അവന് നൽകാനാണിഷ്ടം. കാരുണ്യം അവന്റെ കോപത്തെ അതിജയിച്ചിരിക്കുന്നു. എങ്കിലും അവന്റെ പാപമോചനവും കാരുണ്യവും ലഭിക്കുവാൻ കാരണങ്ങളുണ്ടാകണം. അത് ദാസന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെങ്കിൽ കാരുണ്യത്തിന്റെയും പാപമോചനത്തിന്റെയും കവാടങ്ങൾ അവനുനേരെ അടക്കപ്പെടും. ഇതിൽ ഏറ്റവും മഹത്തായ ഒരു മാർഗം-യഥാർഥത്തിൽ ഒരേയൊരു മാർഗം-ആത്മാർഥമായ പശ്ചാപത്തോടെ അല്ലാഹുവിലേക്ക് മാത്രം തിരിയുക, അവനോട് പ്രാർഥിക്കുക, അവനോട് അപേക്ഷിക്കുക, അവനോട് ഭക്തി കാണിക്കുക, അവനെ ആരാധിക്കുക എന്നതാണ്. വരൂ, ഈ മഹത്തായ നിമിത്തങ്ങളിലേക്ക്, ഉന്നതമായ മാർഗത്തിലേക്ക്.

# പ്രജകളെ സ്നേഹിച്ച ഭരണാധികാരി

**അർഷദ് അൽഹികമി, താനൂർ**

ഒരു കച്ചവടസംഘം മദീനയിലെത്തിയ വാർത്ത ഖലീഫ ഉമർ(റ) അറിഞ്ഞു. അവർ മദീനാപള്ളിയുടെ അരികിലാണ് തമ്പടിച്ചിരുന്നത്. രാത്രിയായപ്പോൾ പതിവുപോലെ പ്രജകളുടെ കാര്യങ്ങൾ അന്വേഷിക്കാൻ ഉമർ(റ) പുറത്തിറങ്ങി. അപ്പോഴാണ് ഒരു കൊച്ചുകുഞ്ഞിന്റെ കരച്ചിൽ ഉമർ(റ) കേൾക്കുന്നത്. വിശന്നിട്ടാണ് ആ കുഞ്ഞ് കരയുന്നതെന്ന് അവിടെ ചെന്ന് അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന് മനസ്സിലായി.

കുഞ്ഞിന് പാലു നൽകാൻ ഖലീഫ ഉമർ(റ) കുഞ്ഞിന്റെ ഉമ്മയോട് ആവശ്യപ്പെട്ടു. കുഞ്ഞിന്റെ വിഷയത്തിൽ നീ അല്ലാഹുവിനെ സൂക്ഷിക്കണം എന്നും അവരെ ഉമർ(റ) ഉണർത്തി. അദ്ദേഹം പുറത്തിറങ്ങി.

എന്നാൽ അധികം വൈകിയില്ല, ആ കുഞ്ഞിന്റെ കരച്ചിൽ വീണ്ടുമുയർന്നു. അതു കേട്ടതും കുഞ്ഞിനെ ഓർത്തുള്ള ദുഃഖവും ഉമ്മയോടുള്ള ദേഷ്യവും ഉമർ(റ)വിന്റെ മനസ്സിൽ നിറഞ്ഞു. കുഞ്ഞിന്റെ ഉമ്മയുടെ അടുത്തെത്തി ഉമർ(റ) അവരെ താക്കീത് ചെയ്തു.

തന്റെ മുന്നിൽ നിൽക്കുന്നത് ഖലീഫയാണെന്ന കാര്യം അറിയാതെ ആ സ്ത്രീ ഇങ്ങനെ പറഞ്ഞു:

“നിങ്ങൾക്കെന്തറിയാം? ഉമറിന്റെ ഭരണത്തിനു കീഴിൽ റേഷൻ (ഭക്ഷ്യവസ്തുക്കൾ) കിട്ടുക മുലകുടി നിർത്തിയ കുട്ടികൾക്കാണ്. അതിനാൽ ഈ കുട്ടിയുടെ ഓഹരി കിട്ടാൻ ഞാൻ അതിന്റെ പാലുകുടി നിർത്തുകയാണ്.”

ആ സ്ത്രീയുടെ സംസാരം കേട്ടപ്പോൾ ഉമറി(റ)ന്റെ കണ്ണുകൾ നിറഞ്ഞു. വീട്ടിൽ തിരിച്ചെത്തിയ ഉമർ(റ) പൊട്ടിക്കരഞ്ഞു. ഉമറി(റ)ന്റെ ഭരണത്തിൽ ഒരു കുഞ്ഞിന് അവന്റെ അവകാശം തടയപ്പെടുകയോ? ഞാൻ കാരണം ഒരു കുഞ്ഞ് വിശന്നു കരയുകയോ? അങ്ങനെ സംഭവിച്ചുകൂടാ...

സുബ്ഹി നമസ്കാരം കഴിഞ്ഞശേഷം ജനങ്ങളോടായി ഉമർ(റ) പ്രഖ്യാപിച്ചു: “ഇനി മുതൽ ആരുംതന്നെ റേഷൻ ലഭിക്കാനായി കുഞ്ഞുങ്ങളുടെ മുലകുടി നിർത്തേണ്ടതില്ല. എല്ലാ കുട്ടികൾക്കും ഇന്നു മുതൽ റേഷൻ നൽകുന്നതായിരിക്കും.”

കൂട്ടുകാരേ, രണ്ടാം ഖലീഫയായ ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ, ജനങ്ങളോടുള്ള സ്നേഹമാണ് ഈ സംഭവം മനസ്സിലാക്കിത്തരുന്നത്. ഭരണാധികാരിയായ താൻ ജനങ്ങളോട് നീതി പാലിച്ചില്ലെങ്കിൽ അല്ലാഹു തന്നെ ശിക്ഷിക്കുമല്ലോ എന്ന ഭയംകൊണ്ടാണ് അദ്ദേഹം രാത്രിയിൽ പോലും ജനങ്ങളുടെ സ്ഥിതിഗതികൾ കണ്ടറിയാനായി ചുറ്റിസഞ്ചരിച്ചിരുന്നത്.



WISDOM BOOKS
പുറത്തിറങ്ങി..!!!
₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ
WISDOM BOOKS
ആരാധനകളുടെ ആത്മാവ്
ഇമാം ഇബ്നുൽ ഖയ്യിം
വിവ: ശമീർ മദീനി
WISDOM BOOKS
പ്രകാശം പരത്തിയ പ്രവാചകന്മാർ
ഭാഗം 5
الشيخ حسين السلفي
ഹുസൈൻ സലഫി
أُولَٰئِكَ الَّذِينَ هَدَى اللَّهُ ۖ فَبِهُدَاهُمُ اقْتَدِهْ
WISDOM BOOKS
വിശ്വാസത്തിന്റെ അടിത്തറകൾ
ഭാഗം 2
ഉമർ കോയ മദീനി
CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
23 December 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm